
# അൽഹഖ്

സുഹൂർ 1392 | റമദാൻ – ശവ്വാൽ 1434 | കർക്കിടകം – ചിങ്ങം 1188

VOL :21
ISSUE: 08

ALHAQ
AUGUST 2013



വിവാഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

◆

കിഫാഅത്ത്(ചേർച്ചകൾ)

◆

ഭാര്യാമർദ്ദന ശപഥം

◆

സ്കൈപ്പും ഫേസ്ബുക്കും

◆

സന്താനശിക്ഷണം

◆

സ്ത്രീകളോടുള്ള പെരുമാറ്റം

◆

നല്ല ദാമ്പത്യജീവിതം

◆

സ്ത്രീകൾക്ക്
കൂടുതൽ അവകാശം

◆

ലജ്ജയോ നിർലജ്ജയോ ?

◆

ഭവനങ്ങളെ
സ്വർഗ സമാനമാക്കുക

## അഹ്മദി ഭവനങ്ങൾ മാതൃകയാവണം

ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

ജനങ്ങൾ അവരുടെ സ്രഷ്ടാവുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുകയും ദാസരോടുള്ള കടമകളെ പരിഗണിച്ചുകൊണ്ട് സമാനതകളില്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക എന്നതാണ് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ രണ്ടാം വരവിന്റെ ഉദ്ദേശ്യം. ഓരോ അഹ്മദിയും ഈ അടിസ്ഥാന വസ്തുതയെ കൺമുന്നിൽവെച്ചുകൊണ്ട് തങ്ങളുടെ ജീവിതം കഴിച്ചു കൂട്ടേണ്ടതാണ്. അവരുടെ കുടുംബ ജീവിതവും മറ്റുള്ളവർക്കായി മാതൃകയാകേണ്ടതാണ്. നിസാര കാര്യങ്ങളാൽ ഭവനാന്തരീക്ഷം പ്രഭാവിതമാകരുത്. തങ്ങളിൽ സഹനശക്തിയും വിശാല ആത്മവിശ്വാസവും സംജാതമാക്കുക. ചുറ്റുപാടുകളെ സമാധാനപരമാക്കുക. ദുആ ചെയ്തും കൊണ്ടിരിക്കുക. ഓരോ അഹ്മദിയും ദുആയെയും ഭയഭക്തിയെയും നന്മയെയും അടിസ്ഥാനമാക്കുകയാണെങ്കിൽ ഇൻശാ അല്ലാഹ് അവർക്ക് ഒരു സംതൃപ്ത കുടുംബ ജീവിതം കരസ്ഥമാകുന്നതാണ്.

*(സന്ദേശം, അഹ്മദിയ്യ ഗസറ്റ്)*




അൽഹഖ്

# ചരിത്രം

ഇഷ്

## ഇന്ത്യൻ സ്വാതന്ത്ര്യത്തിന് ബ്രിട്ടനിൽ സർ സഫറുല്ലാഹ് ഖാൻ സാഹിബിന്റെ പ്രസംഗം



ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

1945 മാർച്ചിൽ ഷേതം ഹൗസ് ലണ്ടനിൽ റയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ അഫയേർസ് ന്റെ ആഭിമുഖ്യത്തിൽ കോമൺവെൽത്ത് പ്രതിനിധികളുടെ ഒരു കോൺഫ്രൻസ് സംഘടിപ്പിച്ചിരുന്നു. ഇന്ത്യയിൽ നിന്നുള്ള ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികളിൽ **ഹദ്റത്ത് ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ** സാഹിബും ഉണ്ടായിരുന്നു.

**അദ്ദേഹം പറയുന്നു:** ഉദ്ഘാടന സെഷനിൽ ഓരോ രാജ്യത്തിന്റേയും സംഘത്തലവന് അഞ്ച് മിനിറ്റ് വീതം സംസാരിക്കാൻ അവസരം തരുകയുണ്ടായി. എന്റെ ഊഴമെത്തിയപ്പോൾ ലോകമഹായുദ്ധത്തിൽ ഇന്ത്യയിലെ ജനങ്ങൾ ബ്രിട്ടൻ സർക്കാറുമായി സഹകരിച്ചത് വിവരിച്ചതിനു ശേഷം ഞാൻ പറഞ്ഞു; 'കോമൺവെൽത്തിലെ രാഷ്ട്രീയ നേതാക്കളേ! 25 ലക്ഷം ഇന്ത്യൻ മക്കൾ ബ്രിട്ടന്റെ സ്വാതന്ത്ര്യ സംരക്ഷണത്തിനു വേണ്ടി പോരാടുകയുണ്ടായി. പക്ഷേ ഇന്ത്യ ഇപ്പോഴും തങ്ങളുടെ സ്വാതന്ത്ര്യപ്രതീക്ഷയുമായി അപേക്ഷകരായി നിൽക്കുകയാണെന്നത് എത്ര ക്രൂരമായ തമാശയാണ്. ഒരു ഉദാഹരണത്തിലൂടെ ഞാൻ ഇത് വിശദമാക്കാം, ചൈന ഭൂവിസ്തൃതിയിലും ജനസംഖ്യയിലും ഇന്ത്യയെക്കാളും മുന്നിലാണെങ്കിലും മറ്റെല്ലാ രംഗത്തും ബഹുദൂരം പിന്നിലാണ്. വിദ്യാഭ്യാസം, കരകൗശലം, വ്യവസായം, സഞ്ചാരം, വാർത്താവിനിമയം തുടങ്ങിയ സൗകര്യങ്ങളുടെ കാര്യങ്ങളിലെല്ലാം ഇന്ത്യ ചൈനയേക്കാളും ഏറെ മുന്നിലാണ്. എന്നിട്ടും ചൈന വൻശക്തികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നു. ഇന്ത്യയാകട്ടെ ഒരു കാര്യത്തിലും ഗണിക്കപ്പെടുന്നില്ല. ഇതിനുള്ള ഒരേയൊരു കാരണം ചൈന സ്വതന്ത്ര രാഷ്ട്രമാണെന്നതും ഇന്ത്യ അടിമരാഷ്ട്രമാണെന്നതുമല്ലേ? എന്നാൽ ഈ അവസ്ഥ ഏറെ നാൾ നിലനിൽക്കുകയില്ല.
**ഇന്ത്യ ഉണർന്നു കഴിഞ്ഞിരിക്കുന്നു, സ്വാതന്ത്ര്യം നേടിയേ അടങ്ങൂ.....'**



മീറ്റിംഗ് ഉച്ചക്കായിരുന്നു. വൈകുന്നേരത്തെ സ്റ്റാർ പത്രത്തിൽ എന്റെ പ്രസംഗത്തിലെ മേൽ വാചകങ്ങൾ വലിയ അക്ഷരങ്ങളിൽ അച്ചടിച്ച് വന്നിരുന്നു. കുറച്ച് കാലത്തിനു ശേഷം കോൺഗ്രസ് നേതാവ് ആസിഫ് അലി എന്നോട് പറയുകയുണ്ടായി, താങ്കൾ ലണ്ടനിൽ പ്രസംഗിക്കുമ്പോൾ **ജവഹർ ലാൽ നെഹ്റു** അടക്കമുള്ള കോൺഗ്രസ് നേതാക്കൾ ഔറംഗാബാദ് ജയിലിനകത്ത് റേഡിയോയിലൂടെ കോൺഫ്രൻസ് വാർത്തകൾ കേൾക്കുകയായിരുന്നു. താങ്കൾ **'കോമൺവെൽത്തിലെ രാഷ്ട്രീയ നേതാക്കളേ !'** എന്ന് പറഞ്ഞ് ശബ്ദമുയർത്തിയപ്പോൾ ഞങ്ങൾ കുറേക്കൂടി ശ്രദ്ധാപൂർവം പ്രസംഗം മുഴുവൻ കേട്ടു. നെഹ്റു തന്റെ കാത് റേഡിയോവിന്റെ അടുത്തേക്ക് പിടിക്കുകയുണ്ടായി. പ്രസംഗം തീർന്നപ്പോൾ അദ്ദേഹം പറഞ്ഞു; **'ഇദ്ദേഹം നമ്മേക്കാളും നിർഭയനായി ബ്രിട്ടീഷ് സർക്കാറിന്ന് മുന്നറിയിപ്പ് കൊടുത്തല്ലോ!** (തഹ്ദീസെ നിഅ്മത്ത്)




തഫ്‌സീർ



# വിവാഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ഹദ്‌റത്ത് മസീഹ് മൗഊദ് (അ)



*"വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാവുന്നത് വിവാഹത്തിന് മൂന്ന് പ്രയോജനങ്ങളുണ്ടെന്നാണ്. 1) ചാരിത്ര്യശുദ്ധി, തിന്മകളിൽ നിന്നുള്ള മോചനം 2) ആരോഗ്യ സംരക്ഷണം 3) സന്താന ലബ്ധി"*

തിന്മകളിൽ നിന്ന് മോചനം ലഭിക്കുകയെന്ന ഉദ്ദേശ്യത്തോടെ വിവാഹം ചെയ്യാനും സൽസന്താനങ്ങളെ ലഭിക്കാൻ പ്രാർഥിക്കാനും വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു.

അല്ലാഹു തന്റെ പരിശുദ്ധ വചനങ്ങളിൽ പറയുന്നു: مُّحۡصِنِيۡنَ غَيۡرَ مُسٰفِحِيۡنَ (4:25) അതായത് വിവാഹം കഴിക്കാനുള്ള നിങ്ങളുടെ നിയ്യത്ത് ദൈവഭയത്തിന്റേയും തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിന്റേയും കോട്ടയിൽ പ്രവേശിക്കാനായിരിക്കണം. അതല്ലാതെ മൃഗങ്ങളെപ്പോലെ ബീജം ഉൽസർജിക്കുക മാത്രമാകരുത് ലക്ഷ്യം.

(ഇഹ്സ്വാൻ എന്നത് ഹിസ്നുൻ എന്ന പദത്തിൽ നിന്ന് നിഷ്പന്നമാണ്. ഹിസ്ൻ കോട്ടക്കാണ് പറയുക. വിവാഹം കഴിക്കു ന്നതിന്ന് ഇഹ്സ്വാൻ എന്ന പേര് വെക്കാൻ കാരണം വിവാഹം മുഖേന മനുഷ്യൻ ചാരിത്ര്യത്തിന്റെ കോട്ടയിൽ പ്രവേശിക്കുന്നു. ദുർനടപ്പിൽ നിന്നും ദുർനോട്ടത്തിൽ നിന്നും അവന് രക്ഷപ്പെടാനും കഴിയുന്നു. കൂടാതെ മക്കളുണ്ടാകുന്നതുകൊണ്ട് കുടുംബവും നഷ്ടപ്പെടതെ സംരക്ഷിക്കപ്പെടുന്നു. ശരീരവും അമിതത്വത്തിൽ നിന്ന് രക്ഷപ്പെടുന്നു. ചുരുക്കത്തിൽ വിവാഹം എല്ലാ നിലക്കും കോട്ടയാണ്.)

മുഹ്സിനീൻ എന്ന പദത്തിൽ നിന്ന് മനസ്സിലാകുന്ന മറ്റൊരു കാര്യം വിവാഹം ചെയ്യാത്തവർ ആത്മീയ വിപത്തുകളിൽ മാത്രമല്ല ഭൗതിക വിനകളിലും അകപ്പെടുന്നുവെന്നാണ്. വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാവുന്നത് വിവാഹത്തിന് മൂന്ന് പ്രയോജനങ്ങളുണ്ടെന്നാണ്. 1) ചാരിത്ര്യശുദ്ധി, തിന്മകളിൽ നിന്നുള്ള മോചനം 2) ആരോഗ്യ സംരക്ഷണം 3) സന്താന ലബ്ധി.

മറ്റൊരു ഭാഗത്ത് പറയുന്നു:

وَلۡيَسۡتَعۡفِفِ الَّذِيۡنَ لَا يَجِدُوۡنَ نِكَاحًا حَتّٰى يُغۡنِيَهُمُ اللّٰهُ مِنۡ فَضۡلِهٖ

(24:34) അതായത് ചാരിത്ര്യശുദ്ധിക്കുള്ള യഥാർഥ മാർഗമായ വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ മറ്റ് യുക്തമായ മാർഗങ്ങളിലൂടെ ചാരിത്ര്യം സംരക്ഷിക്കേണ്ടതാണ്.

ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീസിൽ നബിതിരുമേനി (സ) പറയുന്നു: വിവാഹത്തിന്ന് കഴിവില്ലാത്തവർ ചാരിത്ര്യസംരക്ഷണത്തിനുള്ള ഉപായം നോമ്പെടുക്കുകയാണ്.

ഹദീസ് ഇപ്രകാരമാണ്:.

അതായത്; അല്ലയോ യുവസമൂഹമേ! നിങ്ങളിൽ വിവാഹം കഴിക്കാൻ കഴിവുള്ളവർ വിവാഹം കഴിക്കട്ടെ, കാരണം അത് കണ്ണുകളെ നല്ല പോലെ കീഴ്പോട്ടാക്കുകയും ലജ്ജയുടെ അവയവങ്ങളെ വ്യഭിചാരത്തിൽ നിന്നും മറ്റും സംരക്ഷിക്കുകയും ചെയ്യുന്നു. അല്ലാത്തവർ നോമ്പനുഷ്ടിക്കട്ടെ, അത് പരിചയാണ്. *(ബുഖാരി,മുസ്‌ലിം)*

ഈ ആയത്തുകളിൽ നിന്നും ഹദീസിൽ നിന്നും മറ്റ് പല ആയത്തുകളിൽ നിന്നും വ്യക്തമാകുന്നത്, നിക്കാഹ് ഭോഗേച്ഛയെ ലക്ഷ്യമാക്കിയല്ലെന്നും മറിച്ച് ദുർവിചാരങ്ങൾ, ദുർനോട്ടം, ദുർനടപ്പ് എന്നിവയിൽ നിന്ന് സ്വയം രക്ഷിക്കാനാണെന്നുമാണ്. ആരോഗ്യസംരക്ഷണവും ഇതിന്റെ ഉദ്ദേശ്യമാണ്. ഇതിനൊക്കെപ്പുറമേ മറ്റൊരു ലക്ഷ്യത്തിലേക്ക് സൂചന നൽകിക്കൊണ്ട് സൂറഫുർഖാനിൽ പറയുന്നു:

وَالَّذِيۡنَ يَقُوۡلُوۡنَ رَبَّنَا هَبۡ لَنَا مِنۡ اَزۡوَاجِنَا وَذُرِّيّٰتِنَا قُرَّةَ اَعۡيُنٍ وَّاجۡعَلۡنَا لِلۡمُتَّقِيۡنَ اِمَامًا (25:75)

അതായത്; മുഅ്മിൻ ഇങ്ങനെ ദുആ ചെയ്യുന്നതാണ്. ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഭാര്യമാരേയും മക്കളേയും സംബന്ധിച്ച് ഹൃദയത്തിന് കുളിർമ നൽകേണമേ, ഞങ്ങളുടെ ഭാര്യമാരും ഞങ്ങളുടെ മക്കളും സൗഭാഗ്യമുള്ളവരാകേണമേ, ഞങ്ങളെ അവരുടെ നേതാക്കളാക്കേണമേ.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം നിക്കാഹ് ഒരു ഉടമ്പടിയാകുന്നു. പുരുഷനിൽ നിന്ന് മഹറും ജീവിതച്ചെലവും ഇസ്‌ലാമും നല്ല കുടുംബജീവിതവും നിബന്ധനയാക്കിയിരിക്കുന്നു. സ്ത്രീയിൽ നിന്ന് പാതിവ്രത്യവും ചാരിത്ര്യശുദ്ധിയും സദാചാരവും അനുസരണവും അനിവാര്യ നിബന്ധനകളാണ്.

എല്ലാ ഉടമ്പടികളും നിബന്ധനകൾ ലംഘിക്കപ്പെടുമ്പോൾ ദുർബലപ്പെടുന്നതുപോലെ ഈ ഉടമ്പടിയും നിബന്ധനകളുടെ ലംഘനം നിമിത്തം ദുർബലപ്പെടുന്നതാണ്. ഒരു വ്യത്യാസം മാത്രമേ ഉള്ളൂ, പുരുഷന്റെ ഭാഗത്തു നിന്നാണ് നിബന്ധനകൾ ലംഘിക്കപ്പെടുന്നതെങ്കിൽ സ്ത്രീക്ക് സ്വയം നിക്കാഹ് വേർപെടുത്താൻ കഴിയില്ല. നിക്കാഹിന് അവളുടെ മാത്രം സമ്മതം പോരാത്തതു പോലെ തന്നെ ഭരണാധികാരി/ വലി മുഖേന നിക്കാഹ് ഒഴിവാക്കാവുന്നതാണ്. ഇവിടെ അധികാരത്തിൽ കുറവു വരുത്തിയത് അവളുടെ നൈസർഗികമായ ധൃതിയും ബൗദ്ധികമായ കുറവും കാരണമാണ്. എന്നാൽ പുരുഷന് വിവാഹ ഉടമ്പടിയിൽ ഏർപ്പെടാൻ സ്വയം അധികാരമുള്ളതു പോലെത്തന്നെ സ്ത്രീയുടെ ഭാഗത്തു നിന്ന് നിബന്ധനകൾ ലംഘിക്കപ്പെടുമ്പോൾ ത്വലാഖ് കൊടുക്കാനും സ്വയം അധികാരം ഉണ്ടായിരിക്കും.

ചുരുക്കത്തിൽ ഈ നിയമം, പ്രകൃതി വ്യവസ്ഥക്ക് യോജിക്കുന്നതും അനുസൃതവുമാണ്. അഥവാ അതിന്റെ നേർചിത്രമാണ്. ഉടമ്പടികൾ നിബന്ധനകൾ ലംഘിക്കപ്പെടുമ്പോൾ റദ്ദാക്കപ്പെടുന്നുവെന്നത് അംഗീകൃതമായ ഒരു പ്രകൃതി തത്വമാണ്. രണ്ടാം കക്ഷി റദ്ദുചെയ്യുന്നതിന്ന് എതിരാണെങ്കിൽ, അത് കരാർ ലംഘനം നിമിത്തം റദ്ദ് ചെയ്യാൻ അവകാശമുള്ള കക്ഷിയോടുള്ള അക്രമമായിരിക്കും. നിക്കാഹ് എന്താണെന്ന് ചിന്തിക്കുകയാണെങ്കിൽ അത് ഒരു പരിശുദ്ധ ഉടമ്പടിക്കു കീഴിൽ രണ്ട് വ്യക്തികളുടെ ജീവിതമാണെന്ന് മനസ്സിലാകുന്നതാണ്. ഉടമ്പടി ലംഘിക്കുന്ന വ്യക്തിക്ക് നിയമദൃഷ്ട്യാ ഉടമ്പടിയുടെ അവകാശങ്ങൾ നഷ്ടപ്പെടുന്നതാണ്. ഇതിന്റെ പേരാണ് മറ്റു വാക്കുകളിൽ ത്വലാഖ് എന്നത്.

*(ആര്യധരം)*

സമ്പാ: എ. നാസിർ



സീറത്തുന്നബി(സ)

– ഹ. മിർസാ ബശീർ അഹ്മദ് MA (റ)

സമ്പാ: മുഹമ്മദ് ആരിഫ്

# എതിർപ്പുകൾ, മർദ്ദനങ്ങൾ

ആ ദിനങ്ങളിൽ മുസ്‌ലിംകൾ സഹിച്ച പീഡനങ്ങൾ അതനുഭവിച്ചവർക്ക് മാത്രമേ അറിയൂ. എന്നാൽ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങൾ യഥാർഥ സംഭവങ്ങളെ അപേക്ഷിച്ച് കുറവാണെന്നു വേണം പറയാൻ. ഉദാഹരണമെന്നോണം ചിലത് താഴെ ചേർക്കുന്നു.

ഹ:ഉസ്മാൻ(റ), ബനൂ ഉമയ്യാ ഗോത്രക്കാരനായിരുന്നു. താരതമ്യേന പക്വതയും നല്ല സാമ്പത്തിക ശേഷിയുമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. മുസ്‌ലിംകളെ പുതിയ മതത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനു വേണ്ടി അവർക്കെതിരിൽ പീഡനമുറകൾ അഴിച്ചു വിടുക എന്ന ഉദ്ദേശ്യത്തോടെ പിതൃവ്യനായ ഹകം ഇബ്നു അബിൽ ആസ് അദ്ദേഹത്തെ കയറിൽ കെട്ടിയിട്ടു മർദ്ദിച്ചു. പക്ഷേ അദ്ദേഹം ഒരക്ഷരം ഉരിയാടിയില്ല.

അസദ് ഗോത്രക്കാരനയ സുബൈറിബ്നുൽ അവാം(റ) ധീരനായ ഒരു യുവാവായിരുന്നു. എന്നാൽ അക്രമിയായ പിതൃവ്യൻ ഇസ്‌ലാമിൽ നിന്നും അദ്ദേഹത്തെ പിന്തിരി പ്പിക്കാൻ വേണ്ടി അദ്ദേഹത്തെ പായയിൽ കിടത്തുകയും തീ പുക മൂക്കിൽ കടത്തുകയും ചെയ്യുമായിരുന്നു; അദ്ദേഹം സന്തോഷത്തോടെ ആ പീഡനങ്ങൾ സഹിക്കുകയും സത്യം മനസ്സിലാക്കിയതിനു ശേഷം അതുപേക്ഷിക്കാൻ താൻ തയ്യാറല്ലെന്നു പറയുകയും ചെയ്തു.

ഹ: ഉമറിന്റെ സഹോദരീ ഭർത്താവ് സഈദ്ബ്നു സൈദ്(റ) ബനൂ അദിയ്യ് ഗോത്രക്കാരനായിരുന്നു. തന്റെ ഗോത്ര ത്തിലെ ആദരണീയ വ്യക്തിയായിരുന്നു അദ്ദേഹം. എന്നാൽ ഉമറിബ്നു ഖത്തബിന് ഇതു സംബന്ധിച്ച് വിവരം ലഭിച്ചപ്പോൾ അദ്ദേഹത്തെ മലർത്തിക്കിടത്തി നെഞ്ചിൽ കയറി നിൽക്കുകയും ആ സംഘർഷത്തിൽ ഉമറിന്റെ സഹോദരിക്കു പരിക്കേൽക്കുകയും ചെയ്തു.

ഹുസൈൽ ഗേത്രക്കാരനായ അബ്ദുല്ലാ ഇബ്നു മസ്ഊദിനെ(റ) ഖുറൈശികൾ കഅ്ബയുടെ മുറ്റത്തു വെച്ചു ക്രൂരമായി പീഡിപ്പിച്ചു. അബൂസർ ഗഫാരിയെ മർദ്ദിച്ച് വലിച്ചെറിയുകയും അദ്ദേഹത്തിന്റെ ജീവൻ എടുക്കാൻ ശ്രമിക്കുകയും ചെയ്തു. ആ സമയത്ത് അബ്ബാസ്ബ്നു അബ്ദുൽ മുത്തലിബ്, ശാമിലേക്കു നിങ്ങളുടെ കച്ചവട സംഘം പോകുന്ന വഴിയിലാണ് ഈ വ്യക്തിയുടെ ഗോത്രം താമസിക്കുന്നതെന്ന കാര്യം നിങ്ങൾക്കറിയില്ലേ? ഇക്കാര്യമറിഞ്ഞാൽ അവർ നിങ്ങളുടെ വഴി തടയും എന്നു പറഞ്ഞു കൊണ്ട് അദ്ദേഹത്തെ രക്ഷപ്പെടുത്തുകയാണുണ്ടായത്. ശക്തരായ ഗോത്രങ്ങൾക്കു നേരിടേണ്ടി വന്ന പീഡനങ്ങളാണിത്. എന്നാൽ അടിമകൾക്കും മറ്റു ദുർബലരായ ജനങ്ങൾക്കും സഹിക്കേണ്ടി വന്ന പീഡനങ്ങൾ അതിലും ഭയാനകമായിരുന്നു. താഴെ കൊടുക്കുന്നത് ഖുറൈശികളുടെ അക്രമങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രം:

ഉമയ്യിബ്നു ഖൽഫിന്റെ അബ്സ്സീനിയൻ അടിമയായിരുന്നു ബിലാൽ ബ്നു റബാഹ്. മക്കയിലെ മരുഭൂമി തീച്ചൂള പോലെ ചുട്ടു പൊള്ളുന്ന ഉച്ച നേരം ഉമയ്യ ഹ: ബിലാലിനെ വിവസ്ത്രനാക്കി നിലത്തു കിടത്തുകയും പൊള്ളുന്ന പാറക്കഷ്ണങ്ങൾ അദ്ദേഹത്തിന്റെ നെഞ്ചിലേക്കു കയറ്റി വെച്ചു കൊണ്ടു പറയുമായിരുന്നു: മുഹമ്മദിന്റെ ദൈവത്തെ വിട്ട് ലാത്തെയേയും ഉസ്സയേയും ആരാധിക്ക് അല്ലെങ്കിൽ നിന്നെ കൊന്നു കളയും. ബിലാലിന് അറബി അത്ര അറിയില്ലായിരുന്നു. അഹദ്! അഹദ്! എന്നുമാത്രം പറഞ്ഞു കൊണ്ടിരുന്നു. അതായത് അല്ലാഹു ഏകനാണ് ! അല്ലാഹു ഏകനാണ്.! ഈ മറുപടി കേട്ട് ഉമയ്യ വീണ്ടും കുപിതനാവുകയും ബിലാലിന്റെ കഴുത്തിൽ കയറിട്ടുകൊണ്ട് തെരുവുമക്കളെ ഏൽപ്പിക്കുകയും ചെയ്തു. അവർ ഹ: ബിലാലിനെ കല്ലും മുള്ളും നിറഞ്ഞ തെരുവുകളിലൂടെ വലിച്ചിഴച്ചു കൊണ്ടു നടക്കുമ്പോൾ ബിലാലിന്റെ ശരീരത്തിൽ നിന്നു രക്തം വാർന്നൊലിക്കുമായിരുന്നു. എന്നാൽ ആ സമയത്തും അഹദ് ! അഹദ് ! എന്നല്ലാതെ മറ്റൊന്നും അദ്ദേഹത്തിന്റെ വായിൽ നിന്നു വന്നില്ല. ബിലാലിന്റെ ഈ ദയനീയവസ്ഥ കണ്ട് ഹ:അബൂബക്കർ അദ്ദേഹത്തെ വലിയ വില കൊടുത്തു വാങ്ങുകയും സ്വതന്ത്രനാക്കുകയും ചെയ്തു.

സഫ്‌വാനുബ്നു ഉമയ്യയുടെ അടിമയായിരുന്നു അബൂ ഫുകൈഹ്. അദ്ദേഹവും ബിലാലിനെപ്പോലെ പീഡിപ്പിക്കപ്പെട്ടു. അതുപോലെത്തന്നെ ഒരു അടിമയായിരുന്ന ആമിറിബ്നു ഫുഹൈറയും മുസ്‌ലിം ആയ കാരണത്താൽ പീഡിപ്പിക്കപ്പെട്ടു. ഹ: അബൂബക്കർ അദ്ദേഹത്തെ വില കൊടുത്തു വാങ്ങുകയും തന്റെ ആടുകളെ മേയ്ക്കുന്ന ജോലി ഏൽപ്പിക്കുകയുമാണ് ചെയ്തത്.


ബനൂ അദിയ്യിന്റെ ദാസിയായിരുന്നു ലുബൈന(റ). ഇസ്‌ലാം സ്വീകരിക്കുന്നതിനു മുൻപ് ഉമർ(റ) അവരെ വളരെയധികം മർദ്ദിച്ചിരുന്നു. എത്രത്തോളമെന്നാൽ, മർദ്ദിച്ച് മർദ്ദിച്ച് ഉമർ തളർന്നു പോകുമ്പോൾ അൽപനേരം വിശ്രമിച്ച് വീണ്ടും മർദ്ദിക്കുമായിരുന്നു. ആ സമയം ലുബൈന പറയുമായിരുന്നു: അല്ലയോ ഉമർ! താങ്കൾ ഇസ്‌ലാം സ്വീകരിച്ചില്ലെങ്കിൽ ഇതിനു പകരം ചോദിക്കാതെ അല്ലാഹു താങ്കളെ വിടില്ല.

സുനൈറ(റ) ബനൂ മഖ്സൂമിന്റെ ദാസിയായിരുന്നു. അബൂജഹലിന്റെ മർദ്ദനം മൂലം അവർക്കു കണ്ണുകൾ നഷ്ടപ്പെട്ടു. അവരെ സംബന്ധിച്ചു പരിഹാസരൂപേ ണ അബൂജഹൽ പറയുമായിരുന്നു: ഇസ്‌ലാം സത്യമായിരുന്നുവെങ്കിൽ ഇവൾക്കു ഗുണം ലഭിക്കുകയും ഞങ്ങൾക്കത് കിട്ടാതെ വരികയും ചെയ്യുമായിരുന്നോ?

സുഹൈബ് ബ്നു സിനാൻ രൂമി അടിമയായിരുന്നില്ല. വളരെ നല്ല രീതിയിൽ ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഖുറൈശി കളുടെ മർദ്ദനമേറ്റ് അദ്ദേഹം ബോധരഹിതനായി. ഹ: ഉമറി(റ)നു മുറിവേറ്റ സമയത്ത് ഇമാമു സ്വലാത്തായി നിയമിക്കപ്പെട്ടത് ഇദ്ദേഹമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



# ഖൈറുക്കും ഖൈറുക്കും ലി അഹ്‌ലി

ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോട് ദയയില്ലാതെ പെരുമാറുന്നുവെന്ന് മാത്രമല്ല മറിച്ച്, അവരെ എപ്പോഴും ദുർഭാവനയോടെ കാണുകയും ചെയ്യുന്നു. ഈ സ്ത്രീയുടെ നടപ്പ് രീതി ശരിയല്ലെന്ന് വരെ ചിന്തിക്കുന്നു. എന്നാൽ ആ സ്ത്രീയെ സംബന്ധിച്ച് ഇത്തരത്തിലുള്ള ദുർധാരണയ്ക്ക് പ്രേരകമാകുന്ന ഒരു നിസാര തെളിവ് പോലും പക്കൽ ഉണ്ടായിരിക്കില്ല. ഇനി അഥവാ അയാൾക്ക് ഏതെങ്കിലും കാര്യത്തിൽ ഉറപ്പുണ്ടെങ്കിൽ തന്നെ അതിനായി ഇസ്‌ലാം, ഇസ്‌ലാമിക ശരീഅത്ത് ഒരു തുറന്ന മാർഗം വെച്ചിട്ടുണ്ട്. അത് സ്വീകരിക്കേണ്ടതാണ്. ആ മാർഗം സ്വീകരിക്കാതെ ഈ സന്താനങ്ങൾ എന്റെത് തന്നെയാണോ എന്നെനിക്കറിയില്ല എന്നുള്ള കുത്തുവാക്കുകൾ പറയുന്നത് അങ്ങേയറ്റം അതിക്രമമായ മാർഗമാണ്..

അത്തരം അവസരത്തിൽ **റബ്ബനാ ഹബ്‌ലനാ മിൻഅസ്‌വാജിനാ വ ദുർരിയ്യാത്തിനാ ഖുർറത്ത അഅ്‌യുനിൻ വജ്അൽനാ ലിൽ മുത്തഖീന ഇമാമാ** എന്ന ദുആ എങ്ങിനെയാണ് ചൊല്ലുക. തന്റെ ഭാര്യയിലൂടെയാണ് അയാൾക്ക് സന്താനങ്ങളുടെ ഭയഭക്തി ലഭിക്കേണ്ടിയിരുന്നത്. എന്നാൽ ഈ സന്താനങ്ങൾ ആരുടേതാണെന്ന് എനിക്കെന്തറിയാം എന്ന വാക്കിലൂടെ ആ ഭയഭക്തിയുടെ മാർഗങ്ങളെ എന്നെന്നേക്കുമായി നശിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള സന്താനങ്ങളെ സംബന്ധിച്ച് അവർ ഇത്തരത്തിലുള്ള പിതാക്കന്മാരെ ആദരിക്കുമെന്നും, ഭാവിയിൽ സൻമാർഗങ്ങളിലൂടെ ചലിക്കുമെന്നും, ഭാവി സമൂഹത്തിന് സുവാർത്ത നൽകിക്കൊണ്ട് മുന്നേറുമെന്നും എങ്ങിനെ പ്രതീക്ഷിക്കും? ഇത് തികച്ചും പാഴ്കിനാവാകുന്നു.

സ്വാഭാവികമായും ഇത്തരക്കാർ തന്റെ അവസ്ഥയെ മാത്രമല്ല നശിപ്പിക്കുന്നത് മറിച്ച്, വിദൂരഭാവി വരെ അവരുടെ മാനസിക വൈകല്യം സമൂഹത്തിൽ വിഷം വമിപ്പിച്ചു കൊണ്ടിരിക്കുന്നതുമാണ്. അത്തരക്കാർക്ക് ഈ ദുആ ഭൂഷണമല്ലെന്ന് മാത്രമല്ല ഈ ദുആ ചെയ്യണമെന്ന ചിന്ത പോലും അവർക്ക് ഉണ്ടാകുന്നതല്ല. എന്നാൽ ഈ ദുആ മുഖേന സഹായം അർത്ഥിക്കാത്തിടത്തോളം അല്ലാഹു നിങ്ങളെ വകവെക്കുന്നതല്ലാ എന്നാണ് വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നത്. അതിനാൽ അല്ലാഹുവിന്റെ ഈ അവസാന വചനങ്ങൾക്ക് ഈ ദുആയോട് വളരെ ഗഹനമായ ബന്ധമാണുള്ളത്. മനുഷ്യന്റെ സാമൂഹിക ബന്ധങ്ങളും കുടുംബ ബന്ധങ്ങളും ദുആയുടെ സഹായമില്ലാതെ ഒരു തരത്തിലും നേരെയാകുന്നതല്ല എന്ന് മനുഷ്യന് നിശ്ചയദാർഢ്യത്തോടെ പറയാൻ കഴിയുന്നതാണ്.

മനുഷ്യബന്ധങ്ങളിൽ അനവധി ന്യൂനതകളുണ്ട്. അവയെ സംബന്ധിച്ച് ചിലപ്പോൾ മനുഷ്യന് സങ്കല്പം പോലും ഉണ്ടാകില്ല. ഈ ന്യൂനതകൾ ബന്ധങ്ങളിൽ ഒരു ശൂന്യത സൃഷ്ടിച്ചു കൊണ്ട് ബന്ധങ്ങളെ ദുർബലമാക്കുന്നു... ചുരുക്കത്തിൽ മനുഷ്യ ബന്ധങ്ങളിൽ തഖ്‌വയുടെ കുറവിനാൽ പല ന്യൂനതകളും സംജാതമാകുന്നു. അവയെല്ലാം എപ്പോഴും അപകടകാരികളായിരിക്കും. മനുഷ്യൻ അസാധാരണമായ സമ്മർദ്ദത്തിനടിപ്പെടുകയും പരീക്ഷണങ്ങൾ വർദ്ധിക്കുകയും അല്ലെങ്കിൽ പ്രയാസങ്ങൾ നേരിടുകയും ചെയ്യേണ്ടി വരുമ്പോൾ അത്തരത്തിലുള്ള ദൗർബല്യങ്ങളിൽ പ്രഭാവം ചെലുത്തുകയും അങ്ങനെ ന്യൂനത പ്രകടമായ നിലയിൽ വെളിപ്പെട്ടു കൊണ്ട് മനുഷ്യബന്ധങ്ങളെ ശിഥിലമാക്കുകയും ചെയ്യുന്നു.. ... ബന്ധങ്ങൾ ഏതെങ്കിലും സമ്മർദ്ദത്തിനടിപ്പെടുമ്പോഴാണ് മനുഷ്യന് തന്റെ ദൗർബല്യങ്ങളെ കുറിച്ചുള്ള ബോധമുണ്ടാകുന്നതെന്ന് നിങ്ങൾ നിങ്ങളുടെ ബന്ധങ്ങളെ സംബന്ധിച്ച് വിചിന്തനം നടത്തുമ്പോൾ മനസ്സിലാകും. അല്ലാതെ മനസ്സിലാകില്ല.

കുട്ടി രോഗിയാകുക,ബുദ്ധിമുട്ടുകൾ നേരിടുക, ദാരിദ്ര്യം ഉണ്ടാകുകയും അത്യാവശ്യങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്യുക, അസമയത്ത് അതിഥികൾ വരിക അല്ലെങ്കിൽ ദരിദ്രബന്ധുക്കാരെ സഹായിക്കേണ്ടി വരിക, മാതാപിതാക്കളെ സ്വന്തം വീട്ടിൽ നിർത്തേണ്ട നിർബന്ധ സാഹചര്യം ഉണ്ടാകുക ഇതെല്ലാം തന്നെ സമൂഹത്തിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യങ്ങളാണ്. ഭാര്യാഭർതൃ ബന്ധത്തിൽ സമ്മർദ്ദം ചെലുത്തുന്ന കാര്യങ്ങളാണ്.

മുമ്പ് വളരെ നല്ലവളായി കാണപ്പെട്ടിരുന്ന ഭാര്യ, തന്നെ അനുസരിക്കുകയും തന്നെ സഹായിക്കുകയും തന്റെ ജീവിത പങ്കാളിയാണെന്നു ധരിക്കുകയും ചെയ്തിരുന്ന ഭാര്യ, മലക്കായി കാണപ്പെട്ടിരുന്ന ഭർത്താവ്, ഇത്തരത്തിലുള്ള സമ്മർദ്ദം ഉണ്ടാകുമ്പോൾ അവരുടെ രണ്ടു പേരുടെയും ആന്തരീക ന്യൂനതകൾ വെളിപ്പെടാൻ തുടങ്ങുന്നു.......

നബിതിരുമേനി(സ) ഒരിക്കൽ പറഞ്ഞു. **ഖൈറുക്കും ഖൈറുക്കും ലി അഹ്‌ലിഹി വഅനാ ഖൈറുക്കും ലി അഹ്‌ലി.** (തിർമിദി) നിങ്ങളിൽ ഏറ്റവും ഉത്തമർ നിങ്ങളുടെ കുടുംബത്തിനായി ഉത്തമരായവരാകുന്നു. ഞാൻ എന്റെ കുടുംബത്തിനായി ഏറ്റവും ഉത്തമനാകുന്നു. നബി(സ) ഏതർത്ഥത്തിലാണ് തന്റെ കുടുംബത്തിനായി ഉത്തമരെന്ന് നോക്കുക. നബി(സ) അവരുടെ എല്ലാ അവകാശങ്ങളും നിവർത്തിക്കുമായിരുന്നു. ഏതെങ്കിലും അവകാശത്തിന്റെ ഒരു അംശം പോലും ബാക്കിയാക്കിയിരുന്നില്ല. അതോടൊപ്പം അവരുടെ ധാർമികതയ്ക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തു. നിരന്തരമായി അവരുടെ ശിക്ഷണത്തിനായി ശ്രദ്ധിച്ചു കൊണ്ടിരുന്നു. ചിലപ്പോൾ രാത്രി എഴുന്നേറ്റ് തന്റെ മകളായ ഫാത്വിമ(റ) യുടെ വീട്ടിലേക്ക് പോകുകയും ഹദ്റത് ഫാത്വിമ(റ)നേയും ഹദ്റത്ത് അലി(റ)നേയും നമസ്കാരത്തിനായി അല്ലെങ്കിൽ തഹജ്ജുദിനായി എഴുന്നേൽപ്പിക്കുകയും ചെയ്യുമായിരുന്നു. അതായത് സ്ഥായിയായി നബി(സ) തന്റെ സന്താനങ്ങളുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കുമായിരുന്നു... തന്റെ പത്നിമാരുടെയോ സന്താനങ്ങളുടെയോ ശിക്ഷണത്തിൽ ശ്രദ്ധിക്കാത്ത ഒരു ദിനവും നബി(സ) യുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല എന്ന് പറയാം. ചുരുക്കത്തിൽ **ഖൈറുക്കും** എന്നത് കൊണ്ടുള്ള ഉദ്ദേശ്യം ഭൗതീക കാര്യങ്ങളിലുള്ള അവകാശങ്ങൾ പൂർത്തിയാക്കുന്നവർ എന്നല്ല മറിച്ച്, **ഖൈറുക്കും** എന്നത് കൊണ്ടുദ്ദേശിക്കുന്നത് പ്രഥമമായി ദീനിന്റെ കാര്യത്തിൽ അവരുടെ അവകാശങ്ങൾ പൂർത്തിയാക്കുകയും അവരുടെ ആവശ്യങ്ങളെ ശ്രദ്ധിക്കുകയും ചെയ്യുന്നവർ എന്നാണ്. അതിനുശേഷം **റബ്ബനാ ഹബ് ലനാ മിൻ അസ്‌വാജിനാ വ ദുർരിയ്യാത്തിനാ ഖുർ റത്ത അഅ്‌യുനിൻ** എന്ന ദുആ തേടുമ്പോൾ ആ ദുആയിൽ അസാധാരണമായ ശക്തി സംജാതമാകുന്നു. അവർക്ക് സ്വീകാര്യതയുടെ ഫലങ്ങൾ ലഭിക്കാൻ തുടങ്ങുന്നു.

*(ഖുത്വുബ ജുമുഅ: 06.07.90)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഫജ്
വാർത്താപത്രിക
2013 ആഗസ്റ്റ്
പുസ്തകം 21 ലക്കം 8


യുഗനാദം
ഹദ്റത് അഹ്മദ്(അ)



# നല്ല കുടുംബം

സമൂഹത്തിന്റെ സുഭദ്രതയിൽ നല്ല കുടുംബത്തിന് ഏറെ പ്രസക്തിയുണ്ട്. അവിടെയാണ് സമൂഹത്തിന്റെ ഏറ്റവും വലിയ സ്വത്തായ മനുഷ്യന്റെ ശിക്ഷണം ആരംഭിക്കുന്നത്. അവന്റെ ജീവിതത്തിന്റെ ഗതിവിഗതികൾ നിർണയിക്കപ്പെടുന്നതും കുടുംബത്തിൽ നിന്നു തന്നെയാണ്. അതുകൊണ്ട് തന്നെ കുടുംബാന്തരീക്ഷം ഹൃദ്യവും ആനന്ദപ്രദവുമായിരിക്കേണ്ടത് അനിവാര്യമാണ്. അതിന്ന് സ്ത്രീക്കും പുരുഷന്നും തുല്യ പങ്കാളിത്തമാണുള്ളത്. പലപ്പോഴും പുരുഷനു തന്നെയാണ് ഇക്കര്യത്തിൽ അധികം ഉത്തരവാദിത്വമുള്ളത്.

നല്ല കുടുംബത്തിന്റെ അടിത്തറ നല്ല ദമ്പതിമാരാണ്. അതുകൊണ്ട് തന്നെ വിവാഹ അന്വേഷണം മുതൽ ശുഷ്കാന്തി പുലർത്താൻ ശ്രദ്ധിക്കണമെന്ന് ഇസ്ലാം നിഷ്കർശിക്കുന്നു. ജീവിതത്തിന്റെ യഥാർഥ സൗന്ദര്യം പരസ്പരമുള്ള ഏറ്റക്കുറച്ചിലുകളെ മനസ്സിലാക്കുമ്പോഴാണ് ഉണ്ടാവുക. പങ്കാളിക്ക് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന നൻമയും വിശുദ്ധിയും സ്വന്തം ജീവിതത്തിലും പാലിക്കാൻ ഭാര്യാഭർത്താക്കന്മാർക്ക് തുല്യബാധ്യതയുണ്ട്. അല്ലാതെ വരുമ്പോൾ ജീവിതത്തിന് താളഭംഗം സംഭവിക്കുകയും അത് ഒരു സമൂഹത്തെ മൊത്തത്തിൽ അലോസരപ്പെടുത്തുകയും ചെയ്യുന്നതാണ്.

മക്കളുടെ ജീവിതത്തിന് മാതൃകയും മാർഗദീപവുമാകേണ്ട മാതാപിതാക്കൾ എവിടെ സൂക്ഷ്മതക്കുറവ് കാട്ടിയാലും അത് മക്കളുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും സന്ദർഭം വരുമ്പോൾ അവരും ആ വഴിയിലൂടെ സഞ്ചരിക്കാൻ ധൃഷ്ടരാവുകയും ചെയ്യുന്നു. ബഹുദൂരം മുമ്പോട്ട് നീങ്ങിയ മക്കളെ അപ്പോൾ കാണിക്കുന്ന വെപ്രാളം കൊണ്ട് ഒരിക്കലും പിന്തിരിപ്പിക്കാൻ കഴിയില്ല.

നല്ല കുടുംബത്തിന് അനിവാര്യമായ മറ്റൊരു സംഗതി പരസ്പരം ദുആ ചെയ്യുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ കുടുംബത്തിന് വേണ്ടി എല്ലാ ദിവസവും ദുആ ചെയ്തിരുന്നതായി ആ മഹാത്മാവ് തന്നെ പറഞ്ഞിട്ടുണ്ട്.

അത് നമുക്കൊരു വഴിവിളക്കാണ്. നമുക്കും അത്തരം ദുആകൾ ചെയ്യേണ്ടതുണ്ട്. അത് നല്ല കുടുംബത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

സന്തോഷപ്രദമായിരിക്കണമെന്നും വീട്ടിൽ സമാധാനമുണ്ടാകണമെന്നും നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഒരുപാട് ദുആ ചെയ്യുക. തങ്ങളുടെ ഭവനങ്ങളെ ദുആകൾ കൊണ്ട് നിറക്കുവിൻ. എപ്പോഴും ദുആകളുള്ള വീടിനെ അല്ലാഹു നശിപ്പിക്കുകയില്ല. (മൽഫൂസാത്ത് ഭാഗം : 3)

# ഭാര്യഭർത്താവ് യഥാർത്ഥ മിത്രങ്ങൾ

ഭാര്യമാരോടുള്ള ഭർത്താക്കന്മാരുടെ ബന്ധം രണ്ട് യഥാർത്ഥ സുഹൃത്തുക്കളുടേത് പോലെയായിരിക്കേണ്ടതാണ്. മനുഷ്യന്റെ ഉത്തമ ധാർമിക ഗുണങ്ങളുടെയും അല്ലാഹുവുമായുള്ള ബന്ധങ്ങളുടെയും പ്രഥമസാക്ഷി ഈ സ്ത്രീകളായിരിക്കും. അവരുമായുള്ള ബന്ധം തന്നെ ശരിയായ നിലയിലല്ലെങ്കിൽ പിന്നെങ്ങിനെയാണ് അല്ലാഹുവുമായുള്ള ബന്ധം ശരിയാകുക. (മൽഫൂസാത്ത്, വാള്യം 3)

## ഭർത്താവിനോടുള്ള അനുസരണം

ഭാര്യമാർക്ക് തങ്ങളുടെ ഭർത്താവിനെ അനുസരിക്കേണ്ടത് അനിവാര്യമായതാകുന്നു. നബിതിരുമേനി(സ) പറഞ്ഞു, ഭർത്താവ് ഭാര്യയോട് കുന്ന് കൂടിക്കിടക്കുന്ന ഇഷ്ടികകളെ എടുത്ത് മറ്റൊരു സ്ഥലത്ത് വെക്കുക എന്ന് പറയുകയും ഭാര്യ ആ ഇഷ്ടികകളെ മറ്റൊരു സ്ഥലത്ത് വെച്ചതിനു ശേഷം വീണ്ടും ഭർത്താവ് അവയെ അതിന്റെ യഥാസ്ഥാനത്ത് തിരിച്ചു വെക്കുക എന്നും പറഞ്ഞാൽ മറുത്തൊന്നും പറയാതെ ഭർത്താവിനെ അനുസരിക്കുകയാണ് ചെയ്യേണ്ടത്. (മൽഫൂസാത്ത് വാള്യം 5)

## ശപിക്കപ്പെട്ടവളാകരുത്

ഓരോ കാര്യത്തിലും പുരുഷനെ അനുസരിക്കുന്നില്ല എന്നത് സ്ത്രീകളുടെ ദുശ്ശീലമാണ്. അവരുടെ അനുമതി കൂടാതെ അവരുടെ ധനം ചെലവഴിക്കുന്നു. വഴക്ക് പറയുമ്പോൾ വളരെ മോശമായി അവരെ സംബന്ധിച്ച് സംസാരിക്കുന്നു. അത്തരത്തിലുള്ള സ്ത്രീകൾ അല്ലാഹുവിന്റെയും റസൂലിന്റെയും പക്കൽ ശപിക്കപ്പെട്ടവരാകുന്നു. അവരുടെ നമസ്കാരവും നോമ്പും ഒന്നും തന്നെ സ്വീകാര്യമല്ല. പരിപൂർണ്ണമായും തങ്ങളുടെ ഭർത്താക്കന്മാരെ അനുസരിക്കാത്തിടത്തോളം, ഹൃദയസ്നേഹത്താൽ അവരെ ആദരിക്കാത്തിടത്തോളം ഒരു സ്ത്രീയും സൽകർമികളാകുന്നതല്ല എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. (മൽഫൂസാത്ത് വാള്യം 5)

## ആരാധനയുടെ ഒരംശം

സ്ത്രീകളുടെ ആരാധനയുടെ ഒരു അംശം ഭർത്താൻമാരുടെ അവകാശം നൽകുക എന്നതാണ്. ആരാധനയുടെ മറ്റൊരംശം അല്ലാഹുവിന് കൃതജ്ഞത പറയുക എന്നതുമാണ്. (മൽഫൂസാത്ത് വാള്യം 3)

## ഭർതൃമാതാപിതാക്കളോട് സൽപെരുമാറ്റം

ചെറിയ ചെറിയ കാര്യത്തിൽ പോലും പിണങ്ങിക്കൊണ്ട് തങ്ങളുടെ ഭർത്താക്കന്മാരെ വഴക്ക് പറയുകയും മാത്രമല്ല, തങ്ങളുടെ ഭർതൃമാതാവിനും പിതാവിനും എതിരിൽ പോലും കഠിന വാക്കുകൾ ഉപയോഗിക്കുന്നു എന്ന രോഗം സ്ത്രീകളിൽ ധാരാളമായി കാണപ്പെടുന്നു. എന്നാൽ അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ ആദരവിനർഹരായവരാണ്. അവരെ നിസ്സാരരായി കാണുകയും അവരോട് കലഹിക്കുന്നത് മുഹല്ലയിലെ സ്ത്രീകളോട് കലഹിക്കുന്നത് പോലെയാണെന്നും കരുതുന്നു. എന്നാൽ അല്ലാഹു അവരെ സേവിക്കുന്നതും അവരുടെ തൃപ്തി കരസ്ഥമാക്കുന്നതും വലിയ കടമയായിട്ടാണ് നൽകിയിട്ടുള്ളത്. (മൽഫൂസാത്ത് വാള്യം 5)

വനിതാരംഗം

അബൂ തബസ്സും

# ഹദ്റത് അമ്മാജാൻ (റ)യുടെ വിലയേറിയ ഉപദേശങ്ങൾ

• തന്റെ ഭർത്താവിൽ നിന്ന് മറഞ്ഞിരിക്കുന്നതോ അല്ലെങ്കിൽ മറച്ചു വെക്കേണ്ടതുമായ കാര്യങ്ങൾ ചെയ്യരുത്. ഭർത്താവ് കണ്ടില്ലെങ്കിലും അല്ലാഹു കാണുന്നതാണ്. അവസാനം അത് വെളിപ്പെടുകയും സ്ത്രീയുടെ അന്തസ് കളങ്കപ്പെടുകയും ചെയ്യുന്നു.

• എന്തെങ്കിലും കാര്യം ഭർത്താവിന്റെ ഇഷ്ടത്തിന് വിരുദ്ധമായി സംഭവിച്ചു പോയാൽ ഒരിക്കലും മറച്ച് വെക്കരുത്. വ്യക്തമായി പറഞ്ഞ് കൊടുക്കുക. കാരണം അതാണ് അന്തസ്. മറച്ച് വെക്കുകയാണെങ്കിൽ അവസാനം അപമാനം സഹിക്കേണ്ടി വരുന്നതാണ്.

• നിങ്ങളോടോ അല്ലെങ്കിൽ ഏതെങ്കിലും പണിക്കാരനോടോ അല്ലെങ്കിൽ ഏതെങ്കിലും കുട്ടിയോടോ അദ്ദേഹം ദേഷ്യപ്പെട്ട് നിൽക്കുമ്പോൾ ഒരിക്കലും സംസാരിക്കരുത്. സത്യം അവരുടെ ഭാഗത്തല്ല എന്ന് നിങ്ങൾക്ക് മനസ്സിലായാൽ പോലും നിങ്ങൾ അപ്പോൾ ഒന്നും പറയരുത്. കോപം തണുത്തതിനു ശേഷം സാവധാനത്തിൽ സത്യം ഇന്നതാണെന്നും നിങ്ങളുടേതാണ് തെറ്റ് എന്നും അവരെ പറഞ്ഞ് മനസ്സിലാക്കുക. കോപിഷ്ഠനായ ഭർത്താവിനോട് തർക്കിക്കുന്ന ഭാര്യ തന്റെ അന്തസാണ് നഷ്ടപ്പെടുത്തുന്നത്.

• അദ്ദേഹത്തിന്റെ കുടുംബക്കാരെയും കുടുംബക്കാരുടെ മക്കളെയും സ്വന്തമാണെന്ന് കരുതുക. നിങ്ങളോട് മോശമായി പെരുമാറിയാലും നിങ്ങൾ അവരെ കുറിച്ച് മോശമായി ചിന്തിക്കരുത്. മനസ് കൊണ്ടും നിങ്ങൾ നന്മ മാത്രം ആഗ്രഹിക്കുക. കർമങ്ങൾ കൊണ്ടും തിന്മയ്ക്ക് പകരം തിന്മ ചെയ്യരുത്. അങ്ങനെയെങ്കിൽ അല്ലാഹുവും നിങ്ങൾക്ക് എപ്പോഴും നന്മ വരുത്തുന്നത് നിങ്ങൾ കാണുന്നതാണ്.

(സീറത്ത് ഹദ്റത് അമ്മാജാൻ (റ) ഭാഗം 2)

## മാതൃകാ സ്നേഹം

ഹദ്റത് അമ്മാജാൻ(റ), ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ഇഷ്ടാനിഷ്ടങ്ങളെ ശ്രദ്ധിച്ചിരുന്നു. ഭക്ഷണവും അധികവും സ്വയം തന്നെയാണ് തയ്യാറാക്കിയിരുന്നത്. അല്ലെങ്കിൽ സ്വന്തം മേൽനോട്ടത്തിൽ തയ്യാറാക്കുമായിരുന്നു. ഒരു സുഹൃത്ത് മറ്റൊരു സുഹൃത്തിനെ സഹായിക്കുന്നത് പോലെ അദ്ദേഹത്തിന്റെ മറ്റ് ജോലികളിൽ അദ്ദേഹത്തെ സഹായിക്കുമായിരുന്നു. ചുരുക്കത്തിൽ ഈ ജോഡി നിസ്തുല്യമായിരുന്നു. പരസ്പരം അഗാധമായ സ്നേഹമായിരുന്നു. ഒരിക്കൽ ഹദ്റത് അമ്മാജാൻ ഹദ്റത് അഖ്ദസിനോട് പറഞ്ഞു, അല്ലാഹു എന്നെ താങ്കളുടെ ദു:ഖം കാണിക്കരുതെന്നും എന്നെ താങ്കളെക്കാൾ മുമ്പേ വിളിക്കണമെന്നും ഞാൻ എപ്പോഴും ദു:ആ ചെയ്യാറുണ്ട്. ഇത് കേട്ടപ്പോൾ ഹദ്റത് മസീഹ് മൗഊദ് (അ) ഉടൻ തന്നെ പറഞ്ഞു, നീ എനിക്ക് ശേഷം ജീവിച്ചിരിക്കണമെന്നും ഞാൻ നിന്നെ സുരക്ഷിതയായി വിട്ടു പോകണമെന്നും ഞാൻ എപ്പോഴും ദു:ആ ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. (സീറത്ത് അമ്മാജാൻ)

## ഹദ്റത് സയ്യദ നവാബ് മുബാറക്ക ബേഗം സാഹിബയുടെ മാതൃക

**മകൾ പറയുന്നു;**
മറ്റേതെങ്കിലും ഭാര്യയായിരുന്നെങ്കിൽ നിശ്ചയമായും അഹംഭാവിയായി മാറിക്കൊണ്ട് ഭർത്താവിന്റെ അവകാശങ്ങളിലും സ്നേഹത്തിലും ആദരവിലും അലംഭാവം പുലർത്തിയേനെ. എന്നാൽ അമ്മീജാൻ വളരെ ചെറുപ്രായമായിരുന്നിട്ടും ഭർത്താവിന്റെ സൽപെരുമാറ്റത്തിൽ നിന്നും മുതലെടുത്തില്ല. എപ്പോഴും അദ്ദേഹത്തെ ആദരിച്ചിരുന്നു. അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങളെ എപ്പോഴും ശ്രദ്ധിക്കുമായിരുന്നു. കൂടെയുള്ളപ്പോഴും അസാന്നിദ്ധ്യത്തിലും അതിനനുസരിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. നിങ്ങളുടെ പിതാവിന് ഇന്നത് ഇഷ്ടമല്ല, അത് ശ്രദ്ധിക്കണം എന്ന് എപ്പോഴും ഞങ്ങളോട് പറയുമായിരുന്നു. അദ്ദേഹം രോഗിയാകുമ്പോൾ അസ്വസ്ഥയാകുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിനായി വളരെയധികം ദുആ ചെയ്തിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കല്പനകളെയും ആഗ്രഹങ്ങളെയും സസന്തോഷം പൂർത്തിയാക്കിയിരുന്നു.

(സീറത്ത് വ സവാനിഹ് ഹദ്റത് സയ്യദ നവാബ് മുബാറക ബേഗം സാഹിബ (റ))

# ഹദ്റത് സയ്യദ നവാബ് മുബാറക ബേഗം സാഹിബ (റ) യുടെ കത്തിൽ നിന്ന്

ശരീഅത്തിനും ദൈവതൃപ്തിക്കും വിരുദ്ധമായ കാര്യങ്ങളിലൊഴികെ ഭർത്താവിനെ അനുസരിക്കുന്നതും അവരുടെ തൃപ്തി കരസ്ഥമാക്കുന്നതും നിങ്ങളുടെ കടമയായിരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ സന്തോഷത്തിൽ സന്തോഷത്തോടെ പങ്കാളിയാകുക. അദ്ദേഹം ചിന്തിക്കുന്ന സമയത്ത് പ്രോൽസാഹിപ്പിക്കുക. അദ്ദേഹത്തിന്റെ അന്തസും, ധനവും, സന്താനങ്ങളും എല്ലാം തന്നെ നിങ്ങളുടെ പക്കലുള്ള അവരുടെ സൂക്ഷിപ്പു മുതലുകളായിരിക്കണം. അല്ലാഹുവിന്റെ സവിധത്തിൽ തലയുയർത്തി നിൽക്കുന്നതിനായി അവയെ സംരക്ഷിക്കുക. അദ്ദേഹത്തിന്റെ കുടുംബക്കാരെ സ്വന്തം കുടുംബക്കാരായി കാണുക. അദ്ദേഹത്തിന്റെ മാതാപിതാക്കളെ സ്വന്തം മാതാപിതാക്കളായി കാണുക. എല്ലാ കലഹകാരണങ്ങളിൽ നിന്നും അകന്നു നിൽക്കുക. ഒരിക്കലും പരാതിപ്പെടരുത്. ദുആയിലൂടെ അല്ലാഹുവിന്റെ സഹായം എപ്പോഴും തേടിക്കൊണ്ടിരിക്കുക.

(സീറത്ത് വ സവാനിഹ് ഹദ്റത് സയ്യദ നവാബ് മുബാറക ബേഗം സാഹിബ (റ))

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

**അസ്ഹാബീ കന്നുജൂമി**
**ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും**

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് അബൂദുജാന (റ) അൻസാരി

## പേരും വംശവും

സമാക് ബിൻ ഖർസ എന്നാണ് പേര്. ബനൂ ഖസ്റജ് ഗോത്രവുമായിട്ടാണ് ബന്ധം. മാതാവ് ഹസ്മ ബിൻത് ഹർമല. ഖസ്റജ് ഗോത്ര തലവനായ ഹദ്റത് സഅദ് (റ) ന്റെ പിതൃസഹോദര പുത്രനാണ്. ഹിജ്റതിന് മുൻപു തന്നെ ഇസ്ലാം മതം സ്വീകരിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു.

## ബദ്റിലെ ധീരത

ഹദ്റത് അബൂദുജാന(റ)ന് നബി തിരുമേനി (സ) യോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ബദ്ർ യുദ്ധത്തിൽ വളരെ ധീരതയോടെ പടപൊരുതി. ധൈര്യത്തിലും പൗരുഷത്തിലും അദ്ദേഹത്തിന് തനതായ സ്വന്തം രീതിയുണ്ടായിരുന്നു. ചുവന്ന നിറത്തിലുള്ള തുണി തലയിൽ ചുറ്റുമായിരുന്നു. ജീവൻ കയ്യിൽ വെച്ചു കൊണ്ട് ശഹാദത്തിന് തയ്യാറായി കൊണ്ടാണ് അല്ലാഹുവിന്റെ മാർഗത്തിൽ അടരാടാൻ ഇറങ്ങിയിട്ടുള്ളത് എന്നായിരുന്നു അത് സൂചിപ്പിച്ചിരുന്നത്.

## ഉഹദിലെ പോരാളി

ഉഹദിൽ ശത്രുക്കളുടെ അവിചാരിത അക്രമണത്തിൽ മുസ്ലിംകൾ ചിതറിപ്പോകുകയും നബി(സ) ഒറ്റപ്പെട്ടു പോകുകയും ചെയ്ത സന്ദർഭത്തിൽ നബി(സ) യെ സംരക്ഷിക്കുന്നതിനായി അവിടെ ശേഷിച്ച ഏതാനും പേരിൽ അദ്ദേഹവും പെടുന്നു. നബി (സ)യെ ശത്രുക്കൾ ആക്രമിച്ചപ്പോൾ അദ്ദേഹം നബി(സ)യുടെ ജീവൻ രക്ഷിക്കുന്നതിനായി സ്വയം സമർപ്പിക്കുകയും ധാരാളം മുറിവേൽക്കുകയും ചെയ്തു.

## നബി (സ)യുടെ വാൾ

ഉഹദ് യുദ്ധവേളയിൽ നബി(സ) തന്റെ വാൾ അന്തരീക്ഷത്തിൽ വീശിക്കൊണ്ട് ചോദിച്ചു, ഇന്ന് ഈ വാളിന്റെ അവകാശം നൽകാൻ തയ്യാറുള്ളവർ ആരാണ്? ഉടൻ തന്നെ അബൂദുജാന(റ) മുന്നോട്ട് വന്ന് കൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! ഈ വാളിന്റെ അവകാശം ഞാൻ നൽകി കാണിച്ചു തരാം. നബി(സ) അദ്ദേഹത്തിന്റെ ആവേശവും ധൈര്യവും കണ്ട് ആ വാൾ നൽകി. പിന്നീട് ആ വാൾ യുദ്ധമുഖത്ത് ശത്രുക്കളുടെ തലകൾ കൊയ്തെടുക്കുന്ന കാഴ്ചയാണ് കണ്ടത്. നബി(സ)യുടെ കയ്യിൽ നിന്ന് ആ വാൾ വാങ്ങി അദ്ദേഹം വളരെ അഭിമാനത്തോടു കൂടി യുദ്ധനിരയിലേക്ക് പോകുന്ന അവസ്ഥ കണ്ട് നബി(സ) പറ ഞ്ഞു, സാധാരണ അവസ്ഥയിൽ അല്ലാഹു അഹങ്കാരത്തെ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഇന്ന് യുദ്ധമൈതാനത്ത് ശത്രുക്കൾക്കഭിമുഖമായി അബൂദുജാനയുടെ നെഞ്ചു വിരിച്ചുള്ള നടത്തം അല്ലാഹുവിന് വളരെ ഇഷ്ടമായി.

## ശഹാദത്ത്

ഹദ്റത് അബൂദുജാന(റ) ന്റെ ശഹാദത്ത് ഹദ്റത് അബൂബക്കർ(റ) ന്റെ കാലഘട്ടത്തിലാണ് ഉണ്ടായത്. യമാമ യുദ്ധത്തിലാണ് ശഹീദായത്. അന്നേരവും വളരെ പൗരുഷത്തോടും, ധീരതയോടും, ശൗര്യത്തോടും കൂടി വീര്യം പ്രകടിപ്പിച്ചു കൊണ്ടാണ് അദ്ദേഹം ജീവൻ ത്യജിച്ചത്. ഈ യുദ്ധത്തിൽ മുസൈലിമ കദ്ദാബുമായി എതിരിടേണ്ടി വന്നപ്പോൾ അയാൾ സ്വയം ഒരു ഉദ്യാനത്തിൽ ബന്ധനസ്ഥനായിരുന്നു. ഇടയിൽ ഒരു വലിയ മതിൽ ഉണ്ടായിരുന്നു. കൊട്ടാരത്തിന്റെ കവാടം അടഞ്ഞിരിക്കുകയായിരുന്നു. എങ്ങിനെയാണ് ഈ ഉദ്യാനത്തിൽ കടക്കും, കോട്ടയെ എങ്ങിനെ കീഴടക്കും എന്ന് മുസ്ലിംകൾക്ക് മനസിലായില്ല. അന്നേരം അബൂദുജാനയ്ക്ക് ഒരു പദ്ധതി മനസിൽ വന്നു. അദ്ദേഹം മുസ്ലിംകളോട് പറഞ്ഞു, എന്നെ എന്റെ വാളോടു കൂടി എടുത്ത് ആ ഉദ്യാനത്തിനുള്ളിലേക്ക് എറിയുക. മുസ്ലിംകൾ അതനുസരിച്ച് അദ്ദേഹത്തെ എടുത്ത് മതിലിനുള്ളിലേക്ക് എറിഞ്ഞു. അദ്ദേഹത്തിന് മറ്റ് മുസ്ലിംകൾക്ക് എത്തിപ്പെടാൻ കഴിയാതിരുന്ന ആ മറുഭാഗത്ത് എത്തിപ്പെടാൻ കഴിഞ്ഞെങ്കിലും വീഴ്ചയിൽ അദ്ദേഹത്തിന്റെ കാലിലെ എല്ല് ഒടിഞ്ഞു. ആ അവസ്ഥയിലും അദ്ദേഹം കോട്ടയുടെ വലിയ കവാടത്തിലെത്തി. വാളുകൊണ്ട് അടരാടി കൊണ്ടിരുന്നു. മുസ്ലിംകൾ ആ കവാടത്തിലൂടെ ഉദ്യാനത്തിനകത്തേക്ക് പ്രവേശിക്കുന്നത് വരെ അദ്ദേഹം യുദ്ധം ചെയ്ത് കൊണ്ടിരുന്നു. അദ്ദേഹം പോയി മുസൈലിമ കദ്ദാബിനോട് ഏറ്റുമുട്ടി. മറ്റൊരു സഹാബിയും അദ്ദേഹത്തോടൊപ്പം ചേർന്നു. എന്നാൽ മുസൈലിമ കദ്ദാബിനെ വധിക്കുന്നതിൽ ഹദ്റത് അബൂദുജാനയും ഉണ്ടായിരുന്നു. അദ്ദേഹം വളരെ ധീരതയോടെ മുസൈലിമയോട് ഏറ്റുമുട്ടുകയും അതേ മാർഗത്തിൽ അടരാടിക്കൊണ്ട് യമാമ യുദ്ധത്തിൽ ശഹീദായി. അങ്ങനെ അദ്ദേഹം നബി(സ) നൽകിയ വാളിന്റെ അവകാശം യമാമയുദ്ധത്തിലും പൂർത്തിയാക്കുകയുണ്ടായി.

## സ്വഭാവ ശുദ്ധി

ഹദ്റത് അബൂദുജാന (റ) ഉന്നത ധാർമിക ഗുണങ്ങളുടെ ഉടമസ്ഥനായിരുന്നു. ഒരിക്കൽ രോഗബാധിതനായപ്പോൾ മുഖം പ്രകാശിക്കുകയായിരുന്നു. ആരോ കാരണം തിരക്കി. പറഞ്ഞു, എന്റെ രണ്ട് കർമങ്ങൾ കൊണ്ട് ഞാൻ സന്തുഷ്ടനാണ്. അല്ലാഹു അതിനെ സ്വീകരിച്ചേക്കാം. ഒന്ന് ഞാനൊരിക്കലും അനാവശ്യ കാര്യം പ്രവർത്തിച്ചിട്ടില്ല. ആരെ സംബന്ധിച്ചും പരദൂഷണം പറഞ്ഞിട്ടില്ല. രണ്ട്, എന്റെ മനസ് മുസ്ലിം സഹോദര ങ്ങൾക്കായി എപ്പോഴും സുതാര്യമായിരിക്കും. ഒരിക്കലും ഒരു മുസ്ലിമിനോടും വിദ്വേഷമോ പകയോ തോന്നിയിട്ടില്ല.

## കുടുംബം

മാതാവിന്റെ കുടുംബത്തിൽ നിന്നുള്ള അമിന ബിൻത് അമർ ആയിരുന്നു ഭാര്യ. അതിൽ നിന്ന് ഖാലിദ് എന്ന പേരുള്ള ഒരു പുത്രനെ കുറിച്ചുള്ള പരാമർശം ലഭിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ സന്താനങ്ങൾ മദീനയിലും ബഗ്ദാദിലും താമസമുറപ്പിച്ചു.

**- ഇബ്നു അശ്റഫ്**




## സ്ത്രീകൾക്കുള്ള ഉപദേശം

മിയാൻ ഇമാമുദ്ദീൻ സിഖ്വാനിയുടെ സഹോദരി മായികാത്തു എന്ന് വിളിപ്പേരുള്ള മായി അമീർ ബീബി പറയുന്നു.
ഹദ്റത് മസീഹ് മൗഊദ് (അ) സ്ത്രീകളോട് പൊതുവായി ഉപദേശിക്കാറുള്ളത് കൃത്യനിഷ്ഠയോടുകൂടി നമസ്കാരം അനുഷ്ഠിക്കാനും വിശുദ്ധഖുർആന്റെ അർഥം പഠിക്കാനും ഭർത്താക്കന്മാരോടുള്ള കടമകൾ നിറവേറ്റാനും ആയിരുന്നു. സ്ത്രീകൾ ബയ്അത്ത് ചെയ്യുമ്പോഴെല്ലാം സാധാരണ ചോദിക്കാറുണ്ടായിരുന്നത്, വിശുദ്ധഖുർആൻ പഠിച്ചിട്ടുണ്ടോ എന്നായിരുന്നു. പഠിച്ചിട്ടില്ലെങ്കിൽ, പഠിക്കാൻ നിർദ്ദേശിക്കുമായിരുന്നു. അർഥം പഠിക്കാതെ ഓതാൻ മാത്രം പഠിച്ചിട്ടുണ്ടെങ്കിൽ വിശുദ്ധ ഖുർആന്റെ കൽപനകൾ മനസ്സിലാക്കികൊണ്ട് അത് പാലിക്കുവാനുള്ള തൗഫീഖ് ലഭിക്കുന്നതിന് വേണ്ടി വിശുദ്ധഖുർആന്റെ അർഥം പഠിക്കുവാനും നിർദ്ദേശിക്കുമായിരുന്നു.

## മൾബറി

ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ് പറയുന്നു; ഹദ്റത് മസീഹ് മൗഊദ്(അ) തന്റെ തോട്ടം പാട്ടവ്യവസ്ഥിതിയിൽ നൽകുമ്പോൾ ചില ഫലവർഗ്ഗ വൃക്ഷങ്ങൾ തനിക്കു വേണ്ടി മാറ്റിവെച്ചിരുന്നു. മൾബറി ഉണ്ടാകുന്ന സീസണിൽ ആ സമയത്ത് കൂടെയുള്ള എല്ലാ സുഹൃത്തുക്കൾക്കും ഒപ്പം രണ്ടോ, മൂന്നോ പ്രാവശ്യം തോട്ടത്തിൽ സവാരിക്ക് പോവുകയും മൾബറി പറിച്ചു കൊണ്ട് എല്ലാവരോടുമൊപ്പം അത് കഴിക്കുകയും ചെയ്യുമായിരുന്നു. തോട്ടക്കാരൻ മൾബറി പറിക്കുന്ന തുണി അതു പോലെ തന്നെ എല്ലാവരുടേയും മുന്നിൽ കൊണ്ടുവന്നു വയ്ക്കുമായിരുന്നു. എല്ലാ സുഹൃത്തുക്കളും അതിന് ചുറ്റും വട്ടം ഇട്ടിരുന്നു കൊണ്ട് അത് കഴിക്കുമായിരുന്നു. അതു പോലെ അദ്ദേഹവും എല്ലാവരോടും ഒന്നിച്ചിരുന്നു കൊണ്ട് യാതൊരു മടിയും കൂടാതെ അത് കഴിക്കുമായിരുന്നു.

**സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ**

**ശതാബ്ദം**
**1913 – ആഗസ്ത്**
**എസ്.**

▷ കാൺപൂരിൽ റോഡ് നിർമാണവുമായി ബന്ധപ്പെട്ട് സർക്കാർ ഒരു മുസ്ലിം പള്ളിയുടെ കുളിമുറി പൊളിച്ചതിൽ വ്യാപകമായ പ്രതിഷേധമുണ്ടായപ്പോൾ രാജ്യദ്രോഹവും കലാപവും ഇസ്ലാമിന്റെ മാർഗമല്ലെന്ന് വിശദീകരിച്ചുകൊണ്ടുള്ള ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ സന്ദേശം അഹ്മദിയ്യാ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു.

▷ ഹദ്റത്ത് ഫത്തഹ് മുഹമ്മദ് സിയാൽ സാഹിബ് വോകിംഗ് (യു.കെ) ൽ എത്തി.

# കർമശാസ്ത്രം

## കിഫാഅത്ത്(ചേർച്ചകൾ)

നിക്കാഹിൽ സ്ത്രീപുരുഷൻമാരുടെ ചേർച്ച (കുഫ്വ്) അഭികാമ്യമാണ്
കുഫ്വിന്റെ വാക്കർത്ഥം സമനില അഥവാ തുല്യം എന്നാണ്. കർമ്മശാസ്ത്രപടുക്കൾ, ചിലവൃത്തങ്ങളിൽ കുഫ്വ് അതായത് പുരുഷന്റെ തുല്യ നില ആവേണ്ടതിന്റെ സാമൂഹിക പ്രസക്തി അംഗീകരിച്ചിട്ടുണ്ട്. കാരണം കുഫ്വ് കൊണ്ടുള്ള യഥാർഥ ലക്ഷ്യം ഇരുകൂട്ടരുടേയും ദാമ്പത്യജീവിതത്തിൽ സമഭാവനയും യോജിപ്പും ഉണ്ടാകണമെന്നതാണ്.
കുഫ്വിൽ മതം,ധർമ്മനിഷ്ഠ, ഒരേ ജീവിതരീതി എന്നിവ അടിസ്ഥാനമാണ്. ഇത് കൂടാതെ വംശം,ജോലി,വിദ്യാഭ്യാസം, പ്രായം, ആരോഗ്യം എന്നിവ കൂടി ശ്രദ്ധിക്കുകയാണെങ്കിൽ അത് അനുഗൃഹീതവും സാമൂഹികജീവിതത്തിൽ നല്ലതുമായിരിക്കും. പുരുഷനോ, സ്ത്രീയോ, അല്ലെങ്കിൽ അവളുടെ വലിയോ, രണ്ടാമത് പറഞ്ഞ വ്യത്യാസങ്ങൾ അറിഞ്ഞിട്ടും അത് അവഗണിക്കുകയാണെങ്കിലും ഇസ്ലാമിക ദൃഷ്ട്യാ നിക്കാഹ് പൂർത്തിയാകുന്നതാണ്. പിന്നീട്, ഈ വ്യത്യാസങ്ങൾ കാരണത്താൽ നിക്കാഹ് അസാധുവാക്കാനുള്ള ആവശ്യമുന്നയിക്കാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.
ഏതായിരുന്നാലും ഈ എല്ലാ കാര്യങ്ങളേക്കാളും മതപരമായ ചേർച്ചയ്ക്കും, തുല്യതക്കുമാണ് അടിസ്ഥാനപരമായ പ്രാധാന്യമുള്ളത്. അതുകൊണ്ട്തന്നെ നബിതിരുമേനി(സ)പറയുന്നു: സ്ത്രീയുമായി വിവാഹ ബന്ധത്തിലേർപ്പെടുമ്പോൾ കുടുംബജീവിതം നന്നാക്കുവാൻ നാല് കാര്യങ്ങളാണ് ശ്രദ്ധിക്കാനുള്ളത്. ഈ കാര്യങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. അതായത് അവളുടെ സമ്പത്ത്, അവളുടെ കുലമഹിമ, അവളുടെ സൗന്ദര്യം, അവളുടെ ധർമ്മനിഷ്ഠ. ഒരു വിശ്വാസി അവളുടെ ധർമ്മനിഷ്ഠയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്.
സംസ്കാരം, ജീവിതരീതി, മറ്റ് ശിക്ഷണ കാര്യങ്ങൾ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും, പ്രയാസങ്ങളും ഉള്ളത് കൊണ്ടാണ് അഹ്മദിയ്യാ ജമാഅത്ത് ഒരു അഹ്മദി സ്ത്രീക്ക് അനഹ്മദി പുരുഷനുമായി വിവാഹം കഴിക്കാനുള്ള അനുവാദം നൽകാത്തത്.
ഇങ്ങനെയുള്ള വിവാഹം ധർമ്മനിഷ്ഠയിലുള്ള കുഫ്വ് പൂർത്തിയാക്കുന്നതല്ല. അഥവാ ജമാഅത്തീ വ്യവസ്ഥിതിക്ക് എതിരായി വിവാഹം നടക്കുകയാണെങ്കിലും അത് അസാധുവാകുന്നതല്ല. അതായത് അവരുടെ സന്താനങ്ങൾ തറവാടികളായിരിക്കും. ശരീഅത്തീപരവും നിയമപരവുമായ അവകാശങ്ങളും പിന്തുടർച്ചാവകാശവും ലഭിക്കുന്നതുമായിരിക്കും.

**സമ്പാ: എം.പി.ഹനീഫ് ഷാഹിദ്**

### പുണ്യാത്മാക്കൾ

# ഹദ്റത് ചൗധരി അബ്ദുസ്സലാം ഖാൻ സാഹിബ് (റ)

ഹദ്റത് ചൗധരി അബ്ദുസ്സലാം ഖാൻ സാഹിബ് പിശാവറിലാണ് ജനിച്ചത്. പ്രൈമറിവിദ്യാഭ്യാസത്തിന് ശേഷം കൂടുതൽ തുടർ പഠനത്തിനായി ലാഹോറിലെത്തി. അവിടെ വെച്ച് അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള ഏതാനും സാഹിത്യങ്ങൾ വായിക്കാനായി ലഭിച്ചു. പത്താം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് ഹദ്റത് മസീഹ് മൗഊദ് (അ) ലാഹോറിൽ എത്തുകയുണ്ടായി. ചൗധരി സാഹിബിനും കൂടിക്കാഴ്ചയ് ക്കുള്ള അവസരം അപ്പോൾ ലഭിക്കുകയുണ്ടായി. ഏതാനും നാളുകൾക്കു ശേഷം ഏകദേശം 1903 ൽ ഖാദിയാനിൽ എത്തുകയും ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

പിന്നീട് ഖാദിയാനിൽ നിന്നു തന്നെ അറബിയും ഹദീസും പഠിച്ചു. തുടർന്ന് കാഠ്ഗഢിൽ ഉള്ള പിതാവിന്റെ അടുക്കലേക്ക് പോയി. പിന്നീട് അദ്ദേഹം തന്റെ കുടുംബക്കാർക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുകയും അവരെ നിരന്തരമായി തബ്ലീഗ് ചെയ്യാനും തുടങ്ങി. തൽഫലമായി കുടുംബത്തിലെ എല്ലാ അംഗങ്ങളും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. തുടർന്നുള്ള അദ്ദേഹത്തിന്റെ തബ്ലീഗിന്റെ ഫലമായി കാഠ്ഗഢിൽ ഒരു വലിയ ജമാഅത്ത് സ്ഥാപിതമായി.

ചൗധരി സാഹിബ് ഖാദിയാനിൽ ജോലി എടുക്കുകയുണ്ടായിട്ടുണ്ട്. കുറച്ചു കാലം ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ൽ നിന്ന് തത്വശാസ്ത്രവും പഠിക്കുകയുണ്ടായി.

ചൗധരി സാഹിബിന്റെ ഗ്രാമത്തിൽ നിരക്ഷരർ ധാരാളമായിരുന്നു. അവിടെ ആകെ ഉണ്ടായിരുന്നത് ആര്യമതക്കാരുടെ ഒരു സ്കൂളായിരുന്നു. അവരുടെ മുസ്ലിംകളോടുള്ള പെരുമാറ്റം നല്ലതായിരുന്നില്ല. അക്കാരണത്താൽ മുസ്ലിംകൾ തങ്ങളുടെ കുട്ടികളെ അവിടേക്ക് പഠനത്തിനായി അയക്കുന്നതിന് അമാന്തിച്ചിരുന്നു. ഈ അവസ്ഥയിൽ ചിന്തിതനായ അദ്ദേഹം സ്വന്തം ഗ്രാമത്തിൽ ഒരു സ്കൂൾ തുറക്കുന്നതിനായി ശ്രമമാരംഭിച്ചു. അങ്ങനെ അദ്ദേഹം തന്റെ തന്നെ ഭൂമിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഒരു സ്കൂൾ ആരംഭിച്ചു.

തുടർന്ന് മുസ്ലിംകളെ സ്കൂൾ പഠനത്തിലേക്ക് പ്രേരിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പ്രസ്തുത സ്കൂളിന്റെ ഉൽഘാടനത്തിനായി അദ്ദേഹം അപേക്ഷിച്ചതനുസരിച്ച് ഹദ്റത് മസീഹ് മൗഊദ്(അ) ഹദ്റത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ) നെ അയക്കുകയുണ്ടായി. ഹദ്റത് ചൗധരി അബ്ദുസ്സലാം സാഹിബ് സാധു വിദ്യാർത്ഥികളിൽ നിന്ന് യാതൊരു ഫീസും വാങ്ങിയിരുന്നില്ല. സൗജന്യമായി അവർക്ക് വിദ്യാഭ്യാസം നൽകിയിരുന്നു. മാത്രമല്ല അവർക്കുള്ള പുസ്തകങ്ങളും സംഘടിപ്പിച്ച് നൽകുമായിരുന്നു. പെൺകുട്ടികൾക്കുള്ള പഠനം തികച്ചും സൗജന്യമായിരുന്നു. എന്നിരുന്നിട്ടും മാതാക്കൾ പെൺകുട്ടികളെ സ്കൂളിലേക്കയക്കാൻ സന്നദ്ധരായിരുന്നില്ല. മുസ്ലിം കുട്ടികളുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുമായി ചൗധരി സാഹിബ് വീട് വീടാന്തരം കയറിയിറങ്ങി പരിശ്രമിക്കുകയുണ്ടായി. അല്പകാലത്തിനു ശേഷം അഞ്ചുമനിൽ നിന്നും സഹായം ലഭിക്കാൻ തുടങ്ങി. ധാരാളം സമർത്ഥരും പരിശ്രമശാലികളുമായവരെ പ്രതിഫലം വാങ്ങാതെ പഠിപ്പിക്കുകയും അവർ പിന്നീട് സൈന്യത്തിലും മറ്റും ഉദ്യോഗസ്ഥരാകുകയും ചെയ്തിട്ടുണ്ട്.

ഹദ്റത് ചൗധരി അബ്ദുസ്സലാം സാഹിബ് (റ)ന്റെ ഒരു വീട് താമസ സമയത്ത് അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഹദ്റത് മസീഹ് മൗഊദ്(അ) ഹദ്റത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബ്(റ) നേയും ഹദ്റത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ) നേയും കാഠ്ഗഢയിലേക്ക് അയച്ചിരുന്നു.

ഹദ്റത് ചൗധരി സാഹിബ് കാഠ്ഗഢ ജമാഅത്തിന്റെ അമീറായിരുന്നു. തബ്ലീഗിൽ വളരെ ആവേശമായിരുന്നു. ചുറ്റുവട്ടത്തുള്ള പല സ്ഥലങ്ങളിലും ജമാഅത്ത് സ്ഥാപിക്കുന്നതിനുള്ള അവസരം ലഭിക്കുകയുണ്ടായി. ഒരു ക്ലിനിക്കും തുടങ്ങിയിരുന്നു. മരുന്ന് തികച്ചും സൗജന്യമായിരുന്നു. സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുകയും ചെയ്തിരുന്നു.

1931 ഒക്ടോബർ 19 ന് 48 ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായി. അദ്ദേഹത്തെ ഖാദിയാനിലാണ് ഖബറടക്കിയിരിക്കുന്നത്. *(അൽഫള്ൽ ഇന്റർ നാഷണൽ)*

## പെൺകുട്ടിയുടെ കയ്യിൽ രണ്ട് താക്കോലുകൾ

പെൺകുട്ടിയെ വിവാഹം ചെയ്തയക്കുമ്പോൾ അവളുടെ കയ്യിൽ രണ്ട് താക്കോലുകളുണ്ടായിരിക്കും. ഒന്ന് അനുരഞ്ജനത്തിന്റെ വാതിലിന്റെയും മറ്റൊന്ന് കലഹത്തിന്റെ വാതിലിന്റെയും താക്കോൽ. ഏത് വാതിലാണോ തുറക്കാൻ ആഗ്രഹിക്കുന്നത് അതവൾക്ക് തുറക്കാവുന്നതാണ്. അനുരഞ്ജനത്തിന്റെ വാതിൽ തുറക്കുന്നവൾ ഭാഗ്യവതിയാകുന്നു. പെൺകുട്ടി തന്റെ ഭർതൃമാതാവിനെയും പിതാവിനെയും അനുസരിക്കേണ്ടതാണ്. കാരണം വിവാഹ ശേഷം പെൺകുട്ടിയുടെ ബന്ധം സ്വന്തം മാതാപിതാക്കളെക്കാൾ അധികമായി സ്വന്തം ഭർതൃമാതാവിനോടും പിതാവിനോടും ആകുന്നു. അക്കാരണത്താൽ അവരെ ബഹുമാനിക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഇതാണ് വിദ്യാഭ്യാസത്തിന്റെ സവിശേഷത. തന്നെ, പെൺകുട്ടി ഏറ്റവും ഉത്തമയായ അനുസരണമുള്ളവളായി സ്ഥാപിക്കേണ്ടതാണ്.. തന്റെ ഭർത്താവിനെ അവരുടെ മാതാപിതാക്കളിൽ നിന്ന് അകറ്റാൻ ശ്രമിക്കുന്ന സ്ത്രീ അങ്ങേയറ്റം നിർഭാഗ്യവതിയാകുന്നു. അവർക്കൊരിക്കലും സഫലമായ ദീൻ കരസ്ഥമാകുന്നതല്ല.

(സീറത് ഹദ്റത് നവാബ് മുബാറക ബേഗം സാഹിബ(റ))



# ഇമാമുസമാന്റെ ഫത്‌വകൾ

## നമസ്കാരവും ഫാത്തിഹയും

**ഇമാമിന്റെ പിന്നിൽ നമസ്കരിക്കുമ്പോൾ ഫാത്തിഹ ഓതാതിരുന്നാൽ നമസ്കാരം ശരിയാകുമോ? ഇല്ലയോ എന്ന് ഒരാൾ ചോദിച്ചു?**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. നമസ്കാരം ശരിയാകുമോ, ഇല്ലയോ എന്നല്ല ചോദിക്കേണ്ടത്. മറിച്ച് നമസ്കാരത്തിൽ ഫാത്തിഹ ഓതണമോ വേണ്ടയോ എന്നാണ് അന്വേഷിക്കേണ്ടത്? ഫാത്തിഹ തീർച്ചയായിട്ടും ഓതേണ്ടതാണ് എന്നാണ് ഇതിനുള്ള ഉത്തരം. നമസ്കാരം സ്വീകരിക്കുമോ ഇല്ലയോ എന്നുള്ളത് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളു. ഹനഫി മദ്ഹബിനെ അംഗീകരിക്കുന്ന അല്ലാഹുവിന്റെ ഒരു പാട് ഔലിയാക്കൾ, ഇമാമിന്റെ പിന്നിൽ ഫാത്തിഹ ചൊല്ലാത്തവരായിരിന്നിട്ടുണ്ട്. അവരുടെ നമസ്കാരം സ്വീകരിച്ചിട്ടില്ലെങ്കിൽ പി ന്നെ അവരെങ്ങനെ ഔലിയാക്കളായി തീർന്നു. ഇമാം അബൂഹനീഫയുമായി എനിക്ക് ഒരു തരത്തിൽ ഒരു ബന്ധമുള്ളതിനാൽ നാം അദ്ദേഹത്തെ ആദരിക്കുകയും ചെയ്യുന്നു. നമസ്കാരം സ്വീകരിക്കപ്പെടുകയില്ലായെന്ന് എനിക്ക് ഫത്‌വ നൽകാൻ സാധ്യമല്ല. അക്കാലത്ത് എല്ലാ ഹദീസുകളും ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. ഈ രഹസ്യം ഇപ്പോഴാണ് തുറക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് അവർ അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുകയാണ്. ഇനി ആരെങ്കിലും (ഫാത്തിഹ) ഓതുന്നില്ലെങ്കിൽ നിസംശയം അവന്റെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. ഫാത്തിഹ ഇമാമിനു പിന്നിൽ ഓതേണ്ടതാണെന്നതാണ് ഈ ചോദ്യത്തിനു മറുപടിയായി നാം വീണ്ടും വീണ്ടും പറയുന്നത്. *(തദ്ക്റത്തുൽ മഹ്ദി പേജ്:253)*

## റുക്കൂഉം റക്അത്തും

**ഒരാൾ ചോദിച്ചു: ജമാഅത്തായി നമസ്കാരം നടക്കുമ്പോൾ ഒരാൾക്ക് റുക്കൂഇൽ വന്ന് ജമാഅത്തുമായി ചേരാനുള്ള അവസരം കിട്ടുകയും എന്നാൽ അയാൾക്ക് ഫാത്തിഹ ഓതാനുള്ള അവസരം കിട്ടിയിട്ടുമില്ലയെങ്കിൽ അയാൾക്ക് അത് റക്അത്തായി കിട്ടുമോ?**

മറുപടി: മൗലവി അബ്ദുൽ കരീം സാഹിബ് പറയുന്നു അയാൾക്ക് റക്അത്ത് കിട്ടുകയില്ല. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, എങ്ങനെയാണ് അത് കിട്ടാതിരിക്കുക?ആ റക്അത്ത് അയാൾക്ക് കിട്ടിയിരിക്കുന്നു. അയാൾക്ക് ഫാത്തിഹ ഓതാൻ അവസരം കിട്ടിയാൽ അയാൾ ഫാത്തിഹ ഓതുമായിരുന്നില്ലേയെന്നാണ് നാം ചോദിക്കുന്നത്.

അപ്പോൾ മൗലവി സാഹിബ് പറഞ്ഞു, ഫാത്തിഹ ഓതണം എന്നതാണ് അയാളുടെ വിശ്വാസം അതു കൊണ്ട് അയാൾ ഫാത്തിഹ ഓതും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, നബി(സ)യുടെ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ *ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി* അതായത്, കർമ്മത്തിന്റെ അടിത്തറ ഉദ്ദേശ്യത്തിലാണ് നിലക്കൊള്ളുന്നത്. അതിനാൽ അയാൾക്ക് ഫാത്തിഹ ഓതാനുള്ള സമയം കിട്ടിയില്ല, എന്നാൽ ഹൃദയത്തിൽ അയാൾക്ക് വിശ്വാസവുമുണ്ട്. തീർച്ചയായിട്ടും അയാൾക്ക് ആ റക്അത്ത് കിട്ടുക തന്നെ ചെയ്യും.

*(തദ്ക്റത്തുൽ മഹ്ദി പേജ്:254)*

## ഖല്വാ ഉമരി

**ഖല്വാ ഉമരിയെ കുറിച്ച് ചോദിക്കപ്പെട്ടു. അതായത് ജുമുഅത്തുൽ വിദാ ദിനത്തിൽ, ജീവിതത്തിൽ വിട്ടുപ്പോയ നമസ്കാരങ്ങൾക്കു പകരം അതിനു പ്രതിവിധിയായി നിർവഹിക്കുന്ന നമസ്കാരത്തെ സംബന്ധിച്ച് വല്ല പ്രാമാണികതയുമുണ്ടോ?**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ഇതൊരു അനാവശ്യമായ പ്രവർത്തിയാകുന്നു. ഒരാൾ നമസ്കാരം നിരോധിച്ചിരിക്കുന്ന സമയത്ത് നമസ്കരിക്കുകയായിരുന്നു. അപ്പോൾ മറ്റൊരാൾ ഹദ്റത്ത് അലി(റ) യോട് പറഞ്ഞു, താങ്കൾ ഖലീഫയല്ലേ, എന്തുകൊണ്ട് അയാളെ തടയുന്നില്ല?അപ്പോൾ ഹദ്റത്ത് അലി (റ) പറഞ്ഞു, ഞാൻ *അറഅയ്ത്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ* അതായത് നമസ്കരിക്കുന്നവനെ തടയുന്നവനെ നീ കണ്ടില്ലേ? എന്ന ആയത്തിനു കീഴിൽ ഒരു കുറ്റവാളിയാകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. എന്നാൽ ഒരാൾ താൻ ഖല്വാ ഉമരി ദിവസത്തിൽ നമസ്കരിച്ചു വീട്ടാം എന്നു വിചാരിച്ചുക്കൊണ്ട് നമസ്കാരം മന:പൂർവ്വം ഉപേക്ഷിക്കുകയാണെങ്കിൽ അത് അനുവദനീയമല്ല. ലജ്ജക്കൊണ്ട് വിട്ട് പോയതിനു പരിഹാരമായിട്ടാണെങ്കിൽ അത് നിർവഹിച്ചോട്ടെ, എന്തിനു തടയണം അതും ദുആ തന്നെയല്ലെ? പിന്നെ തടയുന്നതുക്കൊണ്ട് പ്രസ്തുത വചനത്തിനു കീഴിൽ താങ്കളും കുറ്റവാളിയായി തീർന്നേക്കാം.

*(അൽഹക്കം. 24 ഏപ്രിൽ 1903)*

**ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യ ഇജ്തിമ 2013 ഒക്ടോബർ 1, 2, 3 ഖാദിയാൻ ദാറുൽ അമാനിൽ**

നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

# ഭാര്യാമർദ്ദന ശപഥം

وَخُذْ بِيَدِكَ ضِغْثًا فَاضْرِب بِّهِ وَلَا تَحْنَثْ ۗ
إِنَّا وَجَدْنَاهُ صَابِرًا ۚ نِّعْمَ الْعَبْدُ ۖ إِنَّهُ أَوَّابٌ ﴿٤٥﴾

(38:45)

## ജമാഅത്തെ ഇസ്‌ലാമി

**അർഥം:** (നാം അദ്ദേഹത്തോട് പറഞ്ഞു:) 'ഒരു പുൽക്കറ്റ കൈയിലെടുത്ത് അതുകൊണ്ട് അടിക്കുക; ശപഥം ലംഘിക്കേണ്ട.' നാം അദ്ദേഹത്തെ ക്ഷമാശീലനെന്നു കണ്ടു. എത്ര ശ്രേഷ്ഠനായ ദാസൻ! തന്റെ നാഥങ്കലേക്ക് അധികമധികം മടങ്ങുന്നവൻ.

**വ്യാഖ്യാനം:** ഈ വാക്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലാകുന്നതിതാണ്: രോഗാതുരതയിൽ അസ്വസ്ഥനായ ഹ: അയ്യൂബ് (അ) ആരെയോ തല്ലുമെന്ന് ശപഥം ചെയ്തിരുന്നു. (ഭാര്യയെ തല്ലുമെന്ന് ശപഥം ചെയ്തുവെന്നാണ് കഥകളിലുള്ളത്) ഇത്ര അടി അടിക്കുമെന്നും ശപഥത്തിൽ തന്നെ പറഞ്ഞിരുന്നു. അയ്യൂബ്(അ)ന് രോഗം മാറി, ദേഷ്യമെല്ലാം പോയപ്പോൾ ഈ ശപഥം അദ്ദേഹത്തെ പരിഭ്രാന്തനാക്കി. സത്യം പാലിക്കണമെങ്കിൽ ഒരു നിരപരാധിയെ അടിക്കേണ്ടിവരും. ശപഥം ലംഘിക്കുകയെന്നാ ൽ അതൊരു പാപവും. അല്ലാഹു അദ്ദേഹത്തെ അതിൽ നിന്ന് മുക്തനാക്കുന്നതിനുവേണ്ടി ഇപ്രകാരം കൽപിച്ചു: എത്ര അടി അടിക്കുമെന്നാണോ ശപഥം ചെയ്തിട്ടുള്ളത്, അത്രയും തണ്ടുകളുള്ള ഒരു പുൽക്കറ്റയെടുത്ത്, അതുകൊണ്ട് ആ മനുഷ്യനെ ഒരടിയടിച്ചാൽ മതി, താങ്കളുടെ ശപഥം പൂർത്തീകരിക്കപ്പെടും. അയാൾക്ക് പരിക്കേൽക്കുകയുമില്ല. *(ഖുർആൻ ഭാഷ്യം, BY: മൗ.മൗദൂദി, പ്രസാ: ഐ.പി.എച്ച്.കോഴിക്കോട്)*

## കേരള നദ്‌വത്തുൽ മുജാഹിദീൻ

**അർഥം:** 'നീ ഒരു പിടിപുല്ല്(അഥവാ ചുള്ളിത്തണ്ട്) നിന്റെ കയ്യിലെടുക്കുക; എന്നിട്ട് അതുകൊണ്ടു അടിക്കുകയും ശപഥം ലംഘിക്കാതിരിക്കുകയും ചെയ്യുക.' നിശ്ചയമായും, അദ്ദേഹത്തെ ക്ഷമിക്കുന്നവനായി നാം കണ്ടെത്തിയിരിക്കുന്നു. വളരെ നല്ല അടി യാൻ! നിശ്ചയമായും അദ്ദേഹം, വളരെ മടക്കമുള്ള ആളാകുന്നു.

**വ്യാഖ്യാനം:** അയ്യൂബ് (അ) നബിയെ സ്നേഹിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്തിരുന്ന തന്റെ ഭാര്യയുടെ പക്കൽ എന്തോ ഒരു വീഴ്ച പറ്റി. കോപം നിമിത്തമോ മറ്റോ അദ്ദേഹം ആ സ്ത്രീ യെ നൂറു അടി അടിക്കുമെന്നു ശപഥം ചെയ്തു. ഈ ശപഥം കേവലം ഒരു നല്ല ശപഥമല്ലായിരുന്നു. കാരണം അതിനുമാത്രം അവൾ തെറ്റു ചെയ്തിരുന്നില്ല. അതുകൊണ്ടു ആ ശപഥം നാമ മാത്രമായി നിറവേറ്റിയാൽ മതിയെന്നു അല്ലാഹു അദ്ദേഹത്തിനു നിർദ്ദേശം നൽകി. അതായതു, നൂറു എണ്ണം വരുന്ന ഒരു പിടി പുല്ലെടുത്തു (അല്ലെങ്കിൽ ചുള്ളിത്തണ്ടെടുത്തു) അതുകൊണ്ട് അവളെ ഒന്ന് അടിക്കുവാനും, അങ്ങിനെ ആ സത്യം, പാലിക്കു വാനും അദ്ദേഹത്തോടു അല്ലാഹു കൽപിച്ചു. അതുവഴി, പ്രത്യക്ഷ ത്തിൽ ആ ശപഥം നിറവേറ്റുന്നതോടൊപ്പം നിരപരാധിനിയായ ആ സ്ത്രീ ശിക്ഷയിൽ നിന്നു ഒഴിവാകുകയും ചെയ്തു. *(വിശുദ്ധ ഖുർആൻ വിവരണം, ഭാഗം:4, BY അമാനി മൗലവി, പ്രസാ: കെ.എൻ.എം.)*

## സൗദി അറേബ്യ


**വ്യാഖ്യാനം:** അയ്യൂബ് നബി (അ) രോഗതുരനായപ്പോൾ അദ്ദേഹത്തിനെതിരായിത്തീർന്ന ഭാര്യ രൂക്ഷമായ ശൈലിയിൽ അദ്ദേഹത്തെ അധിക്ഷേപിക്കുകയും, അല്ലാഹുവെ തള്ളിപ്പറയുകയും ചെയ്തപ്പോൾ അവളെ നൂറ് അടി അടിക്കുമെന്ന് അദ്ദേഹം ശപഥം ചെയ്തിരുന്നുവെന്നും, ആ ശപഥം ലംഘിക്കാതിരിക്കാൻ വേണ്ടി നൂറ് കണക്കിന് പുൽക്കൊടികളടങ്ങുന്ന ഒരു കെട്ട് കൊണ്ട് അവളെ (അവൾ വിശ്വാസത്തിലേക്ക് മടങ്ങിയതിനുശേഷം) ഒരടി അടിക്കുവാൻ അല്ലാഹു നിർദ്ദേശിക്കുകയുണ്ടായെന്നുമാണ് ചില വ്യാഖ്യാതാക്കൾ ഈ വചനത്തിന് വിശദീകരണം നൽകിയിട്ടുള്ളത്. *(വിശുദ്ധ ഖുർആൻ സമ്പൂർണ മലയാള പരിഭാഷ, BY ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പറപ്പൂർ. പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ്, അൽ മദീന മുനവ്വറ)*

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

**അർഥം:** (അദ്ദേഹത്തോട് നാം പറഞ്ഞു:) 'നിന്റെ കൈയിൽ ഒരുണങ്ങിയ ചില്ല നീ പിടിക്കുക. എന്നിട്ട് അതുകൊണ്ട് (നിന്റെ വാഹനമൃഗത്തെ) നീ അടിക്കുക. നീ സത്യത്തിൽ നിന്ന് വ്യതിചലിക്കരുത്. നാം അദ്ദേഹത്തെ സ്ഥിരചിത്തനായിക്കണ്ടു. ഏറ്റ വും നല്ല ദാസൻ. തീർച്ചയായും അദ്ദേഹം ദൈവസന്നിധിയിൽ വളരെയേറെ കുനിയുന്ന ആളായിരുന്നു.

**വിശദീകരണം:** മലനിവാസികൾ ഇലകളുള്ള നീണ്ട കൊമ്പ് കൊണ്ട് കുതിരയെ തെളിക്കാറുണ്ട്. ആ കാര്യമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. ഹ.അയ്യൂബ് (അ) മലമ്പ്രദേശ നിവാസിയായിരുന്നുവെന്നും ഇതിൽ നിന്ന് മനസ്സിലാവുന്നുണ്ട്. ഇലകൾ നിറഞ്ഞ ഈന്തപ്പനയുടെ ശാഖക്ക് 'ളിഗ്സുൻ' എന്ന് പറയുമെന്ന് തഫ്സീർ ഫത്ഹുൽ ബയാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

'ഹിൻസ്' എന്നാൽ സത്യത്തിൽ നിന്ന് അസത്യത്തിലേക്ക് ചായുക എന്നാണർഥം. ശത്രു നിന്നെ ഹിദായത്തിൽ നിന്ന് തങ്ങളിലേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. പക്ഷേ നിനക്ക് ഒരിക്കലും സ്വതവേ അങ്ങനെയാവാൻ സാദ്ധ്യമല്ല. എങ്കിലും ശത്രുക്കളുടെ എതിർപ്പ് കാരണം നിനക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതാണ്. ആയതിനാൽ ഒരു സവാരിയിൽ കയറി കുതികാലുകളും വൃക്ഷശാഖയും കൊണ്ട് അതിനെ വേഗത്തിൽ തെളിച്ച് ശത്രുവിന്റെ നാട്ടിൽ നിന്നും പോകാൻ നാം നിന്നോട് കൽപിക്കുന്നു. അങ്ങനെയായാൽ ശത്രുവിന്റെ നിയന്ത്രണത്തിൽ നിന്ന് നീ രക്ഷപ്പെടുന്നതും ആത്മീയമായി അവരുടെ തിന്മയിൽ നിന്ന് സുരക്ഷിതനായതുപോലെ ശാരീരികമായും നീ സുരക്ഷിതനാവുന്നതാണ്. (തഫ്സീർ സ്വഗീർ)



# സ്കൈപ്പും ഫേസ്ബുക്കും

ഹ. ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

നീചകൃത്യങ്ങളിലേക്ക് പ്രേരിപ്പിക്കുന്ന എല്ലാ പ്രവർത്തികളിൽ നിന്നും വിട്ട് നിൽക്കേണ്ടതാണ്. ഇക്കാലത്ത് ഇതിന്ന് വിവിധ വശങ്ങളുണ്ട്. ഇന്റർനെറ്റ് അതിലൊന്നാണ്. അശ്ലീല ഫിലിമുകൾ ഇതിൽ വരുന്നു. വെബ്സൈറ്റുകളുണ്ട്. ടി .വിയിൽ അശ്ലീല ഫിലിമുകൾ വരുന്നു. അശ്ലീലത നിറഞ്ഞ പത്രമാസികകളുണ്ട്. പോണോഗ്രാഫി പോലെയുള്ള അശ്ലീല മാസികകളെ കുറിച്ച് ഇവിടെയും പ്രതിഷേധം ഉയരാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെയുള്ള മാഗസിനുകൾ കടകളിലും സ്റ്റാളുകളിലും പരസ്യമായി പ്രദർശിപ്പിക്കാൻ പാടില്ല എന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. കാരണം ഇത് കുട്ടികളുടെ സ്വഭാവത്തെ ദുഷിപ്പിക്കുന്നതാണ്. ഇവർക്ക് ഇത് തടയാൻ ഇന്നാണ് ചിന്ത വന്നത്. എന്നാൽ വിശുദ്ധ ഖുർആൻ 1400 വർഷം മുമ്പേ ഈ കല്പന നൽകിയിട്ടുണ്ട്. ഇവയെല്ലാം നീചകൃത്യങ്ങളാണ്. ഇതിന്റെ സമീപത്തു പോലും നിങ്ങൾ പോകരുത്. ഇത് നിങ്ങളെ നീചരും നികൃഷ്ടരുമാക്കി മാറ്റുന്നതാണ്. ദൈവത്തിൽ നിന്നും നിങ്ങളെ അകറ്റും. ദീനിൽ നിന്നും നിങ്ങളെ അകറ്റും. മാത്രമല്ല നിയമ ലംഘകരാക്കി നിങ്ങളെ മാറ്റുന്നതുമാണ്. ബാഹ്യമായ നിർലജ്ജ പ്രവർത്തികളിൽ നിന്ന് മാത്രമല്ല ഇസ്ലാം തടയുന്നത്. രഹസ്യമായ നിർലജ്ജപ്രവർത്തനങ്ങളിൽ നിന്നും തടയുന്നുണ്ട്. പർദ്ദയെ കുറിച്ച് കല്പിച്ചിരിക്കുന്നതും ഇതിനു വേണ്ടിയാണ്. പർദ്ദയും മാന്യമായ വസ്ത്രവും ധരിക്കുന്നതിലൂടെ തുറന്ന രീതിയിൽ ഒരു മറയുമില്ലാതെയുള്ള സ്ത്രീ പുരുഷന്മാർ സമ്പർക്കത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്നു. ഇസ്ലാം, ബൈബിൾ പറയുന്നതു പോലെ സ്ത്രീയെ നീ ദുരുദ്ദേശത്തോടു കൂടി നോക്കരുത് എന്നല്ല പറയുന്നത്. മറിച്ച് പറയുന്നത് കണ്ണുകൾ തമ്മിൽ ഉടക്കുമ്പോൾ,അടുക്കാൻ തുടങ്ങും. തുടർന്ന് ലജ്ജാഹീനമായ പ്രവർത്തികളിൽ അകപ്പെട്ടു പോകും. അങ്ങനെ നന്മതിന്മകളുടെ വ്യതിരിക്തത ഇല്ലാതെയായിത്തീരും. അല്ലാഹുവും തിരുനബി(സ) യും നൽകിയ പാഠങ്ങളിൽ നിന്ന് മനസ്സിലാകുന്നത് പരസ്യമായ ഇടപെടലുകൾ മുഖേന, സ്ത്രീയും, പുരുഷനും, ആൺകുട്ടിയും, പെൺകുട്ടിയും തനിയെ കണ്ടുമുട്ടുമ്പോൾ അവിടെ മൂന്നാമനായി പിശാച് കൂടെയുണ്ടാകും എന്നാണ്.

ഇന്റർനെറ്റിനെ കുറിച്ച് ഞാൻ പറയുകയുണ്ടായി. ഇതിൽ ഫെയ്സ്ബുക്ക്, സ്കൈപ്പ് മുതലായവ മുഖേന ചാറ്റ് ചെയ്യാറുണ്ട്. അവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പല വീടുകളും ഇതു മുഖേന തകർന്നതായി ഞാൻ കണ്ടിട്ടുണ്ട്. വളരെ ദുഃഖത്തോടു കൂടി ഞാൻ പറയട്ടെ. അഹ്മദികളിലും ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. .............................

കണ്ണുകൾ തമ്മിൽ ഉടക്കരുതെന്ന് പറഞ്ഞുകൊണ്ട് എപ്പോഴും ദൃഷ്ടി താഴോട്ട് പതിപ്പിക്കണം എന്നത് വിശുദ്ധ ഖുർആനിക കല്പനയുടെ മനോഹാരിതയാണ് പ്രകടമാക്കുന്നത്. ഈ കല്പന സ്ത്രീക്കും പുരുഷനും നൽകിയിട്ടുണ്ട്. നിങ്ങൾ ഇരുവരും ദൃഷ്ടി തഴേക്കാക്കുക. ദൃഷ്ടി താഴേക്ക് പതിപ്പിച്ചാൽ സ്വതന്ത്രമായ ഇടപെടലിന് നിയന്ത്രണം വരും.

മറ്റൊരു കല്പന നീചകൃത്യങ്ങളെ നോക്കരുതെന്നാണ്. നിർലജ്ജവും അനാവശ്യവും മോശവുമായ ഫിലിമുകൾ കാണുന്നതിൽ നിന്നും ഇത് തടയുന്നു. അതേപോലെ സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ താത്പര്യം കാണിക്കുകയും തങ്ങളുടെ കഥകളും സംഭവങ്ങളും കേൾപ്പിച്ച് മറ്റുള്ളവരെ ഇതിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നവരുമായി ബന്ധപ്പെടരുതെന്നും അവരുടെ കൂടെ ഇരിക്കരുതെന്നും ഈ കല്പനയിൽ അടങ്ങിയിരിക്കുന്നു. സ്കൈപ്പിലും ഫേസ്ബുക്കിലും പുരുഷനും സ്ത്രീയും പരസ്പരം സംസാരിക്കരുതെന്നും പരസ്പരം കാണരുതെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. പരസ്പരം ബന്ധപ്പെടാനുള്ള മാർഗ്ഗങ്ങളാക്കി ഇവയെ മാറ്റുകയും ചെയ്യരുത്. അല്ലാഹു പറയുന്നു: പ്രത്യക്ഷവും പരോക്ഷവുമായ എല്ലാതരം നീചകർമങ്ങളിൽ നിന്നും വിട്ടു നിന്നിട്ടില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ വികാരത്തിനടിപ്പെട്ടുകൊണ്ട് അതിൽ ഉൾപ്പെട്ടു പോകും. അതിൽ അകപ്പെട്ടാൽ നിങ്ങളുടെ ബുദ്ധിയും വിവേകവും എല്ലാം നഷ്ടപ്പെടും. അവസാനം അല്ലാഹുവിന്റെ കല്പനയെ ലംഘിച്ചുകൊണ്ട് അവന്റെ കോപത്തിന് പാത്രമായിത്തീരുന്നതാണ്. .......................

നീചപ്രവർത്തികളിൽ വാശി പിടിച്ചിരിക്കാതെ, അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടെങ്കിൽ അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്. അല്ലാഹുവല്ലാതെ പൊറുത്തു കൊടുക്കാൻ കഴിയുന്നവൻ മറ്റാരുമില്ല.


ചുരുക്കത്തിൽ ഞാൻ തുടക്കത്തിൽ പറഞ്ഞ എല്ലാത്തരം നീചകൃത്യങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടുകയും രക്ഷപ്പെടാനുള്ള മാർഗം കാണിച്ചു കൊടുക്കുകയും ചെയ്യാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഇത് നമ്മുടെ കടമയാണ്. അല്ലാഹു അതിക്രമകാരികളല്ലാത്തവർക്ക് പൊറുത്തു കൊടുക്കുന്നു.

**(ഖുത്‌ബ 02-08-13)**

# സന്താനശിക്ഷണം

## ഖാദിംകളോട്

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



ഭാവിതലമുറയ്ക്ക് വേണ്ടി ഇസ്‌ലാമിക അധ്യാപനങ്ങളുടെ സംരക്ഷണം നമ്മിൽ ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. യഥാർത്ഥത്തിൽ ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംഘടന രൂപീകരിച്ചത് തന്നെ കുട്ടികളുടെ ശിക്ഷണം തങ്ങളുടെ നിർബന്ധകടമയാണ് എന്ന അവബോധം ജമാഅത്തിന് ഉണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടിയാണ്. ഹദ്റത് റസൂൽ(സ) ഈ വിഷയത്തെ എത്ര മാത്രം ഔന്നത്യത്തോടു കൂടിയാണ് പരാമർശിച്ചിരിക്കുന്നത് എന്ന് കാണുമ്പോൾ അതിശയം തോന്നുന്നു. ആൺകുട്ടികളുടെയും, പെൺകുട്ടികളുടേയും ശിക്ഷണത്തിൽ പ്രഥമഗണനീയം പെൺകുട്ടികളുടെ ശിക്ഷണ കാര്യമാണ് എന്നത് എല്ലാവർക്കും ഒരു പോലെ അറിയാവുന്ന വസ്തുതയാണ്. എന്തുകൊണ്ടെന്നാൽ അവർ ഭാവിതലമുറയിൽ ഉമ്മമാർ ആകേണ്ടവരും അവരുടെ സ്വാധീനം സന്താനങ്ങളിൽ വളരെയധികം ഉണ്ടായിരിക്കുന്നതുമാണ്.

**സ്ത്രീപുരുഷന്മാരുടെ ശിക്ഷണത്തിന്റെ പ്രാധാന്യം**

സ്ത്രീകളുടെ ശിക്ഷണകാര്യത്തിൽ ശ്രദ്ധിക്കാത്ത സമുദായങ്ങളിൽ പുരുഷന്മാരുടേയും ശിക്ഷണം ശരിയായ രീതിയിൽ നടക്കുന്നതല്ല. അതുപോലെതന്നെ സ്ത്രീകളുടേയും പുരുഷന്മാരുടേയും ശിക്ഷണത്തിൽ ശ്രദ്ധിക്കുന്ന സമുദായം മാത്രമേ അപകടങ്ങളിൽ നിന്ന് സുരക്ഷിതരായിരിക്കുകയുള്ളൂ. റസൂൽ തിരുമേനി (സ) ഈ വിഷയത്തെ എത്ര സരളമായാണ് പറഞ്ഞിട്ടുള്ളത്; തിരുനബി(സ) ഒരിക്കൽ സദസ്സിൽ ഇരിക്കുകയായിരുന്നു. സഹാബാക്കളും ചുറ്റും ഉണ്ടായിരുന്നു. നബി (സ) പറഞ്ഞു; "ഏതൊരു മുസ്‌ലിമിന്റെ വീട്ടിലാണോ മൂന്ന് പെൺകുട്ടികൾ ഉണ്ടാകുകയും അവർക്ക് നല്ല വിദ്യാഭ്യാസവും ശിക്ഷണവും നൽകുകയും ചെയ്യു ന്നത് ആ മുസ്‌ലിമിന് അല്ലാഹു സ്വർഗ്ഗം നിർബന്ധമാക്കിയിരിക്കുന്നു."

സാമുദായിക ഉന്നമനത്തിന്റെ തത്വം മനസ്സിലാക്കാത്ത ഒരു വ്യക്തി മൂന്ന് പെൺകുട്ടികളുടെ സംരക്ഷണം കൊണ്ട് സ്വർഗ്ഗം ലഭിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത് എന്ന് ചോദിച്ചേക്കാം. മൂന്ന് പെൺകുട്ടികളുടെ സംരക്ഷണം വലിയ പ്രാധാന്യമുള്ള ഒരു കാര്യമല്ല എന്നാണ് അയാൾ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ ഒരു വ്യക്തി മൂന്ന് പെൺകുട്ടികൾക്ക് നല്ല ശിക്ഷണം നൽകുകയാണെങ്കിൽ അയാൾ മൂന്ന് പേർക്ക് മാത്രമല്ല ശിക്ഷണം നൽകുന്നത് മറിച്ച് അയാൾ ആയിരക്കണക്കിന് ലക്ഷക്കണക്കിന് ഇസ്‌ലാമിന്റെ സേവകരെ തയ്യാറാക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ആ പെൺകുട്ടികൾ നല്ല ആൺകുട്ടികൾക്ക് ജന്മം നൽകാൻ നിമിത്തമാവുകയും ആ കുട്ടികൾ ഇസ്‌ലാമിന് മഹത്തായ ത്യാഗങ്ങൾ സമർപ്പിക്കുന്നവരായി മാറുകയും ചെയ്യുന്നതാണ്. പൊതുവിൽ ജനങ്ങളിൽ ഇപ്പോൾ കണ്ടുവരുന്ന രീതി അവർ ഒരു ചെവിയിൽ കൂടി കേട്ട് മറുചെവിയിൽ കൂടി വിടുന്നു എന്നതാണ്.

**സഹാബാക്കളുടെ സവിശേഷത**

സഹാബാക്കളിൽ അല്ലാഹു തന്റെ അളവറ്റ അനുഗ്രഹങ്ങൾ ചൊരിഞ്ഞിരുന്നു. അവരിൽ ഉണ്ടായിരുന്ന ഒരു സവിശേഷത കാണുമ്പോൾ ഹൃദയം വിതുമ്പി പോകുന്നു. എന്തെന്നാൽ അവർ റസൂൽ(സ) യുടെ നിസ്സാര വാക്കുകളെ പോലും വലിയ മതിപ്പോടുകൂടിയാണ് കണ്ടിരുന്നത്. ഞാനിപ്പോൾ പറഞ്ഞ രിവായത്ത് തന്നെ ഇന്നത്തെ കാലഘട്ടത്തിലെ ആളുകൾ കേട്ടിട്ടും ഒന്നും കേൾക്കാത്തപോലെ അവർ അത് ഒരു ചെവിയിൽ കൂടി കേട്ട് മറുചെവിയിലൂടെ പുറത്ത് കളയുന്നു. ഏതുവരെയെന്നാൽ മൂന്ന് പെൺകുട്ടികളും സ്വർഗ്ഗവും തമ്മിൽ എന്താണ് ബന്ധം എന്ന് അധിക്ഷേപിക്കാനും മതി. ഇനി ഈ ഹദീസ് ആസ്വദിച്ചാലും അവർ അതിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഒരിക്കലും ചിന്തിക്കുകയില്ല. എന്നാൽ സഹാബാക്കൾ റസൂൽ(സ) യുടെ നിസ്സാരമായ വാക്കുകളിൽ നിന്ന് പോലും പ്രയോജനം ഉൾക്കൊള്ളാൻ കാതോർത്ത് ഇരിക്കുമായിരുന്നു. അവർ ഈ കാര്യം കേട്ടപ്പോൾ അവരിൽ മൂന്ന് പെൺകുട്ടികൾ ഉള്ളവർ അവർക്ക് നല്ല ശിക്ഷണം നൽകിക്കൊണ്ട് സ്വർഗ്ഗത്തിന് അവകാശികളാകാം എന്ന് മനസ്സിലാക്കി സന്തോഷാധിക്യത്താൽ ഭ്രമിച്ചു പോയി. എന്നാൽ രണ്ടു പെൺകുട്ടികൾ ഉണ്ടായിരുന്നവരുടെ മുഖങ്ങളിൽ നിഴൽ പടരുകയും അവർ ചോദിക്കുകയും ചെയ്തു" അല്ലയോ അല്ലാഹുവിന്റെ റസൂലേ, അഥവാ ആർക്കെങ്കിലും രണ്ട് പെൺകുട്ടികൾ ആണുള്ളതെങ്കിലോ? തിരുനബി (സ) പറഞ്ഞു; ഇനി ആർക്കെങ്കിലും രണ്ട് പെൺകുട്ടികളാണ് ഉള്ളതെങ്കിൽ അവർക്ക് നല്ല ശിക്ഷണം നൽകുകയാണെങ്കിൽ അവർക്കും സ്വർഗം നിർബന്ധമാക്കപ്പെടുന്നതാണ്.

**സന്താനശിക്ഷണത്തിന്റെ പ്രാധാന്യം**

നബി (സ) ഇതുപറഞ്ഞപ്പോൾ ഒരു പെൺകുട്ടി മാത്രം ഉള്ളവർ വ്യസനത്തിലും ദു:ഖത്തിലുമായി. അവർ ചോദിച്ചു; അല്ലയോ അല്ലാഹുവിന്റെ റസൂലേ! അപ്പോൾ ഒരാൾക്ക് രണ്ടു പെൺകുട്ടികൾക്ക് പകരം ഒരു പെൺകുട്ടിയാണ് ഉള്ളതെങ്കിൽ അവർ എന്ത് ചെയ്യും? നബി(സ) പറഞ്ഞു; ആർക്കെങ്കിലും ഒരു പെൺകുട്ടിയാണ് ഉള്ളതെങ്കിൽ പോലും അവൾക്ക് നല്ല വിദ്യാഭ്യാസവും, നല്ല ശിക്ഷണവും നൽകുകയാണെങ്കിൽ അവർക്കും സ്വർഗ്ഗം നിർബന്ധമാക്കപ്പെടുന്നതാണ്.

റസൂൽ(സ) ന്റെ ഈ തിരുമൊഴി നമു ക്ക് മനസ്സിലാക്കിതരുന്നത് സാമുദായിക നന്മകളെ നിലനിർത്തുന്നത് മനുഷ്യനെ സ്വർഗ്ഗത്തിന്റെ അവകാശികൾ ആക്കുന്നുവെന്നാണ്. കാരണം സാമുദായിക നന്മകൾ നിലനിർത്തുന്നവർ സ്വർഗ്ഗത്തിന്റെ അവകാശികൾ ആകുന്നു. സാമുദായികപിന്തുടർച്ചയെ നിലനിർത്തുന്നവർ അവർ ഈ ലോകത്ത് തന്നെ സ്വർഗ്ഗത്തെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്. ഇത് തന്നെയാണ് വിശുദ്ധ ഖുർആനും നമ്മോട് പറയുന്നത്. ആർക്കാണോ ഈ ലോകത്ത് സ്വർഗ്ഗം കരസ്ഥമാകുന്നത് പരലോകത്തും സ്വർഗ്ഗം കരഗതമാകുന്നതാണ്. ഈ ലോകത്ത് അന്ധനായി ഇരിക്കുന്നവൻ പരലോകത്തും അന്ധനായിരിക്കും.

ഈ ലോകത്ത് കാഴ്ചയുള്ളവൻ പരലോകത്തും കാഴ്ചയുള്ളവനായിരിക്കും. അപ്പോൾ ആരാണോ തന്റെ പെൺകുട്ടിക്ക് നല്ല ശിക്ഷണം നൽകുകയും അവളിൽ ദീനിനോടുള്ള സ്നേഹം അങ്കുരിപ്പിക്കുകയും അവളെ അല്ലാഹുവിന്റെ കൽപനകളെ അനുസരിക്കുന്നവളും ആക്കിതീർക്കുന്നയാൾ ഒരു കുട്ടിക്ക് മാത്രമല്ല ശിക്ഷണം നൽകുന്നത് മറിച്ച് ആയിരക്കണക്കിന് പരിശുദ്ധവും പരിപാവനവുമായ കുടുംബങ്ങളെ സൃഷ്ടിക്കാൻ പരിശ്രമിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെ ന്നാൽ അയാൾ ഈ ലോകത്ത് നന്മയുടെ ഒരു ഭവനം നിർമ്മിക്കുന്നു. അതു കൊണ്ട് അല്ലാഹു പറയുന്നു അവൻ ഇസ്‌ലാമിക ഭവനത്തെ സംരക്ഷിക്കാനുള്ള വസ്തുവകകൾ ഒരുക്കിയ കാരണത്താൽ ഖിയാമത്ത് നാളിൽ ഞാൻ അവന് ഉത്തമമായ ഒരു ഭവനം ഒരുക്കുന്നതാണ്.

**പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെയും ശിക്ഷണത്തിന്റേയും പ്രാധാന്യം**

സന്താനങ്ങളുടെ തുടർച്ചയായ ശിക്ഷണം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതു പോലെ തന്നെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ശിക്ഷണ കാര്യത്തിൽ പെൺകുട്ടികളുടെ ശിക്ഷണകാര്യം വളരെയധികം പ്രധാനപ്പെട്ടതാണ്. പെൺകുട്ടികൾ പൊതുവിൽ ഉദ്യോഗസ്ഥർ ആകാറില്ല എന്ന കാരണത്താൽ ആളുകൾ അവരുടെ വിദ്യാഭ്യാസത്തിൽ നിന്നും ശിക്ഷണത്തിൽ നിന്നും അശ്രദ്ധരാകുന്നു, അഥവാ ശ്രദ്ധിക്കുകയാണെങ്കിൽ തന്നെ വലിയ പ്രാധാന്യം നൽകാറില്ല. വാസ്തവത്തിൽ ഇതേ പെൺകുട്ടികൾ തന്നെയാണ് ഭാവി തലമുറയുടെ ഉമ്മമാർ ആകേണ്ടവർ. ഇവർ നാളത്തെ ഉമ്മമാർ ആകേണ്ടതുള്ളതിനാൽ ഇവരുടെ വിദ്യാഭ്യാസത്തിലേക്കും സുശിക്ഷണത്തിലേക്കും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഉമ്മമാർ ശരിയാകുകയാണെങ്കിൽ ആൺകുട്ടികളും ശരിയാകുന്നതാണ്. അഥവാ ഉമ്മമാർക്ക് ശിക്ഷണം ലഭിച്ചില്ലെങ്കിൽ ആൺകുട്ടികൾക്കും ശിക്ഷണം ലഭിക്കുന്നതല്ല.

മശ്അലെ രാഹ് വാള്യം 1

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# യഥാർഥ ഈമാൻ

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുഹിബ്ബീ അസീസീ അഖ്വീം നവാബ് സാഹിബ് സല്ലമഹുല്ലാഹു തആലാ

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളുടെ കത്ത് കിട്ടി.

അല്ലാഹു താങ്കൾക്ക് എത്രയും വേഗം എന്തെങ്കിലും വഴി തുറന്നു തരുന്നതിന് ഞാൻ ദുആയിൽ നിമഗ്ന നാണ്.

ഭൗതിക ബുദ്ധിമുട്ടുകളും അല്ലാഹുവിന്റെ പരീക്ഷണ ങ്ങളാണ്. അല്ലാഹു ഈ പരീക്ഷണത്തിൽ നിന്ന് താങ്ക ളെ മോചിപ്പിക്കുമാറാകട്ടെ. ആമീൻ.

ഞാൻ വിശ്വസിക്കുന്നതും എന്റെ അനുഭവവും അവ സാനം ദുആകൾ സ്വീകരിക്കപ്പെട്ട് മോചനമാർഗം ഉണ്ടാ കുമെന്നാണ്. അധികവും ദുആയോടൊപ്പം വാനലോ കത്ത് പുതിയ സാധനങ്ങൾ ഉടലെടുക്കുന്നു. അഥവാ ദൈവിക കൽപന പ്രകാരം അവ സൃഷ്ടിക്കപ്പെടുന്നു. ദൈവിക വാഗ്ദാനം ادْعُونِي أَسْتَجِبْ لَكُمْ (40:61) സത്യ മാണ്. ഉപായങ്ങൾ കൊണ്ട് സാധ്യമാകാത്ത വിപ്ലവം ദുആ കൊണ്ട് സാധ്യമാകുന്നതാണ്.

പക്ഷേ ദുആയുടെ ഫലം കാണാൻ സബ്ർ ആവശ്യ മാണ്. ഹദ്റത്ത് യഅ്ഖൂബ് (അ) ന്റെ ദുആകൾ ഫല മായി അവസാനം 12 വയസുള്ള യൂസുഫ് ജീവനോടെ പ്രത്യക്ഷപ്പെട്ടു.

ഈമാനിൽ അത്ഭുതകരമായ അനുഗ്രഹമുണ്ട്. അതു മുഖേന മൃതപ്രായമായ കർമങ്ങൾ ജീവത്തായി മാറു ന്നു. ആയതിനാൽ താങ്കൾ പൂർണ പൗരുഷ സ്ഥൈര്യ ത്തോടെ സമൃദ്ധിയുടെ കാലത്തെ പ്രതീക്ഷിക്കുക. അല്ലാഹു അന്തസ്സുടയവനും കരുണാമയനുമാണ്.

വീട്ടിൽ എന്റേയും മഹ്മൂദിന്റെ ഉമ്മയുടെയും അസ്സലാമു അലയ്ക്കും തീർച്ചയായും പറയണം.

വസ്സലാം,
വിനീതൻ,
ഗുലാം അഹ്മദ്
(അഫീ അൻഹു)

12/01/1905



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )


### ജന്മദിനം ആഘോഷിക്കുന്നത് അനുവദനീയമാണോ? വീട്ടിൽ മാത്രം ഒതുക്കി ചെറിയ രീതിയിൽ നടത്താമോ?

"ചെറിയ രീതിയിൽ" നടത്തുന്നത് ജമാഅത്തിന്റെ ഭാഗത്ത് നിന്നു ള്ള നടപടി ഭയന്നായിരിക്കും. ജന്മദിനം ആഘോഷിക്കുന്നുവെങ്കിൽ പിന്നെ എന്തുകൊണ്ട് പുറമെയുള്ളവരെയും ക്ഷണിച്ചു കൂടാ? തങ്ങൾ അത്തരം പാർട്ടികളിൽ പങ്കെടുക്കുന്നതിനാൽ മര്യാദയനു സരിച്ച് തങ്ങളും തിരിച്ച് കൊടുക്കേണ്ടേ എന്ന് ചിന്തിച്ച് ചെറിയ രീതിയിൽ പാർട്ടി നടത്തുവാൻ അവർ ന്യായം കണ്ടെത്തുന്നു.

ആരും വഞ്ചനയിൽ അകപ്പെടാതിരിക്കുക. നിങ്ങൾ ജമാഅത്തിന്റെ നടപടിക്രമം തെറ്റിച്ചിട്ടുണ്ടെങ്കിൽ അതിനെ ന്യായീകരിക്കാതിരി ക്കുക.

വിശുദ്ധ ഖുർആനിൽ വിധി വിലക്ക് നൽകി നിരോധിച്ച കാര്യമല്ല ജന്മദിനാഘോഷം. എന്നാൽ അത് വ്യർഥമായ കാര്യത്തിൽ ഉൾ പ്പെടുന്നു. വിശ്വാസികൾ അർത്ഥരഹിതമായ കാര്യത്തിൽ നിന്നും വിട്ടുനിൽക്കുന്നു. പാശ്ചാത്യരുടെയും മറ്റും ജന്മദിനാഘോഷം കണ്ടുകച്ച് അനുകരിക്കുകയാണ് ഇത്തരക്കാർ ചെയ്യുന്നത്. എന്തി നാണ് ഈ ആഘോഷം? അതു കൊണ്ട് വല്ല പ്രയോജനമുണ്ടോ? ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഇത്തരം സംശയങ്ങൾ ക്കുള്ള ഉത്തരം, എല്ലാ സൽപെരുമാറ്റത്തിന്റെയും പ്രഭവകേന്ദ്രമായ തിരുനബിയുടെയും മുൻകഴിഞ്ഞ നബിമാരുടെയും ജീവിതമാണ്. മതചരിത്രത്തിൽ ഒരു നബിയും തങ്ങളുടെ ജന്മദിനം ആഘോ ഷിച്ചതായിട്ടില്ല. അവരുടെ അനുചരൻമാരും ഇതു ചെയ്തിട്ടില്ല. ബനീഇസ്റായീലിലെ ഏതെങ്കിലും പ്രവാചകൻ ജന്മദിനം ആഘോ ഷിച്ചതായി ബൈബിളിലും കാണാവുന്നതല്ല. റസൂൽ തിരുമേനി യുടെ കാര്യമെടുത്താൽ, തിരുനബി(സ) പരിശീലനം നൽകിയ സഹാബാക്കളോ ഇതു ചെയ്തിട്ടില്ല. അവർ തിരുമേനിയെ മറ്റെ ല്ലാത്തിനേക്കാളുമധികം സ്നേഹിച്ചു. ഖുലഫാക്കളോ അതിനു ശേഷം വന്ന തലമുറയായ താബിഈങ്ങളോ അവർക്ക് ശേഷം വന്ന തബഅത്താബിഈങ്ങളോ ജന്മദിനം ആഘോഷിച്ചില്ല. ആരാണ് ജന്മത്തിൽ മുന്തിയത്? ഇതിലൊരു വൈരുധ്യം ദർശിക്കാ വുന്നതാണ്. അതിനാൽ ഖലീഫത്തുൽ മസീഹ് സാനി(റ) ന് ജന്മ ദിനാഘോഷത്തോട് വളരെ വെറുപ്പായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ജന്മദിനാഘോഷം സ്വപ്നം കാണുക കൂടി ചെയ്യുമായി രുന്നില്ല. ഇത്തരം വിവരം ലഭിച്ചാൽ അദ്ദേഹം രോക്ഷാകുലനാ യിരുന്നു. എന്നാൽ ശരീഅത്തിന്റെ ഭാഗമല്ലാത്തതിനാൽ അച്ചടക്ക നടപടിയൊന്നും കൈക്കൊണ്ടിട്ടില്ല. ഇതിൽ നിന്നെല്ലാം ജന്മദിനാ ഘോഷം നിരുൽസാഹപ്പെടുത്തേണ്ടതാണെന്ന് നമുക്ക് മനസ്സിലാ വുന്നു

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*



Meeting with Huzur

# ജർമൻ നാഷണൽ മജ്‌ലിസ് ആമിലയുമായി അഭിമുഖം

### നവ അഹ്മദികളെ സംബന്ധിച്ച് ഹുസൂർ തിരുമനസ് പറഞ്ഞു,

അഥവാ അവരുടെ മനസ്സിൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ അത് തീർത്ത് കൊടുക്കേണ്ടതാണ്. അവരുടെ confusions ദുരീകരിച്ചു കൊടുക്കേണ്ടതാണ്......... ..... മുസ്‌ലിംകളിൽ നിന്ന് അഹ്മദിയാകുന്നവർക്ക് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ സംബന്ധിച്ച് അദ്ദേഹം ഉമ്മത്തീനബിയാണെന്ന പൂർണ ബോധം ഉണ്ടായിരിക്കേണ്ടതാണ്. ചിലപ്പോൾ അതിനെ കുറിച്ചുള്ള അറിവ് ഇല്ലാതിരിക്കുകയും പിന്നീട് അത് പ്രയാസങ്ങൾക്ക് കാരണമാകുകയും അവരുടെ മനസിൽ ആക്ഷേപങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. അതിനാൽ ആദ്യത്തിൽ തന്നെ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ സംബന്ധിച്ച് പൂർണമായ വിവരണം നൽകേണ്ടതാണ്.....

ധൃതിപ്പെട്ട് ബയ്അത്ത് ചെയ്യിക്കുവാൻ ശ്രമിക്കരുത്. അവരോട് എല്ലാ കാര്യങ്ങളും തുറന്ന് സംസാരിക്കേണ്ടതാണ്. എല്ലാ കാര്യങ്ങളും ക്ലിയർ ചെയ്യേണ്ടതാണ്. ആദ്യം എല്ലാം മനസ്സിലാക്കി, സാഹിത്യങ്ങൾ വായിച്ച്, പൂർണ സംതൃപ്തി കൈവരിച്ചതിനു ശേഷം ബയ്അത്ത് ചെയ്യട്ടെ. ബയ്അത്തിനു ശേഷം വീണ്ടും



പിന്തിരിഞ്ഞു പോകാതിരിക്കുന്നതിനായി.....

എല്ലാ നവ അഹ്മദികളെയും ജമാഅത്തിന്റെ സംവിധാനത്തിനുള്ളിൽ ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടത് മുഴുവൻ ജമാഅത്തിന്റെയും കടമയാണ്..............

നാഷണൽ ജനറൽ സെക്രട്ടറിയും ഖുദ്ദാമുൽ അഹ്മദിയ്യായും അൻസാറുല്ലായും ലജ്ന ഇമാഇല്ലായും അടക്കമുള്ള ശാഖാ സംഘടനകളുടെയും കടമ, സ്വയം തന്നെ അഹ്മദി എന്ന് പറയുന്ന വ്യക്തി അഥവാ അവർ ചന്ദ നൽകുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, നമസ്കാരം അനുഷ്ഠിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും നിങ്ങൾ അവരെ തങ്ങളുടെ തജ്നീദിൽ ഉൾപ്പെടുത്തേണ്ടതാണ്. പിന്നീട് ശാഖാ സംഘടനകളുടെയും സെക്രട്ടറി തർബിയ്യത്തിന്റെയും ജോലിയാണ് അവർക്ക് ശിക്ഷണം നൽകി ജമാഅത്തിലേക്ക് അടുപ്പിക്കുക എന്നത്. ഏതു വരെ അവർ സ്വയം നിഷേധിച്ചു കൊണ്ട് സ്വയം തങ്ങളെ ജമാഅത്തിൽ നിന്നും പുറത്താക്കുന്നില്ലയോ അത് വരെ അവരെ തജ്നീദിൽ നിന്നും നിങ്ങൾ ഒഴിവാക്കരുത്......

ജനറൽ സെക്രട്ടറി തന്റെ മേഖലയിലുള്ള ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദേശം നൽകിക്കൊണ്ട് പറയുക, വിവിധ സ്ഥലങ്ങളിൽ നീരീക്ഷണം നടത്തിക്കൊണ്ട് അഹ്മദിയ്യ മസ്ജിദിൽ പെരുന്നാൾ നമസ്കാരത്തിനായി വരുന്നവരെ കണ്ടാൽ, പുതുമുഖങ്ങളെ കണ്ടാൽ അവരോട് നിങ്ങൾ അഹ്മദികളാണോ എന്ന് ചോദിക്കുക. എത്ര ദുർബല വിശ്വാസിയാണെങ്കിലും വർഷത്തിൽ കുറഞ്ഞത് പെരുന്നാൾ നമസ്കാരത്തിനെങ്കിലും വരുമല്ലോ. അഹ്മദികളാണെന്ന് പറഞ്ഞാൽ അവരോട് പറയുക, ഞങ്ങൾ



തജ്നീദിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താങ്കൾ താങ്കളുടെ വിലാസവും മറ്റ് വിവരങ്ങളും നൽകിയാലും. ചന്ദ നൽകുന്നതും നൽകാതിരിക്കലും വേറൊരു കാര്യമാണ്. എന്നാൽ താങ്കളുമായി ബന്ധപ്പെടണമെങ്കിൽ അതിനായി എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞുതരിക. അങ്ങനെ അവരെ തജ്നീദിൽ ഉൾപ്പെടുത്തുകയും പിന്നീട് ജമാഅത്തിലേക്ക് അടുപ്പിക്കുകയും ചെയ്യുക........

ഒരു നവ അഹ്മദി ബയ്അത്ത് ഫോറം പൂരിപ്പിക്കുകയും ആ ഫോറം അംഗീകാരത്തിനായ് കേന്ദ്രത്തിലേക്ക് അയക്കുകയും ചെയ്യുന്നതു മുതൽ അദ്ദേഹം അഹ്മദിയായി ഗണിക്കപ്പെടുന്നതാണ്. കേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിക്കുന്നത് വരെ അവരെ തജ്നീദിൽ ഉൾപ്പെടുത്തരുത്.

### റീജനൽ അമീറുമാരുടെ ഉത്തരവാദിത്വങ്ങൾ

കേന്ദ്രത്തിൽ നിന്ന് പ്രാദേശിക അമീറുമാർക്കും പ്രസിഡന്റ്മാർക്കും അയക്കുന്ന സർക്കുലറിന്റെ ഒരു കോപ്പി റീജനൽ അമീർമാർക്കും അയക്കേണ്ടതാണ്. അവ

രുടെ റീജനിൽ എന്തെല്ലാമാണ് നട ക്കുന്നതെന്ന് അപ്പോഴേ അവർക്ക് അറിവ് ലഭിക്കൂ. എങ്കിൽ മാത്രമെ അവർക്ക് ആ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ഇല്ലയോ എന്ന് നിരീക്ഷിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ പ്രദേശിക ജമാഅത്തിന്റെ ആന്തരീക പ്രശ്നങ്ങളിൽ ഇടപെടാനുള്ള അനുമതി റീജിനൽ അമീറുമാർക്കില്ല. കേന്ദ്രത്തിൽ നിന്ന് വരുന്ന നിർദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന് കണ്ടാൽ അത് കേന്ദ്രത്തെ അറിയിക്കുകയോ അല്ലെങ്കിൽ അമീറുമാരെ അറിയിക്കുകയോ ചെയ്യേണ്ടത് റീജനൽ അമീറുമാരുടെ ചുമതലയാണ്. എന്നാൽ പ്രാദേശിക തലത്തിൽ അത് എങ്ങിനെയാണ് നടപ്പിലാക്കേണ്ടത് അതിനായി എന്ത് മാർഗമാണ് അവലംബിക്കേണ്ടത് എന്ന കാര്യത്തിൽ റീജനൽ അമീർമാർ ഒരു തരത്തിലും ഇടപെടാൻ പാടുള്ളതല്ല. അല്ലെങ്കിൽ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നതാണ്. എന്നാൽ പ്രവർത്തനങ്ങളുടെ വേഗതയെ കുറിച്ച് നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യേണ്ട ചുമതല റീജനൽ അമീറുമാരുടേതാണ്. എവിടെയെങ്കിലും എന്തെങ്കിലും കുറവ് കാണുകയാണെങ്കിൽ കേന്ദ്രത്തെ അറിയിക്കുക. കേന്ദ്രത്തിൽ നിന്ന് ഇന്ന കല്പനകൾ വന്നിരുന്നു എന്നാൽ അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല, അതുകൊണ്ട് അക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ് എന്ന് റീജനൽ അമീറുമാർക്ക് പ്രാദേശിക അമീറുമാരോടോ, പ്രസിഡന്റ്മാരോടോ പറയാവുന്നതാണ്. റീജനൽ അമീറുമാർ അവരവരുടെ റീജനിൽ കേന്ദ്രത്തിന്റെ പ്രതിനിധികളാണ്. കേന്ദ്രത്തിൽ നിന്നും ആ റീജനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് അവരെ അതിനായി പ്രേരിപ്പിക്കുന്നതിനായി. എന്നാൽ ആ പ്രവർത്തനങ്ങളുടെ രീതിയിൽ interference ചെയ്യുക എന്നത് അമീറുമാരുടെ ജോലിയല്ല.

വഖ്ഫെ ജദീദിന്റെ ഉദാഹരണം നൽകിക്കൊണ്ട് ഹുസൂർ പറഞ്ഞു, ഓരോ സെക്രട്ടറിയും എങ്ങിനെയാണ് ചന്ദ പിരിക്കേണ്ടത്, എങ്ങിനെയാണ് ടാർഗറ്റ് നൽകേണ്ടത്, ആരുടെ അടുത്തെല്ലാമാണ് പോകേണ്ടത് എന്നത് സംബന്ധിച്ചുള്ള



Floersheim Mosque Inauguration, Germany

അവരുടെതായ ഒരു രീതി ഉണ്ടാക്കിയിട്ടുണ്ട്. ഇതെല്ലാം അവരുടെ ജോലിയാണ്. അതിൽ റീജനൽ അമീറുമാരിൽ നിന്നും interference ഉണ്ടാകാൻ പാടില്ല. എന്നാൽ തന്റെ റീജനിലുള്ള ജമാഅത്തുകൾക്ക് ഇത്ര ഇത്ര ടാർഗറ്റ് നൽകിയിട്ടുണ്ടെന്നും അതിലിനി ഇത്ര സമയം ബാക്കിയുണ്ട്, ഇത്ര പിരിച്ചെടുക്കാൻ ബാക്കിയുണ്ട് എന്നതിലേക്ക് സ്വന്തം റീജനിലുള്ള ജമാഅത്തുകളുടെ പ്രസിഡന്റ്മാരെയും സെക്രട്ടറി വഖ്ഫെ ജദീദ്മാരെയും ശ്രദ്ധ ക്ഷണിക്കേണ്ടതാണ്. അതിനെ interference എന്ന് പറയില്ല.

അവസാനത്തിൽ മുഴുവൻ ഭാരവാഹികളെയും അഭിസംബോധന ചെയ്ത് കൊണ്ട് ഹുസൂർ തിരുമനസ് പറഞ്ഞു, ഭാരവാഹികൾ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനായി ശ്രമിക്കുക. നമസ്കാരങ്ങൾ അനുഷ്ഠിക്കുക, പള്ളികളെ ജനനിബിഡമാക്കുക. ഇവിടെ ഖുത്വുബകൾ ശ്രവിക്കുന്നതിലേക്ക് വളരെ ശ്രദ്ധയുണ്ട്. എന്നാൽ അതിനെ പ്രാവർത്തികവുമാക്കേണ്ടതാണ്. ഇന്ന സംഭവം വളരെ നന്നായി തോന്നി എന്ന് പറഞ്ഞാൽ മാത്രം പോര. അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണം. അതുപോലെ മറ്റ് ശിക്ഷണ കാര്യങ്ങളുമുണ്ട്. അവയെല്ലാം പരിഗണിക്കുകയാണെങ്കിൽ ഭാരവാഹികൾ തന്നെ വിപ്ലവം കൊണ്ടു വരുന്നവരായി മാറുന്നതാണ്.

## മജ്ലിസെ ആമിലയിൽ മുബല്ലിഗ്മാരുടെ സ്ഥാനം

ജർമനിയിലെ നാഷണൽ മജ്ലിസ് ആമില മീറ്റിങ്ങിൽ ഹുസൂർ തിരുമനസ്സിന്റെ വലതു ഭാഗത്തായി പ്രാദേശിക അമീർമാർക്കും റീജനൽ അമീർമാർക്കും ആയിരുന്നു സ്ഥാനം ക്രമീകരിച്ചിരുന്നത്. അതുപോലെ മദ്ധ്യഭാഗത്ത് മുന്നിലായി നാഷണൽ മജ്ലിസ് ആമില അംഗങ്ങൾക്കും ഹുസൂറിന്റെ ഇടതു ഭാഗത്തായി മുബല്ലിഗ്മാർക്കുമാണ് സ്ഥാനം ക്രമീകരിച്ചിരുന്നത്. എന്നാൽ ഹുസൂർ തിരുമനസ് പറഞ്ഞു, ഈ ക്രമം ശരിയല്ല. മുബല്ലിഗ് മാർ എന്റെ വലതുഭാഗത്താണ് വേണ്ടത്.

*സമ്പാ : എ.എ.ബാരി*




Floersheim Mosque Inauguration, Germany

**നമസ്കാര പാഠങ്ങൾ**




**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

# അല്ലാഹു പരിശുദ്ധൻ



നേരത്തേ എല്ലാ തവണയും അവസ്ഥ മാറ്റുമ്പോൾ **അല്ലാഹു അക്ബർ** എന്നാണ് പറഞ്ഞിരുന്നത്. ഓരോ റകഅത്തിലും **അല്ലാഹു അക്ബർ** എന്ന് പറയുമായിരുന്നു. ഇപ്പോൾ റുകൂഇൽ നിന്ന് നിവർന്ന് നിൽക്കുമ്പോൾ ഇമാം പറയുന്നു, **സമി അല്ലാഹു ലിമൻ ഹമിദഹ്.** പിന്നിലുള്ളവർ പറയുന്നു, **റബ്ബനാ വലക്കൽ ഹംദ്.**

റുകൂഇൽ **സുബ്ഹാന റബ്ബിയൽ അളീം** എന്ന് പറഞ്ഞു. ശേഷം നിവർന്ന് നിന്ന് **സമി അല്ലാഹു ലിമൻ ഹമിദഹ്** എന്നു പറയുന്നു. അതിന്റെ അർത്ഥം അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു എന്നാണ്. റുക്കൂഇൽ **സുബ്ഹാന** എന്നാണ് പറഞ്ഞത്. റുകൂഇൽ സ്തുതിയൊന്നും പറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ **അളീം** എന്നത് സ്തുതി തന്നെയാണ്. **സുബ്ഹാന** അതായത് ന്യൂനതകളിൽ നിന്നും പരിശുദ്ധൻ എന്നത് സ്തുതിയാകുന്നു. ആരെയെങ്കിലും സ്തുതിക്കണമെങ്കിൽ രണ്ടു വാക്കുകളിൽ എല്ലാ സ്തുതിയും പറയാവുന്നതാണ്. ഒന്നുകിൽ **അളീം** എന്ന് പറയുക, അല്ലെങ്കിൽ **അഅ്ലാ** എന്ന് പറയുക. റുകൂഇൽ നിങ്ങൾ **അളീം** എന്ന സ്തുതിയാണ് പറഞ്ഞത്.

ഇപ്പോൾ സ്തുതിയുടെയും സൂറ:ഫാതിഹായുടെയും എല്ലാ ഉദ്ദേശങ്ങളും മനസ്സിലായില്ലേ? **സുബ്ഹാന റബ്ബിയൽ അളീം** എന്ന് പറയുമ്പോൾ ഇമാം നിങ്ങൾക്ക് സുവാർത്തയാണ് നൽകുന്നത്. **സമിഅല്ലാഹു ലിമൻ ഹമിദഹ്.** അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു. അപ്പോൾ നിങ്ങൾ വീണ്ടും സ്തുതി ക്കുന്നു. നിവർന്ന് നിന്നു പറയുന്നു, **റബ്ബനാ വലക്കൽ ഹംദു ഹംദൻ കസീറൻ ത്വയ്യിബൻ മുബാറക്കൻ ഫീഹി. റബ്ബനാ വലക്കൽ ഹംദ്** എന്നതിൽ **റബ്ബനാ** എന്നതിനു ശേഷം **വാവ്** എന്തിനാണ് വന്നിരിക്കുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ?

അല്ലാഹു കേട്ടു എന്ന ശബ്ദം കേൾക്കുമ്പോൾ ഹൃദയം അനിയന്ത്രിതമായി പറയും **റബ്ബനാ.** ഞങ്ങളുടെ നാഥാ! എത്ര മനോഹരമായ കാര്യം. നാമിവിടെ സ്തുതിച്ചു അപ്പോൾ തന്നെ അവിടെ അത് കേട്ടു. **റബ്ബനാ വലക്കൽ ഹംദ്.** നിനക്കായ് ഇനിയും സ്തുതിയുണ്ട് എന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. **റബ്ബനാ** എന്നതിൽ കൃതജ്ഞതയുടെ സ്തുതിയും അടങ്ങിയിട്ടുണ്ട്. ഹൃദയത്തിൽ നിന്ന് അനിയന്ത്രിതമായാണ് ആ ശബ്ദം പുറപ്പെടുന്നത്.

**സമി അല്ലാഹു ലിമൻ ഹമിദഹ്.** ഇതിനു മുമ്പ് നമസ്കാ രത്തിൽ നാം **സുബ്ഹാന റബ്ബിയൽ അളീം** എന്നാണ് പറഞ്ഞത്. അപ്പോൾ **സമി അല്ലാഹു ലിമൻ ഹമിദഹ്** എന്ന ശബ്ദം കേട്ടു. അതായത് അവനെ സ്തുതിച്ച വന്റെ സ്തുതി അവൻ കേട്ടു. പെട്ടെന്ന് തന്നെ പ്രതിഫലം ലഭിച്ചു. അപ്പോൾ അനിയന്ത്രിതമായി ഹൃദയം പറയും **റബ്ബനാ. റബ്ബനാ** എന്ന് മാത്രം പറഞ്ഞാൽ എല്ലാം അതിൽ പരാമർശവിധേയമാകുന്നു. **റബ്ബനാ** എന്ന് പറഞ്ഞ് കൊണ്ട് പറയുകയാണ്, നോക്കുക നമ്മുടെ നാഥൻ എത്ര മഹാനാണ്. പിന്നീട് **റബ്ബനാ വലക്കൽ ഹംദ്** എന്ന് പറഞ്ഞു. വാസ്തവത്തിൽ സ്തുതി നിനക്ക് തന്നെയാണ്. മറ്റാർക്കും അല്ല. **ഹംദൻ കസീറൻ ത്വയ്യിബൻ മുബാറകൻ ഫീഹി** (ഉർദു ക്ലാസ് നം. 316)

## സുജൂദ്

നാം ചെയ്യുന്ന ഓരോ ചലനങ്ങളും ഓരോ റുകുൻ ആകുന്നു. നമസ്കാരത്തിലെ എല്ലാ റുകുനെയും അതിന്റെ അർക്കാൻ എന്ന് പറയുന്നു. ഞാൻ നിങ്ങൾക്ക് നമസ്കാരത്തിലെ അർകാനുകളെ സംബന്ധിച്ചായിരുന്നു പറഞ്ഞു തന്ന് കൊണ്ടിരുന്നത്. ഓരോ റുകുനിലും ചൊല്ലുന്ന ദുആകൾ അതുമായി ബന്ധപ്പെട്ടതാണ്.

സുജൂദിൽ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നാണ് പറയുന്നത് എന്ന് ഞാൻ പറഞ്ഞിരുന്നു. അതിന്റെ അർത്ഥമെന്താണ്? **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നതിൽ നിന്ന് നിങ്ങൾക്ക് എന്ത് സന്ദേശമാണ് ലഭിക്കുന്നത്? അതിന് മുമ്പ് സൂറഫാതിഹ നിങ്ങൾക്ക് റബ്ബിനെ പരിചയപ്പെടുത്തി തന്നിരുന്നു. അന്നേരം നിങ്ങളുടെ റബ്ബായിരുന്നില്ല. സൂറ ഫാതിഹ **റബ്ബുൽ ആലമീൻ** അതായത് മുഴുവൻ പ്രപഞ്ചത്തിന്റെയും നാഥൻ എന്നാണ് പറഞ്ഞത്. നിങ്ങൾ ആ റബ്ബിനെ സ്മരിക്കുകയും അവനിൽ നിന്ന് സഹായം തേടുകയും ചെയ്യുമ്പോൾ അവൻ നിങ്ങളുടേതായി മാറും. ഇതാണ് **റബ്ബിയൽ അഅ്ലാ** എന്നതിലെ ആദ്യ സന്ദേശം. അതായത് എന്റെ റബ്ബ് വളരെ ഉന്നതനാണ്. വളരെ ശക്തമായ പ്രഖ്യാപനമാണ്. **സുബ്ഹാനല്ലാഹ്**! എന്റെ നാഥൻ. നോക്കുക, എന്റെ നാഥൻ എന്നതിൽ വീണ്ടും ഒരു പ്രഖ്യാപനമുണ്ട്. അതായത് എനിക്ക് ജീവിതവിഭവങ്ങൾ നൽകുന്നവൻ, എനിക്ക് കഴിവുകൾ നൽകുന്നവൻ അത് ഈ റബ്ബ് തന്നെയാകുന്നു, മറ്റാരുമല്ല. എല്ലാ റബ്ബും നശിച്ചു കഴിഞ്ഞു. എന്റെ നാഥൻ ഉന്നതനാണ്. ഏറ്റവും വലിയവനാണ്. ഇനി മറ്റെന്താണ് വേണ്ടത്?

**സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നതിൽ മറ്റൊരു സന്ദേശവും ഉണ്ട്. അതായത് അവൻ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. ഒരു വ്യക്തിക്ക് ഉന്നതപദവികൾ കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. എന്നാലും അയാളിൽ കളങ്കം ഉണ്ടാകാം. എന്നാൽ എന്റെ ഈ നാഥൻ എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. ഇതാണ് എന്റെ നാഥൻ എന്നതിന്റെ വിവക്ഷ. ഏറ്റവും ഉന്നതൻ എന്നതിന്റെ വിവക്ഷ എന്താണ്? നിങ്ങൾ തിന്മകളിൽ നിന്ന് പരിശുദ്ധരല്ലെങ്കിൽ എങ്ങിനെയാണ് അവൻ നിങ്ങളുടെ നാഥനാകുക? അഥവാ നിങ്ങൾ സ്വന്തം സ്വഭാവങ്ങളിലും, പ്രകൃതങ്ങളിലും ഉന്നതരല്ലെങ്കിൽ അവൻ നിങ്ങളുടെ നാഥനാകില്ല. അതിനാൽ നാം **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്ന് ഉരുവിടുമ്പോഴെല്ലാം തന്നെ ഞാനും എന്റെ നാഥനെ പോലെ തന്നെയാകേണ്ടതാണ്, എനിക്കും എന്റെ നാഥനെ പോലെ പരിശുദ്ധനാകണം, എന്റെ നാഥൻ ഉന്നതനായതിനാൽ എനിക്കും ഉന്നതനാകേണ്ടതുണ്ട് എന്ന സന്ദേശം ലഭിക്കുന്നു.

അല്ലാഹു ഉന്നതനാകുന്നതിനുള്ള എന്ത് മാർഗമാണ് പഠിപ്പിച്ചു തന്നത്? സുജൂദിൽ

⇨⇨⇨

ദഅ്‌വത്തെ ഇലല്ലാഹ്




# 'എന്നെ വധിക്കാൻ സാദ്ധ്യമല്ല'

സഗീർ എച്ച് എസ്



മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ് പറയുന്നു: ഒരിക്കൽ ഒരാളോട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അയാൾ പറഞ്ഞു; ഹദ്‌റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ചതും നബി(സ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്. അദ്ദേഹം തിരുനബി(സ)നെ വധിക്കാനാണ് തിരിച്ചതെങ്കിലും വഴിയിലുണ്ടായ ചില കാര്യങ്ങൾ നിമിത്തം അദ്ദേഹം അവിടെ എത്തിയതും മുസ്‌ലിമായി മാറി.



ഞാൻ പറഞ്ഞു: ഇതേ പോലെത്തന്നെയാണ് മൗലവി ഉമറുദ്ദീൻ സാഹിബിന്റെ സംഭവവും. ഇദ്ദേഹം ശിംലയിലെ ആവേശഭരിതനായ അനഹ്മദി ആയിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയും ഹാഫിസ് മുഹമ്മദ് യൂസുഫും അവിടെ ഉണ്ടായിരുന്നു. അവർക്ക് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു പ്രസിദ്ധീകരണം ലഭിക്കുക യുണ്ടായി. അതിൽ 'വലൗ തഖവ്വല' എന്ന ആയത്തിനെ പരാമർശിച്ചു കൊണ്ട്, നിങ്ങൾ എന്തു തന്നെ പദ്ധതികളും തന്ത്രങ്ങളും മെനഞ്ഞാലും പരാജയപ്പെടുമെന്നും തന്നെ വധിക്കാൻ സാദ്ധ്യമല്ലെന്നും ഹുസൂർ എഴുതിയിരുന്നു.

ഇത് വായിച്ച മൗലവി ഉമറുദ്ദീൻ സാഹിബ് വളരെ ആവേശത്തോടെ ചോദിച്ചു; നിങ്ങൾ എന്തുകൊണ്ട് അയാളെ കൊല്ലുന്നില്ല?

അവർ പറഞ്ഞു, ഞങ്ങൾ ശ്രമിച്ചതാണ് പക്ഷേ സാധിക്കുന്നില്ല.

അദ്ദേഹം പറഞ്ഞു; ഞാൻ പോയി അയാളെ കൊല്ലാം. ഒടുവിൽ ഖാദിയാനിലെത്തി ബയ്അത്ത് ചെയ്യുന്നതിന്നാണ് അദ്ദേഹത്തിന് സാഹചര്യമൊരുങ്ങിയത്.

അവിടെ ഹ. ഉമർ (റ) ആയിരുന്നു. ഇവിടെ ഉമറുദ്ദീനും.

(ഹയാത്തെ ശംസ്)

---

⇨⇨⇨

നിങ്ങൾ ഏറ്റവും താണ അവസ്ഥയിലാണ് ഉള്ളത്. അതിനപ്പുറത്തേക്ക് കുഴിച്ചെടുത്ത് സ്ഥലം ഉണ്ടാക്കേണ്ടി വരും. സുജൂദിലും താഴെ നിലം കുഴിച്ച് വീണ്ടും താഴേക്ക് പോകുകയല്ലാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. നിലം കുഴിക്കേണ്ട ആവശ്യമില്ല. ഭൂമിയിൽ നിങ്ങളുടെ നെറ്റി പതിച്ചതു തന്നെ ധാരാളമാണ്. ഇതാണ് മൂന്ന് തവണ ഉരുവിടുന്ന **സുബ്ഹാന റബ്ബിയൽ അഅ്‌ലാ** എന്നതിലെ സന്ദേശം. എന്നാൽ ചിലർ ഇക്കാര്യങ്ങളെ കുറിച്ച് ചിന്തിച്ച് ചിന്തിച്ച് സുജൂദ് വളരെ ദീർഘിപ്പിക്കുകയും പിന്നിൽ നമസ്കരിക്കുന്നവർ അമ്പരക്കുകയും ചെയ്യുന്നു. അവൻ സുബ്ഹാനാണ് എന്നതിനെ സംബന്ധിച്ച് വിവിധ നിലയിൽ ചിന്തിക്കുക. അവന്റെ പരിശുദ്ധി ഏതെല്ലാം അർത്ഥങ്ങളിലാണ്? എനിക്കെന്തുകൊണ്ട് എനിക്ക് അവനുമായി ബന്ധപ്പെടാനുള്ള അർഹതയില്ല? എന്റെ വാപ്പ വലിയ ആളാണ് എന്ന് ചില കുട്ടികൾ പറയാറുണ്ട്. എന്നാൽ നമുക്ക് നമ്മെ അവനുമായി ബന്ധിപ്പിക്കുമ്പോൾ ലജ്ജ തോന്നുന്നു. കാരണം അവൻ ഉന്നതനാണ്. നാം വളരെ നിസാരരും. **സുബ്ഹാന റബ്ബി** എന്റെ നാഥൻ വളരെ പരിശുദ്ധനാണ്, അവനിൽ യാതൊരു ന്യൂനതയും ഇല്ല എന്ന് പറഞ്ഞതിനു ശേഷം, എന്നാൽ എന്നിൽ ഇന്ന ഇന്ന ന്യൂനതയുണ്ട്, ഞാൻ ഇന്ന ഇന്ന നിലയിൽ അശുദ്ധനാണ് എന്ന് മനുഷ്യൻ ചിന്തിക്കുമ്പോൾ വിഷയം എത്ര ദീർഘിക്കുന്നു. **സുബ്ഹാന** എന്നതിൽ എത്തി നിൽക്കുമ്പോഴേക്കും ഞാനെന്തുകൊണ്ട് പരിശുദ്ധനല്ല, ഏതെല്ലാം കാര്യങ്ങളിൽ എനിക്ക് മുന്നേറേണ്ടതുണ്ട് എന്ന ചിന്തകൾ ഉടലെടുക്കാൻ തുടങ്ങുന്നു.

കൂടാതെ **റബ്ബീ** എന്നു പറയുമ്പോൾ അത് ദുആയായി ത്തീരുന്നു. അവനിൽ നിന്നാണ് എനിക്ക് സഹായം അർത്ഥിക്കേണ്ടത്, അവനിലേക്കാണ് ചായേണ്ടത്, അവൻ ശിക്ഷണം നൽകുന്നവനെന്ന നിലയിൽ നാഥനാണ്, എനിക്ക് ശിക്ഷണം നൽകുന്നവനാണ്. എന്റെ നാഥൻ എന്ന് പറയുമ്പോൾ പ്രതീക്ഷയായി. അത് ഉത്തരവാദിത്വം മാത്രമല്ല, മറിച്ച് ഒരു സഹായിക്കുന്ന അസ്തിത്വത്തിലേക്കുള്ള വിളിയായി. **സുബ്ഹാന റബ്ബീ,** എന്റെ നാഥൻ എല്ലാ ന്യൂനതകളിൽ നിന്നും, എല്ലാ തിന്മകളിൽ നിന്നും പരിശുദ്ധനാണ്. എന്നാൽ അവൻ എന്റെ നാഥനാണ്. എന്നെ ശരിയാക്കുന്നവനാണ്.

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# സ്ത്രീകളോടുള്ള പെരുമാറ്റം

**ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)**



നിങ്ങളിലുള്ള ന്യൂനതകളെ നേരാക്കുക. സ്ത്രീകളോട് നല്ല പോലെ പെരുമാറാത്തവർ വിശുദ്ധഖുർആന് എതിരാണ്. അവർ പ്രത്യേകം ശ്രദ്ധിക്കുക. അത്തരക്കാരെ എന്റെ ജമാഅത്തിൽ നിന്ന് വേർപെടുത്തുന്നില്ല. കാരണം ഒരു പക്ഷെ അവർ കാര്യങ്ങൾ മനസ്സിലാക്കിയേക്കാം. വീണ്ടും മനസ്സിലാക്കി കൊടുക്കുക. അവർക്ക് ഞാൻ ആഘാധത്തിനുള്ള കാരണമാകാനാഗ്രഹിക്കുന്നില്ല.

(പെരുന്നാൾ ഖുത്ബ, 15.10.1909)

### തെറ്റുകളെ അവഗണിക്കുക

ഭാര്യമാരോട് കാരുണ്യത്തോടെ വർത്തിക്കുക. ഭാര്യമാർ കുട്ടികളെ ജനിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വളരെ കഷ്ടപ്പെടുന്നു. പുരുഷന്മാർക്ക് അതിന്റെ ആയിരത്തിലൊരംശം പോലും കഷ്ട പ്പെടേണ്ടി വരുന്നില്ല. അവരുടെ അവകാ ശങ്ങളെ ശ്രദ്ധിക്കുക. وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ (2.229) അവരുടെ തെറ്റുകളെ അവഗണിക്കുക. അല്ലാഹു ഏറ്റവും ഉത്തമമായി പ്രതിഫലം നൽകുന്നതാണ്. (ഖുത്ബ ജുമുഅ, 9.6.1911)

### വിശ്വാസികളുടെ വീട് സ്വർഗത്തിന്റെ മാതൃക

പുരുഷന്മാരോട് വീണ്ടും വീണ്ടും ഞാൻ തങ്ങളുടെ ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുന്നതിനായി ഉപദേശിക്കുന്നതു പോലെ ഭാര്യമാരോടും ഭർത്താക്കന്മാരുടെ അവകാശങ്ങളെ സംബന്ധിച്ച് ഉപദേശിക്കുകയാണ്. ഭാര്യാഭർത്താക്കന്മാർക്കിടയിൽ നല്ല സ്നേഹബന്ധമാണുണ്ടാകേണ്ടത്. അങ്ങനെ വിശ്വാസികളുടെ ഭവനം സ്വർഗത്തിന്റെ മാതൃകയായിത്തീരട്ടെ. (ഖുത്ബ നിക്കാഹ്, 5.2.1910)

### പരസ്പര ബന്ധം

സ്ത്രീകൾ നിങ്ങളുടെ വസ്ത്രമാകുന്നു. നിങ്ങൾ അവരുടെ വസ്ത്രവും. വസ്ത്രത്തിൽ സംതൃപ്തിയും, സമാധാനവും, ചൂടിൽ നിന്നും തണുപ്പിൽ നിന്നും സംരക്ഷണവും, സൗന്ദര്യവും, നാനാതരത്തിലുള്ള വിഷമങ്ങളിൽ നിന്നുള്ള മോക്ഷവും ഉള്ളതു പോലെ ഈ ജോഡികളിലുമുണ്ട്. വസ്ത്രങ്ങൾ മറക്കുന്നതു പോലെ പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ഇണയെ മറച്ചു വെക്കേണ്ടതാണ്. അവരുടെ അവസ്ഥകളെ മറ്റുള്ളവരുടെ മുന്നിൽ വെളിപ്പെടുത്തരുത്. അതിന്റെ ഫലം ദൈവതൃപ്തിയും സൽസന്താനങ്ങളുമാകുന്നു. സ്ത്രീകളോട് നല്ല നിലയിൽ പെരുമാറുക. അവരുടെ അവകാശങ്ങൾ നൽകുക. സ്ത്രീകളുടെ അവകാശങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ല എന്നുള്ളത് ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ ന്യൂനതയാണ്. (ഖുത്ബ ജുമുഅ, 4.6.1909)

**അല്ലാഹു ആഗ്രഹിക്കുന്നത് അവരോട് (സ്ത്രീകളോട്) എപ്പോഴും കരുണയോടെ വർത്തിക്കണമെന്നാണ്. അവരോട് നല്ല നിലയിൽ പെരുമാറുകയും സൗമ്യത കാണിക്കുകയും ചെയ്യുക.** (ഖുത്ബാതെ നൂർ വാല്യം 2 )

## എന്റെ ജമാഅത്തിൽ പെട്ടവനല്ല

**ഹദ്റത് മസീഹ് മൗഊദ് (അ)**

തന്റെ ഭാര്യയോടും അവളുടെ കുടുംബക്കാരോടും സൗമ്യതയിലും നല്ല നിലയിലും പെരുമാറാത്തവർ എന്റെ ജമാഅത്തിൽ പെട്ടവരല്ല.

ഭാര്യയോട് അനീതി കാണിക്കുന്ന ഭർത്താവും ഭർത്താവിനോട് അനീതി കാണിക്കുന്ന ഭാര്യയും എന്റെ ജമാഅത്തിൽ പെട്ടവരല്ല. (കശ്തീ നൂഹ്)

**സ്ത്രീകളെ ഉപദേശിച്ചു കൊണ്ട് പറയുന്നു,**

- അഥവാ നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലവളാകുകയാണെങ്കിൽ നിങ്ങളുടെ ഭർത്താവും നല്ലവനാക്കപ്പെടുന്നതാണ്.
- ഭർത്താവിന്റെ കഴിവിനതീതമായ കാര്യങ്ങൾ, അവരോട് ആവശ്യപ്പെടരുത്.
- തന്റെ ഭർത്താവിനോട് പരിപൂർണമായും അനുസരണയുള്ളവളായിരിക്കുക. അവരുടെ അന്തസിന്റെ നല്ലൊരു ഭാഗം നിങ്ങളുടെ കയ്യിലാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ പക്കൽ സദ്വൃത്തരും പരിശുദ്ധരും ആകത്തക്ക നിലയിൽ ആ ഉത്തരവാദിത്വത്തെ നല്ല നിലയിൽ പൂർത്തിയാക്കുക. (കശ്തീ നൂഹ്)



# നല്ല ദാമ്പത്യജീവിതം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

**ഹുന്ന ലിബാസുല്ലക്കും വ അൻതും ലിബാസുല്ലഹുന്ന** എന്നതിൽ സ്ത്രീപുരുഷന്മാരുടെ ബന്ധം എത്തരത്തിലുള്ളതായിരിക്കണം എന്നതിലേക്ക് ശ്രദ്ധ തിരിച്ചിരിക്കുന്നു. പറയുന്നു, പുരുഷന്മാരും സ്ത്രീകളും പരസ്പരം വസ്ത്രത്തെ പോലെയായിരിക്കണം. അതായത് 1. പരസ്പരം ന്യൂനതകളെ മറച്ചു വെക്കുക. 2. പരസ്പരം സൗന്ദര്യത്തിന് കാരണമാകണം. 3. ചൂടിന്റെയും തണുപ്പിന്റെയും പ്രഭാവത്തിൽ നിന്ന് മനുഷ്യ ശരീരത്തെ വസ്ത്രം സംരക്ഷിക്കുന്നതു പോലെ പുരുഷനും സ്ത്രീയും സന്തോഷത്തിന്റെയും സന്താപത്തിന്റെയും അവസരത്തിൽ പരസ്പരം സഹായികളാകണം. അസ്വസ്ഥതകളുടെ അവസരത്തിൽ പരസ്പരം സാന്ത്വനത്തിനും സംതൃപ്തിക്കും കാരണമാകണം. ചുരുക്കത്തിൽ വസ്ത്രം ശരീരത്തെ സംരക്ഷിക്കുകയും അതിനെ തണുപ്പിന്റെയും ചൂടിന്റെയും പ്രഭാവത്തിൽ നിന്നും രക്ഷിക്കുന്നത് പോലെ അവർ പരസ്പരം സംരക്ഷകരാകേണ്ടതാണ്. ഹദ്റത് ഖദീജ(റ)യുടെ മാതൃക നോക്കുക. വിവാഹശേഷം എപ്രകാരമാണ് അവർ തന്റെ എല്ലാ സമ്പാദ്യവും നബിതിരുമേനി (സ) യുടെ സവിധത്തിൽ സമർപ്പിച്ചത്. നബി(സ) യ്ക്ക് ഈ സംഖ്യ ഉണ്ടെങ്കിൽ യാതൊരു പ്രയാസവും ഉണ്ടാകരുത്, നബി(സ) യ്ക്ക് വളരെ സമാധാനത്തോടു കൂടി സൃഷ്ടി സേവനത്തിൽ ഭാഗഭാക്കാകാൻ സാധിക്കട്ടെ എന്ന ഉദ്ദേശ്യത്തിൽ. കുടുംബജീവിതത്തെ സന്തോഷപ്രദമാക്കുന്നതിനുള്ള എത്ര ഉദാത്തമായ മാതൃകയാണ് അവർ പ്രകടിപ്പിച്ചത്.

(തഫ്സീറെ കബീർ വാല്യം 2)

## പരിപൂർണ അസ്തിത്വം

ഹുവല്ലദീ ഖലഖ ലക്കും മിൻ നഫ്സിൻ വാഹിദത്തിൻ.. എന്ന ആയത്തിനെ വിശദീകരിച്ചു കൊണ്ട് പറയുന്നു,

ഈ ആയത്ത് നോക്കുമ്പോൾ മനസ്സിലാകുന്നത് സ്ത്രീ പുരുഷന്റെ വാരിയെല്ലിൽ നിന്നല്ല പ്രത്യുത സ്ത്രീയുടെ വാരിയെല്ലിൽ നിന്നാണ് പുരുഷൻ സൃഷ്ടിക്കപ്പെട്ടത് എന്നാണ്..... ഈ ആയത്തിന്റെ യഥാർത്ഥ അർത്ഥം സ്ത്രീ പുരുഷന്റെയും, പുരുഷൻ സ്ത്രീയുടെയും ഭാഗമാണെന്നാണ്. അത് രണ്ടും ചേരുമ്പോഴാണ് പരിപൂർണ അസ്ഥിത്വമാകുന്നത്. വെവ്വേറെയാകുമ്പോൾ പൂർണമാകുന്നതല്ല. രണ്ടു പേരും ഒന്നിക്കുമ്പോഴാണ് പൂർണമാകുന്നത്. ഇസ്‌ലാം നൽകിയ എത്ര അതിമഹത്തായ ധാർമിക അധ്യാപനമാണിതെന്ന് നോക്കുക. അതിന്റെ അടി സ്ഥാനത്തിൽ വിവാഹം കഴിക്കാത്ത പുരുഷൻ പൂർണ പുരുഷനല്ല. അതുപോലെ വിവാഹം കഴിക്കാത്ത സ്ത്രീ പൂർണ സ്ത്രീയുമല്ല. കൂടാതെ തന്റെ ഭാര്യയോട് നല്ലപോലെ പെരുമാറാത്ത അവളെ ബുദ്ധിമുട്ടിക്കുന്ന പുരുഷൻ ഈ അദ്ധ്യാപനമനുസരിച്ച് സ്വയം തന്റെ ഭാഗം അറുക്കുകയാണ്. അതു പോലെ പുരുഷനോട് നല്ല നിലയിൽ കഴിയാത്ത സ്ത്രീയും സ്വയം തന്നെ അപൂർണയാക്കുകയാണ്. അങ്ങനെ മനുഷ്യത്വത്തിന്റെ ഭാഗം അപൂർണമായിരിക്കുന്നതാണ്. (ഫസായിലുൽ ഖുർആൻ)

## സേഫ്ടി വാൽവ്

എഞ്ചിനിൽ നിന്ന് അധിക നീരാവി പുറത്ത് പോകുന്നതിന് വഴിയുണ്ടാകുന്നു. അത് പോലെ അല്ലാഹു മനുഷ്യനിൽ അസ്വസ്ഥത ഉണ്ടാക്കുന്നു. അതോടൊപ്പം തന്നെ സ്ത്രീയ്ക്കായി പുരുഷനെയും പുരുഷനു വേണ്ടി സ്ത്രീയെയും സേഫ്റ്റി വാൽവാക്കിയിരിക്കുന്നു. അങ്ങനെ അല്ലാഹുവിനായി ഉടലെടുക്കപ്പെടേണ്ട സ്നേഹത്തിന്റെ ആവശ്യത്തിലധികമുള്ളതിനെ ഉപയോഗിക്കാൻ അവസരം നൽകിയിരിക്കുകയാണ്. അഥവാ അതിനായി യാതൊരു സേഫ്റ്റി വാൽവും ഇല്ലെങ്കിൽ ഈ സ്നേഹം പലരെയും ഭ്രാന്തരാക്കിയേനെ. ലോകത്തുള്ള ഒരു ബുദ്ധിമാനും ഒരു വസ്തുവിനെയും പാഴാക്കാനാഗ്രഹിക്കുന്നില്ല. അപ്പോൾ അല്ലാഹു ഏതെങ്കിലും വസ്തുവിനെ എങ്ങിനെയാണ് പാഴാക്കുക. അതിനായിട്ടാണ് അല്ലാഹു ഈ പരിഹാരമാർഗം നൽകിയത്. അതായത് മനുഷ്യത്വത്തെ രണ്ടു ഭാഗങ്ങളായി വിഭജിച്ച് രണ്ട് രൂപത്തിൽ വെളിപ്പെടുത്തി. അതിലൂടെ ആ ആവേശത്തിന്റെ ആവശ്യത്തിലധികമുള്ളതും അനാവശ്യവുമായ ഭാഗം മറുഭാഗത്തേക്ക് പോകുന്നു. അങ്ങനെ പുരുഷനായാ ലും സ്ത്രീയായാലും സംതൃപ്തി അനുഭവിക്കുന്നു. (ഫസാഇലുൽ ഖുർആൻ)

## പുരുഷമേധാവിത്വം

ഭാര്യഭർത്താക്കന്മാർക്കിടയിൽ മേധാവിത്വത്തിന്റെയും അനുസരണത്തിന്റെയും രീതി വെച്ചതിന്റെ ഉദ്ദേശ്യം രണ്ടു പേരും യാതൊരു കലഹവും കൂടാതെ പരസ്പരം സഹകരിക്കുക എന്നതാണ്. പുരുഷന്റെ മേധാവിത്വം അർത്ഥമാക്കുന്നത് അവന് സ്ത്രീയെക്കാൾ അവകാശം കൂടുതലുണ്ട് എന്നല്ല. അതുകൊണ്ടാണ് അല്ലാഹു **വത്തഖുല്ലാഹ** എന്ന് പറഞ്ഞത്. ആദ്യം യഥാർത്ഥ ഉറവിടത്തിലേക്ക് ശ്രദ്ധയെ ക്ഷണിക്കുന്നു. അതായത് പുരുഷനായാലും സ്ത്രീയായാലും നിങ്ങൾ മനുഷ്യസന്താനങ്ങളാണ്. പുരുഷനെ ഞാൻ മേധാവിയാകാനും സ്ത്രീയെ അടിമയാകാനും ആണ് സൃഷ്ടിച്ചത് എന്ന് പറഞ്ഞിട്ടില്ല. വിശുദ്ധഖുർആനിൽ എവിടെയും അങ്ങനെ പറഞ്ഞിട്ടില്ല. എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ രണ്ടു പേർക്കും കൂടിയായിട്ടാണ് പറഞ്ഞിട്ടുള്ളത്.

⇨⇨⇨

➪➪➪

അല്ലാഹു പറയുന്നു, **ലിതസ്കുനൂ ഇലൈഹാ വജഅല ബൈനകും മവദ്ദത്തൻ വ റഹ്മത്തൻ.** നിങ്ങൾക്ക് സമാധാനവും സംതൃപ്തിയും കരസ്ഥമാക്കുന്നതിനായിട്ടാണ്. നിങ്ങൾ ഭാര്യമാരോടും ഭാര്യമാർ നിങ്ങളോടും അത്തരത്തിൽ സ്നേഹിക്കണം. നിങ്ങൾ ഭാര്യയോട് ഔദാര്യം ചെയ്യണം, ഭാര്യ നിങ്ങളുടെ മേലും ഔദാര്യം ചെയ്യട്ടെ...... അല്ലാഹു പറയുന്നു, നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കാതെ ഭയഭക്തി കൈക്കൊള്ളാതെ സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നില്ലായെങ്കിൽ നിങ്ങളുടെ മേൽ ഒരു അസ്ഥിത്വം മേൽനോട്ടക്കാരനായിട്ടുണ്ട് എന്നത് ഓർത്തു കൊള്ളുക.

(ഖുത്വുബാതെ നിക്കാഹ് വാള്യം 3)

### മാതാപിതാക്കളെ കാണാനനുവദിക്കുക

സ്ത്രീകൾ പുരുഷന്റെ അനുമതിയില്ലാതെ പുറത്ത് പോകരുത് എന്നത് ശരീഅത്തിന്റെ കല്പനയാണ്. എന്നിരുന്നാലും സ്ത്രീകളെ അവരുടെ മാതാപിതാക്കളെ കാണുന്നതിൽ നിന്നും തടയാവതല്ല. അഥവാ ആരെങ്കിലും അങ്ങിനെ ചെയ്യുന്നുവെങ്കിൽ അത് ഖുലയ്ക്കുള്ള മതിയായ കാരണമാകാവുന്നതാണ്. മാതാപിതാക്കളെ കാണുന്നത് സ്ത്രീകളുടെ അവകാശമാണ്. എന്നാൽ സമയം നിശ്ചയിക്കുന്നതും അനുമതി നൽകുന്നതും പുരുഷന്റെ അവകാശമാണ്. ഉദാഹരണമായി രാത്രിയിലല്ല രാവിലെ പോയി കണ്ടു കൊള്ളുക അല്ലെങ്കിൽ മാതാപിതാക്കളെ സ്വന്തം വീട്ടിലേക്ക് ക്ഷണിക്കുക എന്ന് പറയാവുന്നതാണ്. അല്ലെങ്കിൽ അവരെ മാതാപിതാക്കളുടെ വീട്ടിലേക്ക് അയക്കാം. (ഖുത്വുബാത്തെ മഹ്മൂദ് വാള്യം 3)

### പരസ്പരം അനുസരിക്കുക

നിക്കാഹും ഒരു അനുസരണമാകുന്നു...... ഭർത്താവ് ഭാര്യയെ അനുസരിക്കുക. ഭാര്യ ഭർത്താവിനെ അനുസരിക്കുക. ഇത് അല്ലാഹുവിന്റെ കല്പനയാകുന്നു. അതിന്റെ പരിണതഫലം എപ്പോഴും നല്ലതാകുന്നു. പല കാര്യങ്ങളിലും ഭർത്താവിനെ അനുസരിക്കേണ്ടതായി വരുന്നു. ഭാര്യയെ അനുസരിക്കാത്ത ഒരു ഭർത്താവും ഉണ്ടാകില്ല. ഭർത്താവിന്റെ പല കാര്യങ്ങളും ഭാര്യക്ക് അനുസരിക്കേണ്ടി വരുന്നതണ്. ചിലർ ബലം പ്രയോഗിച്ച് അനുസരിപ്പിക്കുന്നു, ചിലർ സ്നേഹത്താൽ അനുസരിപ്പിക്കുന്നു. ശരിയായ മാർഗത്തിലൂടെയോ തെറ്റായ മാർഗത്തിലൂടെയോ അനുസരിപ്പിച്ചാലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി പരസ്പരം അനുസരിക്കേണ്ടത് അനിവാര്യമാകുന്നു. കേവലം അല്ലാഹുവിന് വേണ്ടി പരസ്പരം സന്തോഷിപ്പിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അതിന്റെ ഫലം നല്ലതായിരിക്കും. ഒരു വ്യക്തി ദൈവപ്രീതിക്കായി ശ്രമിക്കുകയും അവന്റെ കല്പനകളെ പ്രാവർത്തികമാക്കുകയും ചെയ്താൽ നാശമടയുന്ന തരത്തിലുള്ള വിഷമം ഉണ്ടാകുക അസാധ്യമാകുന്നു. (ഖുത്വുബാതെ മഹ്മൂദ് വാള്യം 3 )

## നിക്കാഹിന്റെ ഉദ്ദേശ്യം

നിക്കാഹിന്റെ ഉദ്ദേശ്യമായി ഇസ്ലാം പറഞ്ഞിരിക്കുന്നത് തഖ്വയാകുന്നു. അതായ ത് ഭാര്യഭർത്താക്കന്മാർ പരസ്പരം ഒന്നിച്ചു ചേർന്നു കൊണ്ട് ദൈവകോപത്തിൽ നിന്നു രക്ഷപ്പെടുന്നതിനും കാരുണ്യം കരസ്ഥമാക്കുന്നതിനും ശ്രമിക്കുക, ഭാവിയിൽ ഉപകാരപ്രദമാകുന്ന തലമുറയെ വ്യാപിക്കുക. ഭാര്യാഭർത്താക്കന്മാർ ചേർന്നു കൊണ്ട് സൽക്കർമങ്ങളിൽ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും, സത്യത്തെ നിലനിർത്തുകയും, ആദ്യനാളിൽ തന്നെ മനുഷ്യന്റെ ലക്ഷ്യമായി നിർണയിച്ചത് പൂർത്തിയാക്കുകയും ചെയ്യുക എന്നതും അതിന്റെ ഉദ്ദേശ്യമാണ്.

(ഖുത്വുബാതെ മഹ്മൂദ്, വാള്യം 3, പേജ് 64)

# ജീവിത വിജയം


### ഹദ്റത് സയ്യദ നവാബ് മുബാറക ബേഗം സാഹിബ (റ)യുടെ ഏതാനും ഉപദേശങ്ങൾ

- വിവാഹശേഷം ആദ്യം ഭാര്യ ഭർത്താവിന്റെ ദാസിയാകുന്നു. പിന്നീട് ഭർത്താവ് ഭാര്യയുടെ ദാസനാകുന്നു.
- ഭാര്യഭർത്താക്കന്മാരുടെ സ്വകാര്യ കാര്യങ്ങൾ ആരോടും പറയരുത്.
- ഭർത്താവ് പുറത്തു നിന്ന് വരുമ്പോൾ തയ്യാറായിരിക്കേണ്ടതാണ്. പുറത്തേക്ക് പോകുമ്പോൾ നിങ്ങളെ കുറിച്ച് ചിന്തിക്കുമ്പോൾ സന്തോഷഭരിതമാകുന്ന തരത്തിൽ നിങ്ങളുടെ രൂപം നല്ലതാക്കുക. മുടിയെല്ലാം ചിതറി ഒരു വിരൂപിയായ സ്ത്രീയെ പോലെ ഇരിക്കരുത്.
- കോപാവസ്ഥയിൽ ഭർത്താവിനോട് തർക്കിക്കരുത്. പിന്നീട് കോപം തണുക്കുമ്പോൾ അദ്ദേഹത്തിന്റെ അനീതിയെ കുറിച്ച് സമാധാനത്തിൽ ബോധ്യപ്പെടുത്തുക
- ഭാര്യഭർത്താക്കന്മാർ ഒരു മുറിയിലായിരിക്കുമ്പോൾ ഒരിക്കലും അലറരുത്. കേൾക്കുന്നവർ മറ്റെന്തെങ്കിലും ചിന്തിക്കുന്നതാണ്.
- ഭാര്യാഭർതൃ ബന്ധത്തിൽ മിഥ്യാഹങ്കാരം ഉണ്ടാകരുത്. തന്റെ തെറ്റാണെങ്കിൽ ഭാര്യ ഭർത്താവിനെ സമാധാനിപ്പിക്കുക. അതിൽ യാതൊരു അപമാനവും ഇല്ല.
- കലഹിച്ചു കൊണ്ട് ഒരിക്കലും വീട്ടിൽ നിന്ന് പോകുമെന്ന് ഭീഷണിപ്പെടുത്തരുത്. അഥവാ കോപിഷ്ഠനായിക്കൊണ്ട് എന്നാൽ ഇറങ്ങിപ്പൊയ്ക്കോ എന്ന് പറഞ്ഞാൽ അതിൽ എത്ര അപമാനമാണുള്ളത്.
- സ്വന്തം വീട്ടിലെ കാര്യങ്ങൾ ഭർതൃവീട്ടിലും ഭർതൃവീട്ടിലെ കാര്യങ്ങൾ സ്വന്തം വീട്ടിലും പറയരുത്. നിങ്ങൾ അത് മറന്നാലും മുതിർന്നവരുടെ മനസിൽ അത് മായാതെ കിടക്കുന്നതാണ്.

(സീറത്ത് വ സവാനിഹ് ഹദ്റത് സയ്യദ നവാബ് മുബാറക ബേഗം സാഹിബ (റ))

# സ്ത്രീകൾക്ക് കൂടുതൽ അവകാശം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)



മനുഷ്യനാണെന്ന നിലയിൽ ഇസ്‌ലാം സ്ത്രീകൾക്ക് സമാന പദവിയാണ് നൽകുന്നത്. അതിൽ നിന്നും വ്യക്തമാകുന്നത് വിശുദ്ധഖുർആനിൽ നൽകിയിരിക്കുന്ന കല്പനകൾ **അന്നാസ്** എന്ന് അഭിസംബോധന ചെയ്തു കൊണ്ടാണെന്നാണ്. അറബി നിഘണ്ടുവിന്റെ അടിസ്ഥാനത്തിൽ **അന്നാസ്** എന്നത് പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഒരുമിച്ച് പറയുന്ന പദമാണ്..... വിശുദ്ധ ഖുർആനിൽ (സ്ത്രീകളുടെ മാത്രം അവകാശങ്ങളെ പറ്റി പരാമർശിക്കുന്ന) വചനങ്ങളുടെ എണ്ണം 49 ആകുന്നു. അതിന് വിപരീതമായി പുരുഷനെന്ന അവസ്ഥയിലുള്ള അവകാശങ്ങളുടെ പരാമർശം കുറവാണ്.... അവർക്ക് (സ്ത്രീകൾക്ക്) ചില അവസ്ഥകളിൽ പുരുഷന്മാരേക്കാൾ കൂടുതൽ അവകാശങ്ങൾ നൽകിയിട്ടുണ്ട്.... **ബശർ** എന്ന പദം അറബിയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഉപയോഗിച്ചിട്ടുണ്ട്. ചുരുക്കത്തിൽ മനുഷ്യനെന്ന അവസ്ഥയിൽ സ്ത്രീകളെ പുരുഷന്മാർക്ക് സമാനരായിട്ടാണ് അംഗീകരിച്ചിട്ടുള്ളത്. (ദൗറ മഗ്‌രിബ്, 1980 )

## വ്യതിരിക്തതയില്ല

ഈ ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളത് സ്ത്രീകൾക്ക് പുരുഷന്മാരുടേതു പോലുള്ള അവകാശങ്ങൾ ഉണ്ട് എന്നാണ്. മനുഷ്യൻ എന്ന നിലയിലും മനുഷ്യാവകാശങ്ങൾ ഉള്ളവരെന്ന നിലയിലും വിശുദ്ധഖുർആൻ പുരുഷന്മാരിലും സ്ത്രീകളിലും യാതൊരു വ്യതിരിക്തതയും കാണിച്ചിട്ടില്ല. പ്രത്യുത അവർക്ക് ഇക്കാര്യത്തിൽ സമാന പദവിയാണുള്ളത്....... യഥാർത്ഥത്തിൽ ഇസ്‌ലാം മനുഷ്യനെന്ന നിലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും സമാനപദവികൾ നൽകി അവരുടെ സമാന അവകാശങ്ങൾ നിർണയിക്കുക മാത്രമല്ല, അവർക്ക് ചില അവസ്ഥകളിൽ പുരുഷന്മാരെക്കാൾ കൂടുതൽ അവകാശം നൽകുന്നുണ്ട്. ഉദാഹരണമായി, വീട്ടിലെ എല്ലാ ചെലവുകളുടെയും ഉത്തരവാദിത്വം അല്ലാഹു പുരുഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അതായത് ധനം സമ്പാദിച്ചു കൊണ്ട് അവൻ ഭാര്യമക്കളുടെ മുഴുവൻ ആവശ്യത്തെയും പൂർത്തിയാക്കേണ്ടതാണ്. സ്ത്രീകളെ അല്ലാഹു ഈ ഉത്തരവാദിത്വത്തിൽ നിന്നും പൂർണമായും സ്വതന്ത്രരാക്കിയിരിക്കുകയാണ്. അഥവാ സ്ത്രീകളുടെ അടുക്കൽ സ്വന്തം ധനമുണ്ടെങ്കിൽ അല്ലെങ്കിൽ സ്വന്തം പ്രയത്നം കൊണ്ട് ധനം സമ്പാദിച്ചിട്ടുണ്ടെങ്കിൽ ആ ധനം സ്വീകരിച്ചു കൊണ്ട് വീട്ടിലെ ചെലവു പൂർത്തിയാക്കുന്നതിനുള്ള അവകാശം പുരുഷന് നൽകിയിട്ടില്ല. (ദൗറ മഗ്‌രിബ് 1980)

## ചെലവുകൾ വരുമാനത്തിനനുസരിച്ച് ക്രമീകരിക്കുക

വീട്ടിലെ എല്ലാ ചെലവുകളെയും പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം പുരുഷനാണ്. സാധാരണ അവസ്ഥയിൽ സ്ത്രീകൾ പുറത്തു പോയി വീട്ടാവശ്യത്തിനു വേണ്ടി ജോലി ചെയ്യേണ്ടതില്ല. വരുമാനമുണ്ടാക്കുക എന്നത് പുരുഷന്മാരുടെ ഉത്തരവാദിത്വമാണ്. എന്നാൽ പുരുഷന്മാരുടെ വരുമാനത്തിനനുസരിച്ച് വീട്ടിലെ ചെലവുകൾ നിയന്ത്രിക്കുക എന്നത് സ്ത്രീകളുടെ കടമയാകുന്നു. ഭാര്യ തന്റെ ഭർത്താവിന്റെ വരുമാനത്തിനപ്പുറം ചെലവു ചെയ്യുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഭാര്യ തന്റെ സമ്പാദ്യം കൊണ്ടോ അല്ലെങ്കിൽ അവകാശമായും മറ്റും ലഭിച്ച് സമ്പത്ത് കൊണ്ട് ഭർത്താവിന്റെ ചെലവുകളെ പൂർത്തിയാക്കുക എന്നത് സ്ത്രീകളുടെ ഉത്തരവാദിത്വമായി ഇസ്‌ലാം നിശ്ചയിച്ചിട്ടില്ല. സ്വന്തം വരുമാനം കൊണ്ട് തന്റെയും ഭാര്യാമക്കളുടെയും ചെലവുകൾ സ്വന്തം വരുമാനത്താൽ പൂർത്തിയാക്കണം എന്നത് പുരുഷന്റെ ഉത്തരവാദിത്വമാണ്. എന്നാൽ സ്ത്രീകൾ തന്റെയും വീടിന്റെയും ആവശ്യങ്ങളെ ഭർത്താവിന്റെ വരുമാനത്തിൽ ഒതുക്കേണ്ടത് സ്ത്രീകൾക്ക് അനിവാര്യമാണ്.

(ദൗറ മഗ്‌രിബ് 1980)

## അവകാശ പരാമർശങ്ങളിലെ സുന്ദര വശം

ഞാൻ പുരുഷന്മാരുടെയും സ്ത്രീകളുടെയും സമാനാവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും സംബന്ധിച്ചുള്ള ഖുർആനിക വചനങ്ങളെ വിശകലനം ചെയ്തപ്പോൾ ഞാൻ കണ്ടത്, അല്ലാഹു **അന്നാസ്** എന്ന് പറഞ്ഞ് സ്ത്രീകളെയും പുരുഷന്മാരെയും ഒരുമിച്ച് സംബോധന ചെയ്തുകൊണ്ട് കല്പനകൾ നൽകിയിട്ടുള്ളത് 227 സ്ഥലങ്ങളിലാണ്. അതു പോലെ **ഇൻസാൻ** എന്ന് പറഞ്ഞു കൊണ്ടും **അന്നാസ്** എന്ന് പറഞ്ഞു കൊണ്ടും പുരുഷന്മാരെയും സ്ത്രീകളെയും ഒരുമിച്ച് സംബോധന ചെയ്തിട്ടുള്ളത് 61 ഉം 66 ഉം സ്ഥലങ്ങളിലാണ്. ഇനി സ്ത്രീകളെ അവരുടെ വിവിധ ശാരീരിക അവസ്ഥകളെ പരിഗണിച്ചു കൊണ്ട് സ്ത്രീകൾക്കായി മാത്രം നൽകിയിരിക്കുന്ന കല്പനകളുടെ എണ്ണം 49 ആകുന്നു. അതിൽ സ്ത്രീകൾക്ക് ചില അധിക ഉത്തരവാദിത്വങ്ങളും നൽകിയിരിക്കുന്നു. അതിന് വിപരീതമായി പുരുഷന്മാരെ മാത്രം പരാമർശിച്ചിരിക്കുന്നത് 11 ആയത്തുകളിലാണ്. ( ദൗറ മഗ്‌രിബ് 1980 )

# ലജ്ജയോ നിർലജ്ജയോ ?

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)



ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, 'പുരുഷനായിക്കൊണ്ട് സ്ത്രീകളോട് കലഹിക്കുന്നതിൽ എനിക്ക് അങ്ങേയറ്റം ലജ്ജ തോന്നുന്നു.' എത്ര അഹ്മദികളാണ് ഈ നിലയിൽ ലജ്ജിതരിൽ ഗണിക്കപ്പെടുക. എത്ര അഹ്മദികളാണ് ഈ നിലയിൽ നിർലജ്ജിതരായി ഗണിക്കപ്പെടുക. ഇതിന്റെ വിശദവിവരങ്ങൾ അളക്കുന്നതിനുള്ള മാധ്യമം നമ്മുടെ പക്കലില്ല. ഖുത്വുബക ളിൽ അത്തരത്തിലുള്ള് വിശദീകരണങ്ങൾ പരാമർശിക്കുന്നതിനുള്ള സന്ദർഭവും ലഭിക്കാറില്ല. എന്നാൽ ഓരോരുത്തർക്കും സ്വയം ഈ അളവുകോലിൽ അളന്നു കൊണ്ട് അല്ലാഹുവിന്റെ പക്കൽ അവർ നിർലജ്ജിതരിൽ ഗണിക്കപ്പെടുമോ ലജ്ജിതരിൽ ഗണിക്കപ്പെടുമോ എന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.... സ്ത്രീകൾ നിങ്ങളോട് നല്ല നിലയിൽ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അവരോടും നല്ല നിലയിൽ പെരുമാറുക. എന്റെ പുരുഷൻ സത്യവാനാണ്, ആത്മാർത്ഥയുള്ളവനാണ്, ശുദ്ധമനസ്കനാണ്, എന്നെ കൂടാതെ മറ്റൊന്നിലും അത്യാഗ്രഹമില്ല എന്ന് സ്ത്രീകൾക്ക് ദൃഢവിശ്വാസം ഉണ്ടാകുകയാണെങ്കിൽ അങ്ങനെയുള്ള സ്ത്രീകൾക്ക് അന്യതാബോധം ഒരിക്കലും ഉണ്ടാകുന്നതല്ല.

(ഖുത്വുബ ജുമുഅ 23.3.88)

### സമൂഹത്തിലെ ഒരു വലിയ ദുഖം

ചില കുടുംബ കലഹങ്ങൾ കാണുമ്പോൾ വലിയ വിഷമം തോന്നുന്നു. പുരുഷൻ തന്റെ സ്ത്രീയോട് അക്രമം കാണിക്കുന്നു. വളരെ വൃത്തികെട്ട ഭാഷ ഉപയോഗിക്കുന്നു. തന്റെ ഭാര്യയിൽ ദുർഭാവന ചെയ്യുന്നു. അവരിൽ നിരർത്ഥകവും അവിശുദ്ധവുമായ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ യാതൊരു ലജ്ജയും കാണിക്കുന്നില്ല. തന്റെ സമൂഹത്തിന് എത്ര വലിയ ദുഖമാണ് നൽകുന്നതെന്നതിൽ അല്പം പോലും ഭയക്കുന്നില്ല. അവർ തങ്ങളുടെ ഭാര്യമാരുടെ അവകാശങ്ങൾ ധ്വംസിച്ചു കൊണ്ടിരിക്കുന്നു. പിന്നീട് തോന്നുമ്പോൾ ഒഴിവാക്കപ്പെട്ട തുണിയെപ്പോലെ എടുത്ത് പുറത്തേക്കെറിയുന്നു. അവർ കുട്ടികളെ പരിപാലിക്കുന്നു, വസ്ത്രങ്ങൾ തുന്നുന്നു, നാനാ തരത്തിലുള്ള പ്രയാസങ്ങൾ സഹിക്കുന്നു. അത്തരത്തിലുള്ള പുരുഷന്മാരിൽ മനുഷ്യത്വത്തിന്റെ ഒരംശവും കാണപ്പെടുന്നതല്ല. (ഖുത്വുബ ജുമുഅ, 12.11.82)

### ഭാര്യമാർക്ക് ശല്യമാകുന്ന ഭർത്താക്കന്മാർ

സ്വന്തം ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുക. ഭർത്താവിന്റെ പീഢനത്തിൽ ജീവിതം കഴിച്ചുകൂട്ടുന്ന ഭാര്യമാർ നിരാലംബരും അനിയന്ത്രിതരും ആകുന്നു. ഭർത്താവ് ദുസ്വഭാവിയാണെങ്കിൽ നിസാര കാര്യങ്ങളെ പോലും ശ്രദ്ധിക്കുന്നതല്ല. അസഭ്യം പറയുകയും, കുത്തുവാക്ക് പറഞ്ഞുകൊണ്ട് പാവത്തിന്റെ മാതാപിതാക്കൾക്കും പ്രയാസമുണ്ടാക്കുകയും, ഹൃദയഭേദകമായ വാക്കുകൾ പറഞ്ഞു കൊണ്ട് അവരുടെ മനസിനെ തകർക്കുകയും ചെയ്യുന്ന ഭർത്താക്കന്മാർ നിരന്തരമായി തന്റെ ഭാര്യക്ക് ശല്യമായിത്തീരുന്നതാണ്. (ചെറിയ പെരുന്നാൾ ഖുത്വുബ 1992)

### കൺകുളിർമ

വിശുദ്ധഖുർആൻ പറയുന്നു, രണ്ടു കൂട്ടരും പരസ്പരം കണ്ണിന് കുളിർമയാകാത്തിടത്തോളം സന്താനങ്ങളിലൂടെ തങ്ങൾക്ക് കൺകുളിർമ ലഭിക്കും എന്ന് പ്രത്യാശിക്കുന്നത് വെറുതെയാണ്. അതിൽ വളരെ ഗഹനമായ തത്വം പരാമർശിക്കപ്പെട്ടിരിക്കുന്നു. അതിന് മനുഷ്യമനശാസ്ത്രവുമായി ഗഹനമായ ബന്ധമുണ്ട്. യഥാർത്ഥത്തിൽ പരസ്പരം കണ്ണിന് കുളിർമ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന മാതാപിതാക്കളുടെ സന്താനങ്ങൾ എന്നും അവർക്കായി കണ്ണിന് കുളിർമയായിക്കൊണ്ടിരിക്കുന്നു. ശിക്ഷണത്തിൽ ഐക്യം കാണപ്പെടുന്നു. ഒരേയൊരു പ്രകൃതത്തിൽ കുട്ടികൾ പരിപാലിക്കപ്പെടുന്നു. പരസ്പരം യഥാർത്ഥ സ്നേഹം വെച്ചു പുലർത്തുന്ന, പരസ്പരം ആദരിക്കുന്ന, പരസ്പരം പരിഗണിക്കുന്ന, പരസ്പരം ആവശ്യങ്ങളെ ശ്രദ്ധിക്കുന്ന, നല്ല സ്വഭാവത്തോടെ പെരുമാറുന്ന മാതാപിതാക്കളുടെ സന്താനങ്ങളും തങ്ങളുടെ മാതാപിതാക്കളെ സ്നേഹിക്കുന്നവരായിത്തീരുന്നു. പരസ്പരം ഭേദമായ ബന്ധം സ്ഥാപിക്കുന്നു. അത്തരത്തിലുള്ള സന്താനങ്ങൾ മാതാപിതാക്കളുടെ കണ്ണിന് കുളിർമയായിത്തീരുന്നു.

(ഖുത്വുബ ജുമുഅ, 29.6.1990)

### പുരുഷന്മാർക്ക് ഭാരമാകുന്ന സ്ത്രീകൾ

ചില സ്ത്രീകളുടെ നാക്കിന് നീളം കൂടുതലാണ്. അവർ മോശമായ ശിക്ഷണവുമായാണ് വരുന്നത്. സന്താനങ്ങളെ നന്മയിൽ നിന്ന് പിൻതള്ളുന്നവരും, അവരുടെ തിന്മകളെ മറച്ചു വെക്കുന്നവരും, നന്മയിൽ നിന്ന് അവരെ തടയുന്നവരും ആകുന്നു. സ്വയം നമസ്കരിക്കുകയുമില്ല, നമസ്കരിക്കാൻ പറയുകയുമില്ല. ശുദ്ധവും അശുദ്ധവും തമ്മിലുള്ള വകഭേദവും ഇല്ല. ഭർത്താവിനെ ഒന്നിലും സഹായിക്കുകയുമില്ല. മറിച്ച് അയാളെ നന്മയിൽ നിന്ന് പുറംതള്ളി ക്കൊണ്ട് അയാൾക്ക് ഭാരമായി മാറുന്നു. ഭർത്താവ് അവരെ ഏറ്റിക്കൊണ്ട് നടക്കുകയും ചെയ്യുന്നു. ചിലർ അവരെ ഉപേക്ഷിക്കുന്നു. മറ്റ് ചിലർ ഉപേക്ഷിക്കുന്നില്ല. അവരുടെ സന്താനങ്ങൾ നശിക്കുന്നു. ഇത് സമൂഹ

ത്തിലെ ദുഖങ്ങളാകുന്നു. ഇതിൽ നിന്നെല്ലാം നാം മോചനം ആഗ്രഹിക്കുന്നു.

(ഖുത്വുബ ജുമുഅ, 12.11.82)

### കുട്ടികളുടെ മുന്നിൽ പരാതി പറയരുത്

അഥവാ ഏതെങ്കിലും മാതാവ് മനപ്പൂർവം തന്റെ കുട്ടികളുടെ മനസിൽ പിതാവിനെതിരിൽ വിദ്വേഷവും അനിഷ്ടവും സംജാതമാക്കുന്നുവെങ്കിൽ അവൾ വിശുദ്ധഖുർആന് കടകവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. അവർക്ക് തങ്ങളുടെ ദുഖങ്ങളും അസ്വസ്ഥതകളും തന്നിൽ മാത്രം ഒരുക്കേണ്ടതാണ്. കുട്ടികളിൽ പിതാവിനെതിരിൽ വിദ്വേഷത്തിന്റെ വികാരം സംജാതമാക്കുന്നതിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്. (ബഹ്റെ ഇർഫാൻ)

### ദുആ അറിഞ്ഞ് കൊണ്ട് ചെയ്യുക

*റബ്ബനാ ഹബ്ലനാ മിൻ അസ്വാജിനാ വ സുർരിയ്യാത്തിനാ ഖുർറത്ത അഅ്യുനിൻ വജഅൽനാ ലിൽ മുത്തഖീന ഇമാമാ* എന്ന ദുആ അതിന്റെ ഉള്ളടക്കത്തെ മനസ്സിലാക്കി കൊണ്ട് നിരന്തരമായി ചെയ്യുന്ന ശീലം ഉണ്ടാക്കിയെടുക്കുക. ഈ ദുആ തേടുമ്പോൾ തന്റെ ബന്ധങ്ങളുടെ അവസ്ഥ എന്താണെന്നതും വിശകലനം ചെയ്യുക. നിങ്ങൾ വാസ്തവത്തിൽ അതിൽ പരിവർത്തനം ഉണ്ടാക്കുന്നതിന് സന്നദ്ധനാണോ അല്ലേ, ആണെങ്കിൽ എന്ത് പരിശ്രമമാണ് ചെയ്യുന്നത് എന്ന ആത്മപരിശോധന നടത്തുക. ഇല്ലെങ്കിൽ പിന്നെ ഈ ദുആ എന്തിനാണ് ചെയ്യുന്നത്. ഈ ദുആക്ക് യാതൊരു യാഥാർത്ഥ്യവും ഇല്ല തന്നെ. അതിനാൽ ഇങ്ങനെയുള്ള തീക്ഷ്ണവും വിശാലവുമായ ദൃഷ്ടിയോടു കൂടി സത്യസന്ധമായി അവസ്ഥകളെ വിശകലനം ചെയ്തു കൊണ്ട് ഈ ദുആ മുഖേന തന്റെ സാമൂഹിക ബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും ഉത്തമമാക്കാൻ ശ്രമിക്കുകയാണെങ്കിൽ നിശ്ചയമായും ഈ ദുആയുടെ അനുഗ്രഹങ്ങൾ ആകാശത്ത് നിന്നും നിങ്ങളിൽ വർഷിക്കുന്നതാണ് ഭൂമി യിൽ നിന്നും മുളച്ചു വരുന്നതാണെന്നും നിങ്ങളുടെ ഭവനം നോക്കി നിൽക്കേ സ്വർഗത്തിന്റെ അടയാളമായി മാറുന്നതാണ് എന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്.

(ഖുത്വുബ ജുമുഅ: 6.7.90)

## മാതാപിതാക്കൾ മാതൃക കാണിക്കണം


മാതാപിതാക്കളുടെ സ്വഭാവങ്ങളിൽ ആരുടെതാണോ മോശമായിട്ടുള്ളത് അത് മക്കളിലേക്ക് പടരുന്നു. അങ്ങനെ രണ്ടു കൂട്ടരിൽ നിന്നുമുള്ള ന്യൂനതകൾ പിന്നീട് ഒരുമിച്ച് കൂടുന്നു. ചിലപ്പോൾ ആഘാതത്തിന് കാരണവുമാകുന്നു. അതിനാൽ വീടിന്റെ അന്തരീക്ഷത്തെ സ്വർഗമയമാക്കുന്നത് നിസാര കാര്യമല്ല. വളരെ സൂക്ഷ്മദൃഷ്ടിയോടു കൂടി ഇക്കാര്യങ്ങളെയും ഈ ബന്ധങ്ങളെയും കാണേണ്ടതാണ്. നിങ്ങളുടെ ഭവനം നിങ്ങൾക്കായി സ്വർഗമായി മാറിയോ ഇല്ലയോ, നിങ്ങളുടെ ഭർത്താവിനായി സ്വർഗമായി ത്തീർന്നോ ഇല്ലയോ, നിങ്ങളുടെ കുട്ടികൾ നിങ്ങളെ രണ്ടു പേരെയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ടോ ഇല്ലേ എന്നതിലാണ് അവസാന തീരുമാനം ഉണ്ടാകുക. പുരുഷനിൽ ന്യൂനതയുണ്ടെങ്കിൽ സ്ത്രീ പരമാവധി അതിനെ അവഗണിക്കുന്നുണ്ടോ ഇല്ലേ. എന്നാൽ ആ ന്യൂനതകളെ ദുരീകരിക്കുവാനായി നിശ്ചയമായും പരിശ്രമിക്കേണ്ടതാണ്. സത്യസന്ധവും പരിശുദ്ധവുമായ ആത്മാർത്ഥ ഉപദേശങ്ങളാൽ അവർ തങ്ങളുടെ ഭർത്താക്കന്മാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. അങ്ങനെയാണെങ്കിൽ നല്ലത്. അഥവാ ആദ്യത്തെ അവസ്ഥയാണെങ്കിൽ ആ സ്ത്രീ തന്റെ ഭാവിതലമുറയ്ക്ക് ശിക്ഷണം നൽകുന്നതിന് അർഹയല്ല. പുരുഷന്മാരുടേയും ഇതേ അവസ്ഥ തന്നെയാണ്. നബിതിരുമേനി(സ) പുരുഷന്മാരുടെ പേരെടുത്ത് പറയാതെ സ്ത്രീകളെ മാത്രമാണ് എടുത്തു പറഞ്ഞിട്ടുള്ളതെങ്കിൽ അതിൽ വളരെ ഗഹനമായ തത്വമുണ്ട്. എന്നാൽ വീട്ടിലെ സ്വർഗത്തെ നശിപ്പിക്കുന്നതിൽ നിശ്ചയമായും പുരുഷനും ഒരു വലിയ പങ്കുണ്ട്. തന്റെ സന്താനങ്ങളെ അതിൽ നിന്ന് രക്ഷിക്കേണ്ടത് സ്ത്രീകളുടെ ചുമതലയാണ്.

(പ്രഭാഷണം, 27.12.1991)

### പരസ്പര സ്നേഹവും കാരുണ്യവും

പുരുഷന്മാരെ പ്രത്യേകമായി അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞിട്ടുള്ളത് നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരിൽ നിന്ന് സംതൃപ്തി കരസ്ഥമാക്കുന്നതിനായിട്ടാണ് എന്നാണ്. ഇതിൽ നിന്ന് പെതുവിൽ ഒരു തെറ്റിദ്ധാരണ ഉടലെടുക്കുന്നു. സമൂഹത്തിൽ ആ തെറ്റിദ്ധാരണ കാണപ്പെടുന്നുമുണ്ട്. അതായത് പുരുഷന്മാരുടെ ജോലി സ്ത്രീകളിൽ നിന്ന് സംതൃപ്തി കരസ്ഥമാക്കുക എന്നതാണ്. സ്ത്രീകളുടെ ജോലി പുരുഷന്മാർക്ക് സംതൃപ്തി നൽകലാണ്. അതിനു ശേഷം മറ്റൊരു ഉത്തരവാദിത്വവുമില്ല. ഈ തെറ്റായ ചിന്താഗതിയെ ഇല്ലാതാക്കുന്നതിനായിട്ടാണ് ഉടൻ തന്നെ അല്ലാഹു പറഞ്ഞത്, **വ ജഅല ബൈനകും മവദ്ദത്തൻ വ റഹ്മത്തൻ.** അല്ലാഹു നിങ്ങളുടെ ഇടയിൽ ശക്തമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ബന്ധം സ്ഥാപിച്ചിരിക്കുന്നു. ഈ ബന്ധം രണ്ടു ഭാഗത്തു നിന്നും ഉള്ളതാണ്. **ബൈനകും** എന്നാണ് പറഞ്ഞിരിക്കുന്നത്. അത് അർത്ഥത്തെ കൂടുതൽ വിശാലമാക്കുന്നു. **ബൈനകുമാ** (നിങ്ങളുടെ രണ്ടു പേരുടെയും ഇടയിൽ) എന്ന് പറഞ്ഞില്ല. മറിച്ച് **ബൈനകും** എന്നാണ് പറഞ്ഞത്. അതായത് ഭാര്യഭർതൃബന്ധത്തിലൂടെ പിറക്കുന്ന കുട്ടികളും പരസ്പരം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ബന്ധങ്ങളിൽ ജീവിതം കഴിച്ചു കൂട്ടേണ്ടതാണ്. കുടുംബജീവിതത്തിൽ സ്നേഹവും കാരുണ്യവും സ്വായത്തമാക്കുക എന്ന് മുഴുവൻ സമൂഹത്തിനും അത് സന്ദേശം നൽകുന്നു. (ഖുത്വുബ ജുമുആ: 16.4.93)

**Love For All Hatred For None**



# ഭവനങ്ങളെ സ്വർഗ സമാനമാക്കുക

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ)

ഹദ്റത് മസീഹ് മൗഊദ്(അ) ൽ വിശ്വസിക്കുന്നുവെന്ന വാദം പുറപ്പെടുവിക്കുന്ന നമ്മിൽ വലിയ പരിവർത്തനം ഉണ്ടാക്കേണ്ടതാണ് എന്ന മഹത്തായ ഉത്തരവാദിത്വമാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ഭവനങ്ങളെയും സ്വർഗ സമാനമാക്കുക. അല്ലാഹു നമ്മോട് പ്രത്യാശിക്കുന്ന ഭയഭക്തി നമ്മുടെ ചുറ്റുപാടുകളിലും സംജാതമാക്കുക. ദൈവീക സുവാർത്തയെ നമ്മിൽ നിന്ന് ദൂരപ്പെടുത്തുന്ന ഒരു കർമവും തന്നെ നമ്മിൽ നിന്ന് വന്നു പോകാതിരിക്കട്ടെ. നമ്മിൽ ചുമതലപ്പെടുത്തിയിരിക്കുന്ന വലിയ ഉത്തരവാദിത്വമാണ്. ദുആയിൽ കൂടുതൽ ഊന്നൽ നൽകുക. കാരണം ഇന്ന് ഇസ്‌ലാമിക ലോകത്തിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റവും കൂടുതലായി അഹ്മദിയ്യ ജമാഅത്തിന് മേലാണ് ഉള്ളത്. (ഖുത്ബ ജുമുആ; 16.5.2003)

## സ്ത്രീയുടെ വ്യത്യസ്ത രൂപങ്ങൾ

സ്നേഹത്തിന്റെയും കൂറിന്റെയും ദീപം പ്രകാശിക്കുന്ന സ്ഥലമാണ് ഭവനം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്നേഹം കൊണ്ടാണ് വീട് കുടിയിരിക്കുക. മനുഷ്യന്റെ മുഴുവൻ ദിവസത്തെയും ക്ഷീണത്തെ അകറ്റുന്ന ഇടമാണ് വീട്. വീട് സ്നേഹം കൊണ്ടാണ് വളരുന്നതും പടരുന്നതും. ആ ഉദ്യാനത്തെ പച്ചളിപ്പുള്ളതായി നില നിർത്തുന്നതിൽ ഏറ്റവും കൂടുതൽ ത്യാഗം ചെയ്യുന്നത് സ്ത്രീകളാണ്. സ്ത്രീകളില്ലാതെ വീട് വീടാകില്ല. സ്ത്രീകളുടെ പല രൂപങ്ങളുണ്ട്. സ്ത്രീ മാതാവിന്റെ രൂപത്തിലാണെങ്കിൽ അവർ ഭാഗ്യവതികളാകുന്നു. കാരണം അവരെ സംബന്ധിച്ച് നബി തിരുമേനി (സ) പറഞ്ഞിരിക്കുന്നത് ' സ്വർഗം മാതാക്കളുടെ കാൽ ക്കീഴിലാണ്' എന്നാണ്. അഥവാ സ്ത്രീ മകളുടെ രൂപത്തിലാണെങ്കിൽ കാരുണ്യത്തിന് ഹേതുവാകുന്നു. സ്ത്രീ മരുമകളുടെ രൂപത്തിലാണെങ്കിൽ വീടിന്റെ അന്തസിനും സൽപേരിനും കാരണക്കാരിയാകുന്നു. അഥവാ സ്ത്രീ സഹോദരിയുടെ രൂപത്തിലാണെങ്കിൽ സഹോദരന്മാർക്ക് സമാധാനത്തിന്റെയും സംതൃപ്തിയുടെയും കാരണക്കാരിയാകുന്നു. അഥവാ സ്ത്രീ ഭാര്യയുടെ രൂപത്തിലാണെങ്കിൽ തന്റെ വീടിനെ സ്വർഗമാക്കി മാറ്റുന്നതിൽ വളരെ സുപ്രധാന പങ്ക് വഹിക്കുന്നു. അതായത് ലോകത്ത് അവർ തന്റെ ഭർത്താവിന് വേണ്ടി ഒരു സ്വർഗ സമാനമായി വീടിന് രൂപം നൽകുന്നു.

(അഹ്മദിയ്യ ഗസറ്റ്)

## വീടിനെ നരകമാക്കരുത്

നമ്മുടെ ലക്ഷ്യം എത്ര മഹത്തായതാണ്. നാം നമ്മുടെ വ്യക്തിഗത അഹംഭാവത്തെ പ്രശ്നങ്ങളുടെ പർവതമായി ചിത്രീകരിച്ചു കൊണ്ട് നിസാര വ്യർത്ഥ പ്രശ്നങ്ങളിൽ കുരുങ്ങി തന്റെ വീടിലെ ചെറിയ സ്വർഗത്തെ നരകമാക്കി കൊണ്ട് ജമാഅത്തിന്റെ പുരോഗതിയിൽ ഉചിതമായ പങ്ക് വഹിക്കുന്നതിന് പകരം വിപരീത പങ്ക് വഹിക്കുന്നവരായി മാറുന്നു.

(ഖുത്ബ ജുമുആ: 10.11.2006)

### നശിക്കാത്ത വീട്

**ഒരു സദ്‌വൃത്തയായ സ്ത്രീയുടെ പ്രഥമ അഭിലാഷം അല്ലാഹു തന്നിൽ തൃപ്തനായിരിക്കണം എന്നതാണ്. പിന്നീട് ഭർത്താവ് തൃപ്തനായിരിക്കണം. തന്റെ മക്കൾക്ക് നല്ല ശിക്ഷണം നൽകുക. ഖിലാഫത്തുമായി കൂറിന്റെ ബന്ധം സ്ഥാപിക്കുക. ഇവ സംജാതമാകുന്ന വീട് ഒരിക്കലും നശിക്കുന്നതല്ല.**

(പ്രഭാഷണം:5.4.2006, ജർമനി)

## പരസ്പരം ത്യാഗങ്ങൾ ചെയ്യുക

പ്രഥമമായി സ്ത്രീയും പുരുഷനും പരസ്പരം ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കുക. പരസ്പരമുള്ള അവകാശങ്ങളെ ശ്രദ്ധിക്കുക. പരസ്പരമുള്ള കടമകളെ പൂർത്തിയാക്കുക. തങ്ങളുടെ ഭവനങ്ങളെ സ്നേഹത്തിന്റെയും ഇഷ്ടത്തിന്റെയും തൊട്ടിലാക്കി മാറ്റുക. സന്താനങ്ങളുടെ അവകാശങ്ങൾ നിറവേറ്റുക. അവർക്ക് സമയം നൽകുക. അവരുടെ വിദ്യാഭ്യാസത്തിലും ശിക്ഷണത്തിലും ശ്രദ്ധ പതിപ്പിക്കുക. ധാരാളം ചെറിയ ചെറിയ കാര്യങ്ങൾ പുറത്ത് നിന്ന് പഠിച്ചുവരുന്നതിന് പകരമായി മാതാപിതാക്കൾ തന്നെ കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ടതാണ്. പരസ്പരം മറ്റുള്ളവരുടെ മാതാപിതാക്കളോടും സഹോദര സഹോദരിമാരോടും സ്നേഹബന്ധം സ്ഥാപിക്കുക. അവരു ടെ അവകാശങ്ങൾ നൽകുക. ഇത് സ്ത്രീകളുടെ മാത്രം കടമയല്ല. മറിച്ച് പുരുഷന്മാരുടെയും കൂടി ഉത്തരവാദിത്വമാകുന്നു. അത്തരത്തിൽ രൂപപ്പെടുന്ന സമൂഹം സ്നേഹത്തിന്റെയും മമതയുടെയും സൗഹൃദത്തിന്റെയും സമൂഹമായിരിക്കും.

(പ്രഭാഷണം: 23.8.2003,ജർമനി)

## കുടുംബനാഥന്റെ കടമകൾ

ഞങ്ങൾക്ക് പുറത്തുള്ള ഉത്തരവാദിത്വമാണുള്ളത്, ഞങ്ങൾക്ക് ഞങ്ങളുടെ കച്ചവടങ്ങളിൽ തൊഴിലുകളിൽ വ്യാപൃതരാകേണ്ടതുണ്ട്, അക്കാരണത്താൽ വീട്ടിലെ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ സാധ്യമല്ല. കുട്ടികളെ ശ്രദ്ധിക്കേണ്ട മുഴുവൻ ഉത്തരവാദിത്വവും സ്ത്രീകൾക്കാണ് എന്ന് ഇക്കാലത്ത് പൊതുവിൽ പുരുഷന്മാർ പറയുന്ന സമ്പ്രദായം കാണുന്നുണ്ട്. അവർ ഓർത്തു കൊള്ളുക, കുടുംബനാഥൻ എന്ന നിലയിൽ സ്വന്തം വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും, തന്റെ ഭാര്യയുടെ അവകാശങ്ങൾ നൽകേണ്ടതും, തന്റെ

മക്കളുടെ അവകാശങ്ങൾ പൂർത്തിയാക്കേണ്ടതും, പുരുഷന്റെ ഉത്തരവാദിത്വമാണ്. ഇടദിവസങ്ങളിലോ, ആഴ്ചയിലെ അവസാന ദിവസത്തിലോ അവർക്കായി സമയം നൽകുക, അവരോടൊപ്പം കുറച്ച് സമയം ചെലവഴിക്കുക. അവരെ പള്ളിയുമായി ബന്ധിപ്പിക്കുക, അവരെ ജമാഅത്തിന്റെ പരിപാടികളിൽ കൊണ്ടുവരിക, അവരോടൊപ്പം വിനോദ പരിപാടികൾ സംഘടിപ്പിക്കുക, അവരുടെ താൽപര്യങ്ങളെ പ്രോൽസാഹിപ്പിക്കുക, തൽഫലമായി അവർ അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചോദിക്കുന്നതാണ്. അപ്പോൾ അതിനെ പരിഹരിക്കാൻ ശ്രമിക്കുക. അപ്പോഴാണ് ഒരു കുടുംബനാഥനെന്ന സ്ഥാനം നിങ്ങൾക്ക് ലഭിക്കുക.

(ഖുത്വുബ ജുമുഅ: 2.7.2004)

## സ്ത്രീകളുടെ ആദരവും അന്തസും

നബിതിരുമേനി(സ) സ്ത്രീകളുടെ അന്തസും ആഭിജാത്യവും സ്ഥാപിക്കുന്നതിനായി 1400 വർഷങ്ങൾക്കു മുമ്പ് അതിമഹത്തായ അദ്ധ്യാപനം നൽകിക്കൊണ്ട് പറഞ്ഞു, സദ്വൃത്തരും സൽക്കർമികളുമായ സ്ത്രീകളുടെ കാൽക്കീഴിൽ സ്വർഗമുണ്ട്. സ്വർഗസമാനമായ സമൂഹം വാർത്തെടുക്കുന്നതിലും, നന്മയും ഭയഭക്തിയും വളർത്തിയെടുക്കുന്നതിലും സ്ത്രീകൾ സുപ്രധാനമായ പങ്കാണ് വഹിക്കുന്നത് എന്നതാണ് ഇതിലടങ്ങിയിരിക്കുന്ന സൂചന. കാരണം അവളുടെ മടിത്തട്ടിലാണ് കുട്ടികൾ വളരുന്നത്. നബി (സ) സ്ത്രീകളുടെ വികാരത്തെ മനസ്സിലാക്കി കൊണ്ട് സ്ത്രീകളെ ചില്ലായി വിശേഷിപ്പിച്ചിച്ചു കൊണ്ട് എപ്പോഴും അവരോട് മൃദുവായി സംസാരിക്കുവാനും സൗമ്യമായി പെരുമാറുന്നതിനുമുള്ള അദ്ധ്യാപനമാണ് നൽകിയിരിക്കുന്നത്. അവരെ അനാവശ്യമായി മർദിക്കുന്നതിൽ നിന്നും കഠിനമായി പെരുമാറുന്നതിൽ നിന്നും വിലക്കിയിരിക്കുന്നു.

(പ്രഭാഷണം: 29.7.2006, യുകെ)

## ഉള്ളതിൽ തൃപ്തിപ്പെടുക

ചിലപ്പോൾ ഭർത്താവിന്റെ അവസ്ഥ മോശമാകുന്നു, ജോലിയില്ലാതാകുന്നു, കച്ചവടത്തിൽ നഷ്ടം സംഭവിക്കുന്നു, സാമ്പത്തിക സ്ഥിതി മോശമാകുന്നു. അത്തരം അവസരങ്ങളിൽ ഭാര്യമാർ ബഹളം ഉണ്ടാക്കുന്നു. അവസ്ഥയിൽ പരിതപിക്കുന്നു, ഭർത്താവുമായി കലഹിക്കുന്നു, അവരെ ചീത്ത പറയുന്നു, പലതും ആവശ്യപ്പെടുന്നു. അതിന്റെ അനന്തരഫലം നല്ലതായിരിക്കില്ല. ഭർത്താവ് അല്പം ദുർബല പ്രകൃതക്കാരനാണെങ്കിൽ ഉടൻ തന്നെ ഭാര്യയുടെ ഇഷ്ടം പൂർത്തിയാക്കുന്നതിനായി കടം വാങ്ങുന്നു. പിന്നീട് കടത്തിന്റെ ചെളിക്കുണ്ടിൽ മുങ്ങിത്താഴ്ന്നു കൊണ്ടേയിരിക്കും. അത്തരം അവസരങ്ങളിൽ പൂർണ്ണ കൂറോടു കൂടി ഭർത്താവിനെ സഹായിക്കുകയും ഉള്ളതിനനുസരിച്ച് കഴിഞ്ഞു കൂടുകയുമാണ് വേണ്ടത്.

(പ്രഭാഷണം: 11.11.2004, ബെൽജിയം)

## പരസ്പരം നന്മകൾ അന്വേഷിക്കുക

ഭാര്യഭർത്താക്കന്മാർ പരസ്പരം നന്മകൾ അന്വേഷിക്കേണ്ടതാണ് എന്ന് ഉപദേശിച്ചു കൊണ്ട് നബി (സ) പറയുന്നത്, അഥവാ നിങ്ങളിൽ നിന്ന് ഒരു കൂട്ടർക്ക് മറുകൂട്ടരിൽ ന്യൂനത ദൃശ്യമാകുകയാണെങ്കിൽ, അല്ലെങ്കിൽ അവരുടെ മറ്റേതെങ്കിലും സ്വഭാവം ഇഷ്ടമല്ലെങ്കിൽ അവരുടെ മറ്റ് പല കാര്യങ്ങളും ഇഷ്ടപ്പെടുന്നത് ഉണ്ടാകുന്നതാണ്. അത്തരത്തിലുള്ള ഇഷ്ടപ്പെട്ട കാര്യങ്ങളെ പരിഗണിച്ചു കൊണ്ട് ത്യാഗത്തിന് മുൻഗണന നൽകിക്കൊണ്ട് അനുയോജ്യതയുടെ അന്തരീക്ഷം സംജാതമാക്കേണ്ടതാണ്. പരസ്പരം അനുരഞ്ജനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കേണ്ടതാണ്. ഇത് ഭാര്യ ഭർത്താക്കന്മാർക്കുള്ള ഉപദേശമാണ്. അഥവാ രണ്ടു പേരും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുകയും, എപ്പോഴും വീട്ടിൽ ഉടലെടുത്തു കൊണ്ടിരിക്കുന്ന നിസാര വഴക്കുകളും മറ്റും ഒഴിവാക്കുകയാണെങ്കിൽ കുട്ടികളും നശിക്കുന്നതല്ല.

(ഖുത്വുബ ജുമുഅ: 2.7.2004)

## വിവേകപൂർവ്വം പെരുമാറുക

ഏകദേശം 30-40 ശതമാനം പ്രശ്നങ്ങളും ബന്ധുവീട്ടുകാരാണ് വഷളാക്കുന്നത്. അതിലും പെൺകുട്ടികളുടെ മാതാപിതാക്കൾ അധികം ഉത്തരവാദികളായിരിക്കില്ല. ആൺകുട്ടികളുടെ മാതാപിതാക്കൾ തങ്ങളുടെ അധികാരത്തിന്റെ അവകാശം സ്ഥാപിക്കുന്നതിനായി പറയുന്ന ചില കാര്യങ്ങളിൽ പെൺകുട്ടി ദേഷ്യപ്പെട്ടു കൊണ്ട് സ്വന്തം വീട്ടിലേക്ക് മടങ്ങിപോകുന്നു. ഇതും തെറ്റായ രീതിയാണ്. ആൺകുട്ടികളുടെ ജോലി തങ്ങളുടെ മാതാപിതാക്കളെ സേവിക്കുക എന്നതാണ്. എന്നാൽ ഭാര്യമാരുടേയും ചില അവകാശങ്ങളുണ്ട്. അത് പൂർത്തിയാക്കുമ്പോൾ പൊതുവിൽ ഭാര്യമാർ ഭർത്താവിന്റെ മാതാപിതാക്കളെയും വളരെ നല്ല നിലയിൽ സേവിക്കുന്നതാണ്.

(ഖുത്വുബ ജുമുഅ:10.11.2006)

## സ്ത്രീകൾ വീടിന്റെ മേൽനോട്ടക്കാരി

സ്ത്രീകൾ തങ്ങളുടെ ഭർത്താവിന്റെ വീടിന്റെ മേൽനോട്ടക്കാരിയാകുന്നു. അതിന്റെ സംരക്ഷണം, ശുചിത്വം, വൃത്തി, അലങ്കാരം, വീട്ടിലെ വരവു ചെലവു കണക്കുകൾ നോക്കുക എന്നിവ ഭാര്യയുടെ ഉത്തരവാദിത്വമാണ്. ഭർത്താവ് വീട്ടിലെ ചെലവിലേക്കായി നൽകുന്ന തുകയിൽ ഒതുങ്ങി നിന്ന് വീട്ടിലേക്ക് ചെലവു ചെയ്യേണ്ടതാണ്.

(പ്രഭാഷണം: 5.1.2004, ന്യൂസിലാന്റ്)

## ഭയഭക്തിയുള്ള കുടുംബനാഥൻ

കുടുംബനാഥൻ എന്ന നിലയിൽ ഭയഭക്തിയുള്ളവനായിത്തീരുക എന്നതും പുരുഷന്റെ ഉത്തരവാദിത്വമാണ്. ➪➪➪

## സന്താന ശിക്ഷണം

ചിലപ്പോൾ ഒരാൾ കുട്ടികളുടെ മുന്നിൽ വെച്ച് തന്റെ ഭാര്യയോട് മോശമായി പെരുമാറുന്നു. അവളെ അപമാനിക്കുന്നു. അങ്ങനെയെങ്കിൽ ആദരവ് നിലനിൽക്കുന്നതല്ല. അതിനാൽ മാതാക്കളുടെ അന്തസ് നിലനിർത്തുവാനായി, തന്റെ മക്കളുടെ ശിക്ഷണത്തിനായി, തന്റെ ഭാര്യമാരെയും, തന്റെ മക്കളുടെ ഉമ്മമാരെയും ആദരിക്കുക. (ഖുത്വുബ ജുമുഅ: 13.10.2006)

47th JALSA SALANA UK 2013
FRIDAY-SATURDAY-SUNDAY 30th-31st AUGUST-1st SEPTEMBER 2013
ANNUAL CONVENTION AT HADEEQA-TUL-MAHDI

Jalsa Salana UK 2013




# ജൽസാ സാലാന യു.കെ 2013
## ആഗസ്റ്റ് 30, 31, സെപ്തംബർ 1
## (വെള്ളി, ശനി, ഞായർ)



## കാര്യപരിപാടികൾ

**ആഗസ്റ്റ് 30 (വെള്ളി)**

05:30 p.m: ജുമുഅ ഖുത്വുബ
08:55 p.m: പതാക ഉയർത്തൽ

**ഒന്നാം സെഷൻ**

09:00 p.m: തിലാവത്ത്, നസം,
**ഉദ്ഘാടനപ്രഭാഷണം, ദുആ**
**സയ്യിദ്നാ ഹദ്റത് അമീറുൽ മുഅ്മിനീൻ**
(അയ്യദഹുല്ലാഹ്)

**ആഗസ്റ്റ് 31 (ശനി)**

**രണ്ടാം സെഷൻ**

02:30 p.m: തിലാവത്ത്, നസം
02:50 p.m: പ്രഭാഷണം: മൗലവി അത്വാഉൽ മുഅ്മിൻ സാഹിബ് ശാഹിദ്, ഉസ്താദ്, ജാമിഅ അഹ്മദിയ്യാ, യു.കെ
**വിഷയം :** ഹദ്റത് മൗലാനാ ശേർ അലി സാഹിബ് (റ) ന്റെ ചരിത്രം
03:20 p.m: പ്രഭാഷണം: മൗലവി ജമീലുർ റഹ്മാൻ സാഹിബ് റഫീഖ്, പ്രിൻസിപ്പാൾ, ജാമിഅ അഹ്മദിയ്യാ, യുകെ
വിഷയം: **ദൈവസ്മരണ ഹൃദയശാന്തിക്കുള്ള മാർഗം**
03:50 p.m: പദ്യം
04:00 p.m: പ്രഭാഷണം : ഡോക്ടർ ഇഫ്തിഖാർ അഹ്മദ് അയാസ് സാഹിബ് ചെയർമാൻ ഹ്യൂമൻ റൈറ്റ്സ് കമ്മിറ്റി, യു.കെ
വിഷയം: **വിശുദ്ധഖുർആനെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്കുള്ള മറുപടി**
04:30 p.m: **(ലജ്നാ ജൽസാ ഗാഹ്)**
**പ്രഭാഷണം:**
**സയ്യിദ്നാ ഹദ്റത് അമീറുൽ മുഅ്മിനീൻ**
(അയ്യദഹുല്ലാഹ്)

**മൂന്നാം സെഷൻ**

07:30 p.m: തിലാവത്ത്, നസം, വിശിഷ്ട അതിഥികളുടെ പ്രസംഗങ്ങൾ
08:30 p.m: **പ്രഭാഷണം:**
**സയ്യിദ്നാ ഹദ്റത് അമീറുൽ മുഅ്മിനീൻ**
(അയ്യദഹുല്ലാഹ്)

**സെപ്തംബർ 01 (ഞായർ)**

**നാലാം സെഷൻ**

02:30 p.m: തിലാവത്ത്, നസം
02:50 p.m: പ്രഭാഷണം: മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് നാസിം ഇർശാദ് വഖ്ഫെ ജദീദ്, ഖാദിയാൻ
വിഷയം: **അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക**
03:20 p.m: പ്രഭാഷണം: മൗലവി സയ്യിദ് മുബശ്ശിർ അഹ്മദ് സാഹിബ് അയാസ്, റിസർച്ച് സെന്റർ റബ്‌വ
വിഷയം: **സഹാബാക്കൾക്ക് തിരുനബി (സ) യോടുണ്ടായിരുന്ന അനുരക്തി**
03:50 p.m: പദ്യം
04:00 p.m: പ്രഭാഷണം: മൗലാനാ അത്വാഉൽ മുജീബ് സാഹിബ് റാശിദ്, ഇമാം മസ്ജിദ് ഫള്ൽ, ലണ്ടൻ
വിഷയം: **ഹദ്റത് മസീഹ് മൗഊദ്(അ) ന് ഇസ്‌ലാമിക സേവനത്തിനുണ്ടായിരുന്ന അഭിവാഞ്ച**
04:30 p.m: പ്രഭാഷണം: ജനാബ് റഫീഖ് അഹ്മദ് സാഹിബ് ഹയാത്, അമീർ യു.കെ
വിഷയം: **അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടന്റെ നൂറ് വർഷങ്ങൾ**
05:00 p.m: വിളംബരങ്ങൾ, ആഗോള ബൈഅത്തിനുള്ള തയ്യാറെടുപ്പ്
05:30 p.m: **ആഗോള ബൈഅത്ത്**

**സമാപന സെഷൻ**

07:30 p.m: തിലാവത്ത്, നസം, വിശിഷ്ട അതിഥികളുടെ പ്രസംഗങ്ങൾ
08:30 p.m: തിലാവത്ത്, ഖസീദ, വിവർത്തനം, ഉർദു പദ്യം, വിദ്യാഭ്യാസ മേഖലയിലെ ഉന്നത വിജയികൾക്കുള്ള സമ്മാന വിതരണം, ഫാർസി കവിത, വിവർത്തനം

**സമാപന പ്രഭാഷണം**
**സയ്യിദ്നാ ഹദ്റത് അമീറുൽ മുഅ്മിനീൻ**
(അയ്യദഹുല്ലാഹ്)
**ദുആ**

---

⇨⇨⇨ഭയഭക്തിയുള്ള കുടംബത്തിന്റെ നാഥനാകുന്നതിനായി സ്വയം നമസ്കാരത്തിൽ കൃത്യനിഷ്ഠ കാണിക്കുക. രാത്രിയിൽ എഴുന്നേൽക്കുക. കുറഞ്ഞ പക്ഷം സുബ്ഹി നമസ്കാരത്തിനായെങ്കിലും എഴുന്നേൽക്കുക. തന്റെ ഭാര്യമക്കളെയും എഴുന്നേൽപ്പിക്കുക. ഇത്തരത്തിലുള്ള ആരാധനാശീലരാൽ നിറഞ്ഞ വീട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെയും കാരുണ്യങ്ങളെയും ആകർഷിക്കുന്നതായിരിക്കും. ദുആയോടൊപ്പം ഇതിനായി പരിശ്രമിക്കുമ്പോഴാണ് അതിൽ വിജയവും സഫലതയും ലഭ്യമാകുന്നതെന്ന് ഓർക്കേണ്ടതാണ്. കേവലം എഴുന്നേൽപ്പിച്ച് ചടങ്ങു തീർക്കലാകരുത്. മറിച്ച്, നിരന്തരമായി തനിക്ക് വേണ്ടിയും തന്റെ ഭാര്യക്കു വേണ്ടിയും ദുആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. (ഖുത്വുബ ജുമുഅ: 2.7.2004)

### സഹനം ഉത്തമ ഗുണം

സഹനവും ഒരു ഉത്തമ സ്വഭാവ ഗുണമാകുന്നു. അത് നിങ്ങളിൽ ഉടലെടുക്കുകയാണെങ്കിൽ പല കുടുംബകലഹങ്ങളും ഉണ്ടാകുന്നതല്ല. അയൽവാസികളോടും കുടുംബക്കാരോടും പ്രശ്നങ്ങളുണ്ടാകുന്നതല്ല. അതിനാൽ ക്ഷമാശീലം നിങ്ങളിലും നിങ്ങളുടെ സന്താനങ്ങളിലും വളർത്തിയെടുക്കുക. (പ്രഭാഷണം: 3.7.2004, കാനഡ)

### സിനിമകൾ

അതുപോലെ മോശവും മ്ലേഛവുമായ സിനിമകൾ കാണുന്നതും അതിൽ ഉൾപ്പെടുന്നു. അഥവാ നിങ്ങൾ വീട്ടിലിരുന്ന് കാണുകയാണെങ്കിൽ തനിച്ചാണെങ്കിലും ശരി അത് നിങ്ങളുടെ മനസിനോടൊപ്പം തന്നെ നിങ്ങളുടെ കുട്ടികളുടെ മനസിനേയും സ്വാധീനിക്കുന്നു. നിങ്ങളുടെ ശ്രദ്ധ അതിൽ തന്നെ മുഴുകുന്നതാണ്. തൽഫലമായി നിങ്ങൾക്ക് നന്മ ചെയ്യുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതല്ല. അങ്ങനെ സ്വന്തം മക്കൾക്ക് ശരിയായ നിലയിലുള്ള ശിക്ഷണം നൽകാൻ നിങ്ങൾക്ക് സാധിക്കില്ല. കാരണം ഞാൻ പറഞ്ഞതു പോലെ ഈ സിനിമകൾ നിങ്ങളുടെ ചിന്തകളെ ശിഥിലമാക്കുന്നു. അതിൽ നിന്ന് യാതൊരു ഗുണവും ലഭിക്കുന്നില്ല. (പ്രഭാഷണം: 3.7.2004, കാനഡ)

# എറണാകുളം ജില്ല ഇജ്തിമ




**എറണാകുളം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ല ഇജ്തിമ മസ്ജിദ് ഉമറിൽ വെച്ച് സൗത്ത് സോൺ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു. അഖിലേന്ത്യ നാഇബ് സദ്ർ സി. ശമീം സാഹിബ് ഇജ്തിമയുടെ ഉൽഘാടനം നിർവഹിച്ചു. മേഖല നാസിം അൻസാറുല്ലാഹ് ശാഹുൽ ഹമീദ് സാഹിബ്, മൗലവി ടി. എം. അബ്ദുൽ മുജീബ് സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിച്ചു.

തുടർന്ന് ഖുദ്ദാമിന്റെയും അത്ഫാലിന്റെയും വൈജ്ഞാനിക മൽസരങ്ങൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ സ്റ്റേജിൽ നടന്നു. ഉച്ചക്ക് ശേഷം നടന്ന വൈജ്ഞാനിക സദസ്സിൽ ജനാബ് പി.കെ. മുഹമ്മദ് ശരീഫ് സാഹിബ് റബ്‌വയുടെ സ്ഥാപന ത്തിൽ അഹ്മദിയ്യ ജമാഅത്ത് വഹിച്ച ത്യാഗങ്ങളെ കുറിച്ചും അതിന്റെ ചരിത്ര പശ്ചാത്തലത്തെ കുറിച്ചും വിവരിച്ചു. തുടർന്ന് എറണാകുളം ഖാഇദ് മുഹമ്മദ് എം.ഡി.എഫ് സാഹിബ് പുതുതായി തയ്യാറാക്കിയ എറണാകുളം ജില്ല ഖുദ്ദാമുൽ അഹ്മദിയ്യായുടെ ബ്ലോഗായ www.khuddamekmzila.in നെ പരിചയപ്പെടുത്തി.

# ഖുർആൻ വാരം

**അലനല്ലൂർ:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻ വാരം ആചരിച്ചു. മൗലവി എം.എ സൈനുൽ ആബിദീൻ, മൗലവി പി.യൂസുഫ്, മൗലവി ടി.മൻസിൽ, മൗലവി കെ. കമറുദ്ദീൻ തുടങ്ങിയവർ ഖുർആന്റെ അവതരണം, മഹാത്മ്യം, അനുഗ്രഹങ്ങൾ തുടങ്ങിയ വിഷയങ്ങൾ വിശദീകരിച്ച് സംസാരിച്ചു. ഖുർആൻ സംബന്ധമായി ക്വിസ് പരിപാടി സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ദിവസവും യോഗാനന്തരം മധുരം വിതരണം നടത്തുകയുണ്ടായി.

# അൻസാറുല്ലാഹ് എറണാകുളം മേഖല ഇജ്തിമ

**കാക്കനാട്:** മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖല ഇജ്തിമ ബൈത്തെ ത്വാഹിറിൽ വെച്ച് മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന നാസിം അൻസാറുല്ലാഹ് പി.പി.നാസിമുദ്ദീൻ സാഹിബ് ഉൽഘാടനം ചെയ്തു. മേഖല നാസിം പി.കെ.ശാഹുൽ ഹമീദ് സാഹിബ് ആമുഖഭാഷണം നടത്തി. മൗലവി എം.നാസിർ അഹ്മദ് മുബല്ലിഗ് ഇൻചാർജ് തർബിയ്യത്ത് ക്ലാസിന് നേതൃത്വം നൽകി. ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് ഇലാഖ ഖാഇദ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മേഖലാ അമീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ സമ്മാനദാനം നടന്നു. രാവിലെ മെഡിക്കൽ ക്യാമ്പോടു കൂടിയായിരുന്നു പരിപാടിക്ക് തുടക്കം കുറിച്ചത്. ഷുഗർ, പ്രഷർ, കൊളസ്ട്രോൾ എന്നിവ പരിശോധിച്ച് വേണ്ട നിർദേശങ്ങൾ നൽകുകയുണ്ടായി.



കൂടാളി ജമാഅത്ത് അംഗങ്ങൾ ശുചീകരണപ്രവർത്തനത്തിൽ

# വനവൽക്കരണം



**എറണാകുളം:** ഖുദ്ദാമുൽ അഹ്മദിയ്യ പ്രവർത്തകർ ഇ.എസ്.ഐ. ആശുപത്രി അങ്കണത്തിൽ വൃക്ഷത്തൈകൾ നടുകയുണ്ടായി. എറണാകുളം ഖാഇദ് സാഹിബിന്റെ ദുആയോടെ ആരംഭിച്ച പരിപാടിയിൽ ഖാദിംകൾ സജീവമായി പങ്കെടുത്തു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ വനവൽക്കരണ വാരവുമായി ബന്ധപ്പെട്ട് നേരത്തേ വൃക്ഷത്തൈ വിതരണം നടത്തിയിരുന്നു.


## എസ്.എസ്.എൽ.സി സമ്പൂർണ്ണ എ പ്ലസ്സ്



മുഹമ്മദ് ഫൈസാൻ
S/o വി.ടി.അബ്ദുല്ല
കോഴിക്കോട്



കാഹിൻ ശക്കീർ
S/o മുഹമ്മദ് റഫീഖ്
കോഴിക്കോട്



ഫർസാൻ ലത്തീഫ്
S/o സി.പി.അബ്ദുൽ ലത്തീഫ്
കോഴിക്കോട്

# മൈത്രി സമ്മേളനം

**മൈത്രി വിവിധ മത വീക്ഷണങ്ങളിൽ**




**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട മൈത്രീ സമ്മേളനം ദേശീയ ഉപമേലധ്യക്ഷൻ ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. വ്യത്യസ്ഥ മതപണ്ഢിതന്മാർ അവരവരുടെ മതവീക്ഷണങ്ങളിൽ മൈത്രിയെക്കുറിച്ച് പ്രസംഗിച്ചു. വിവിധ മത പണ്ഢിതന്മാരെ ഉൾപ്പെടുത്തി സംഘടിപ്പിക്കപ്പെട്ട പ്രസ്തുത സമ്മേളനം വിവിധമത വിശ്വാസികളുടെ സാന്നിധ്യത്താൽ സമ്പന്നമായിരുന്നു. വിവിധ മത വീക്ഷണത്തിലൂടെ മൗലവി സുൽത്താൻ നസീർ സാഹിബ്, ഡോ. വൈരി റവ. ഫാ ദർ ജയൻ തോമസ്, അരുൺ പ്രഭാകരൻ, സി.പി. ഷാ എന്നിവർ പ്രസംഗിച്ചു. മേഖല അമീർ ജനാബ് കെ.എം. അഹ്മദ് കോയ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ദേശീയ ഉപമേലധ്യക്ഷൻ മൗലാനാ ഉമർ സാഹിബ്, മാത്തോട്ടം ജമാഅത്ത് അമീർ പി.എം. ബശീർ സാഹിബ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദേശീയ സെക്രട്ടറി ഗുലാം അസിമുദ്ദീൻ സാഹിബ്, മൗലവി നാസിർ സാഹിബ്, അൻസാറുല്ലാഹ് മേഖല നാസിം റഫി അഹ്മദ് സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലാ ഖാഇദ് നസറുദ്ദീൻ സാഹിബ്, അൻസാറുല്ലാഹ് കോഴിക്കോട് സഈം ഡോ. സലാഹുദ്ദീൻ സാഹിബ്, കോഴിക്കോട് ഖാഇദ് അബ്ദുൽ ലത്തീഫ് സാഹിബ് എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു. സത്യദൂതൻ എഡിറ്റർ ഏ.എം സലീം സാഹിബ് ഉപസംഹാരപ്രസംഗം നിർവ്വഹിച്ചു. മൗലാനാ ഉമർ സാഹിബ് എച്ച്. എ യുടെ നേതൃത്വത്തിൽ നടന്ന മൗനപ്രാർത്ഥനയോടെ സമ്മേളനം അവസാനിച്ചു.



# പാലക്കാട് ഇജ്തിമ

**പാലക്കാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമ സെൻട്രൽ ഇലാഖാ ഖാഇദ് ടി.കെ.മുഷ്താഖ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ സദർ ജമാഅത്ത് താജുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു. പാലക്കാട് ഖാഇദ് ലിയാക്കത്ത് അലി സാഹിബ് സ്വാഗതഭാഷണം നടത്തി. മൗലവി മൻസിൽ സാഹിബ്, മൗലവി ഉസ്മാൻ സാഹിബ് എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.

സമാപന സമ്മേളനത്തിൽ പാലക്കാട് ഖാഇദ് അദ്ധ്യക്ഷം വഹിച്ചു. മൗലവി മൻസിൽ സാഹിബ്, താജുദ്ദീൻ സാഹിബ് എന്നിവർ സമ്മാനവിതരണം നടത്തി. മജ്‌ലിസിന്റെ വകയായി ഇലാഖാ ഖാഇദ് സാഹിബിന് ജമാഅത്ത് സദർ ഉപഹാരം നൽകുകയുണ്ടായി.



# അനുമോദിച്ചു

**മഞ്ചേരി:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 7ന് സംഘടിപ്പിച്ച രക്ഷാകർതൃദിനയോഗത്തിൽ പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും എൺപത് ശതമാനത്തിലധികം മാർക്കു നേടിയ കുട്ടികളെ അനുമോദിച്ചു.

പത്താം ക്ലാസ് പരീക്ഷയിൽ എല്ലാം വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച ഹെന്ന, പ്ലസ്ടൂ പരീക്ഷയിൽ 82% മാർക്കു ലഭിച്ച ഫാത്തിമ മുബാറക്ക്, 85% മാർക്കു ലഭിച്ച മുഹമ്മദ് റാഷിഖ് എന്നീ കുട്ടികളെയാണ് പ്രോത്സാഹന സമ്മാനങ്ങൾ നൽകി ആദരിച്ചത്.

ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ച ജമാഅത്ത് പ്രസിഡന്റ് പി.പി.ഹസ്സൻ കോയ സാഹിബ് ജ:മുല്ലക്കോയ തങ്ങൾ സാഹിബ്, മൗലവി നജ്മുദ്ദീൻ സാഹിബ് എന്നിവർ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും രക്ഷിതാക്കളെയും അഭിസംബോധനം ചെയ്തു സംസാരിച്ചു.


സിക്രട്ടറി തഅ്ലീം ജ: സാദിഖ് അഹ്മദ് സാഹിബും ജമാഅത്ത് പ്രസിഡന്റും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്തു.






**കണ്ണൂർ ജില്ലയുടെ ആഭിമുഖ്യത്തിൽ അത്ഫാലുകൾക്കായി നടത്തിയ പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കടലായി മജ്‌ലിസിലെ മുഹമ്മദ് റസൽ (10 വയസ്സിനു മുകളിൽ) തൽഹ നിസാം (10 വയസ്സിനു താഴെ)**

ആരോഗ്യം



# OSTEOPOROSIS
## (അസ്ഥിക്ഷയം)


Dr.അബ്ദുൽ ലതീഫ് സമീഅ്,
പാക്കിസ്ഥാൻ






## അസ്ഥികളുടെ സൃഷ്ടിപ്പ്

അസ്ഥി മനുഷ്യശരീരത്തിലെ ജീവനുള്ള ഒരു ഭാഗമാകുന്നു. അസ്ഥികൾ മനുഷ്യജനനത്തിന് മുൻപു തന്നെ രൂപപ്പെടാൻ തുടങ്ങുകയും ജനനത്തിന് ശേഷം 30 വർഷത്തോളം വളർന്നു കൊണ്ടിരിക്കുകയും ചെയ്യും. മനുഷ്യന്റെ അടിസ്ഥാന രൂപം ചെറിയ മൃദുല അസ്ഥികളാലാണ് നിർമിക്കപ്പെട്ടിരിക്കുന്നത്. അസ്ഥി രൂപപ്പെടുന്നതിനനുസരിച്ച് മനുഷ്യരൂപത്തിലും നിരന്തരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജീവിതകാലം മുഴുവനും അത് തുടർന്നു കൊണ്ടിരിക്കും. കുട്ടിക്കാലത്തും പ്രായപൂർത്തിയാകുന്ന കാലത്തുമാണ് ഇത് ശീഘ്രഗതിയിൽ സംഭവിക്കുക.

- **മനുഷ്യ ശരീരത്തിൽ കുറഞ്ഞത് 206 അസ്ഥികൾ കാണപ്പെടുന്നു. ഇത് സദാ തേഞ്ഞും രൂപപ്പെട്ടും കൊണ്ടിരിക്കുന്നു.**
- **ഓരോ വർഷവും ഏകദേശം 30% മനുഷ്യരൂപം പുതുക്കപ്പെടുന്നു.**




## അസ്ഥിക്ഷയത്തിനുള്ള ചില കാരണങ്ങൾ

ആമാശയത്തിന്റെയും കരളിന്റെയും നിത്യരോഗങ്ങൾ വിറ്റാമിൻ ഡിയെ കാര്യക്ഷമമാക്കുന്നതിനേയും അന്നനാളത്തിൽ നിന്ന് കാൽസ്യത്തെ വലിച്ചെടുക്കുന്നതിനേയും ബാധിക്കുന്നു. തൽഫലമായി അസ്ഥികൾ ദുർബലപ്പെടുന്നു.

മനുഷ്യശരിരത്തിലെ ഗ്രന്ഥികളുടെ പ്രവർത്തന വൈകല്യവും അസ്ഥിക്ഷയത്തിന് ഹേതുവാകുന്നു. അസ്ഥികളെ ബലവത്തായി നിലനിറുത്തുന്നതിന് പാരാതൈറോയ്ഡ് ഹോർമോൺ അനിവാര്യമാണ്. ഈ ഗ്രന്ഥി ധാരാളമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി അസ്ഥികളിൽ നിന്നും കാൽസ്യം വലിച്ചെടുത്ത് രക്തത്തിൽ കലർത്തുന്നു. അങ്ങനെ രക്തത്തിൽ കാൽസ്യത്തിന്റെ അളവ് വർദ്ധിക്കുന്നു. അത്തരം അവസരത്തിൽ അസ്ഥികൾ ദുർബലമാകുമെന്ന് മാത്രമല്ല മറിച്ച് അതിലെ മജ്ജയും നഷ്ടപ്പെടുന്നു.

## ലക്ഷണങ്ങൾ

അസ്ഥിക്ഷയരോഗം യാതൊരു ലക്ഷണവും പ്രകടമാക്കാതെ അസ്ഥികളെ നിരന്തരമായി ദുർബലമാക്കി കൊണ്ടിരിക്കും. തന്റെ പിൻഭാഗം ചാഞ്ഞതായും ഉയരം കുറഞ്ഞ് പോയതായും രോഗിക്ക് അനുഭവപ്പെടുന്നു. കാരണം നട്ടെല്ലിന്റെ കരുവിന്റെ ഉയരം കുറഞ്ഞ് കുറഞ്ഞ് വരുന്നു. അങ്ങനെ രോഗിയുടെ ഉയരം ഏതാനും വർഷങ്ങൾക്കുള്ളിൽ 2 മുതൽ 4 സെന്റീമീറ്റർ വരെ കുറയുന്നു. ഉയരം കുറയുന്നതിന്റെ ഫലമായി നെഞ്ചിലും വയറിലുമുള്ള വസ്തുക്കൾക്ക് സ്ഥലം ഇടുങ്ങുകയും തൽഫലമായി വയറ് പുറത്തേക്ക് ചാടിയതായും കുറച്ചു ഭക്ഷണം കഴിക്കുമ്പോൾ തന്നെ പെട്ടെന്ന് വയറ് നിറഞ്ഞതായും രോഗിക്ക് അനുഭവപ്പെടുന്നു. ശരീരത്തിലെ അസ്ഥികൾ വളരെ വേഗത്തിൽ ക്ഷയിച്ചു കൊണ്ടിരിക്കുകയും നിസ്സാര ക്ഷതത്താലോ അല്ലെങ്കിൽ നിത്യജോലിക്കിടയിലോ അത് പൊട്ടാൻ ഇടവരികയും ചെയ്യുന്നു. പ്രത്യേകിച്ച് കൈമുട്ടിലെ അസ്ഥികൾ, കൈക്കുഴയിലെ അസ്ഥികൾ, നട്ടെല്ല്, തോളെല്ല് വാരിയെല്ല് തുടങ്ങിയവ.

AL HAQ VOL :21, ISSUE: 08 AUGUST 2013

പൊതുവിജ്ഞാനം


# spider
## ചിലന്തി





ത്വാരിഖ് മഹ്മൂദ് സദ്രൂ

നിർമാണപ്രവർത്തനത്തിൽ മാത്രമല്ല, നിർമാണസാമഗ്രികൾ തയ്യാറാക്കുന്നതിനുള്ള കഴിവും ചിലന്തിക്കുണ്ട്. ഏകദേശം 32,000 തരത്തിലുള്ള ചിലന്തികൾ ലോകത്ത് കാണപ്പെടുന്നുണ്ട്. ചിലന്തിക്ക് എട്ട് കാലുകളാണ് ഉള്ളത്. ഓരോ കാലിനും ഏഴ് ഭാഗങ്ങളുണ്ട്. അതിന്റെ അവസാനത്തിൽ കൈപ്പത്തിയോ അല്ലെങ്കിൽ മുടി പോലുള്ള വസ്തുവോ ഉണ്ടാകുന്നു. അത് ചിലന്തിക്ക് മതിലുകളിലും മേൽക്കൂരകളിലും ചലിക്കുന്നതിന് സഹായകമാകുന്നു. ഈ വസ്തുക്കൾക്ക് വളരെ നിസാര ചലനം പോലും അനുഭവിച്ചറിയാനുള്ള കഴിവുണ്ട്. ചിലന്തി അഥവാ എവിടെയെങ്കിലും കുടുങ്ങുകയും പുറത്ത് കടക്കാൻ കഴിയാതെ വരികയും ചെയ്താൽ അത് തന്റെ രണ്ടോ മൂന്നോ കാലുകൾ അറുത്ത് മാറ്റിയും രക്ഷപ്പെടാൻ ശ്രമിക്കുന്നു.




ചില വിഭാഗത്തിലുള്ള ചിലന്തികൾ മാത്രമാണ് കുടുംബമായി കഴിയുന്നത്. എന്നാൽ അധിക ചിലന്തികളും ഒറ്റയ്ക്ക് കഴിയാനാണ് ഇഷ്ടപ്പെടുന്നത്. ഒരു മില്ലീമീറ്റർ മുതൽ 9 സെന്റീമീറ്റർ വരെയാണ് ചിലന്തികളുടെ വലുപ്പം. പൊതുവിൽ ചിലന്തികളുടെ തലയുടെ മുൻഭാഗത്ത് എട്ട് കണ്ണുകളുണ്ടാകുന്നു. വായുടെ ഒരു ദ്വാരവും ഉണ്ടാകുന്നു. അതിലൂടെ മറ്റ് ജീവികളുടെ ജൂസ് വലിച്ചെടുക്കുന്നു. തലയുടെ അടുത്തായി വിഷം ഉൽപാദിപ്പിക്കുന്ന ഗ്രന്ഥി സ്ഥിതിചെയ്യുന്നു. ഈ വിഷം ഒരു ചാലിലൂടെ പുറത്ത് വരുകയും മറ്റുള്ള ജീവികളെ കൊല്ലുകയോ പരിക്കേൽപ്പിക്കുകയോ ചെയ്യുന്നു.
അധിക ചിലന്തികൾക്കും നീണ്ട കാലം വരെ പട്ടിണി കിടക്കാൻ സാധിക്കുന്നതാണ്. ഒരു വിഭാഗത്തിന് ഏകദേശം 208 ദിവസം വരെ വിശപ്പ് സഹിക്കാനുള്ള കഴിവുണ്ട്.



ചിലന്തിയുടെ രക്തം നിറമില്ലാത്തതാണ്. അത് നാഢികളില്ലാതെ ശരീരത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. പെൺ ചിലന്തി മുട്ടയിടുന്നു. കുട്ടികൾ വളരെ വളരെ പെട്ടെന്ന് ചലിക്കാൻ പഠിക്കുകയും പെട്ടെന്ന് തന്നെ സ്വതന്ത്രജീവിതം നയിക്കാൻ തുടങ്ങുകയും ചെയ്യുന്നു. എല്ലാ ചിലന്തികളും വല നെയ്യില്ലെങ്കിലും എല്ലാവർക്കും വല നെയ്യുന്നതിനുള്ള ഭാഗം മൂന്ന് ജോഡികളായി ശരീരത്തിന്റെ പിൻഭാഗത്ത് ഉണ്ടായിരിക്കുന്നതാണ്. അതിൽ അനേകം സൂക്ഷ്മചാലുകൾ കാണപ്പെടുന്നു. അത് പ്രോട്ടീനുകളാൽ ഉൽപാദിപ്പിക്കപ്പെട്ട വസ്തുക്കൾ പുറം തള്ളുന്നു. ഈ വസ്തുക്കളാണ് പുറത്ത് വന്ന് നൂലിന്റെ രൂപം കൈക്കൊള്ളുന്നത്.

ചിലന്തി ചലിക്കുമ്പോൾ വഴിയിലെല്ലാം അതിന്റെ ശരീരവുമായി നിരന്തരം സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്ന നൂലിന്റെ ഒരു നീണ്ട വര പോലെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഒരിക്കൽ ഉണ്ടാക്കിയ വല എല്ലാക്കാലത്തും ഉപയോഗപ്പെടുന്നതല്ല. കാരണം വലയിലെ ഏതാനും നൂലുകൾ ഈർപ്പമുള്ളതോ പശയുള്ളതോ ആകുന്നു. അത് പിന്നീട് ഉണങ്ങി പാഴായിപ്പോകുന്നു. അതിനാൽ ചിലന്തി ആ നൂലുകളെയോ അല്ലെങ്കിൽ ചിലപ്പോൾ മുഴുവൻ വലയെയോ തന്നെ ഭക്ഷിക്കുന്നു. ആ വലയിലെ പ്രോട്ടീൻ ചിലന്തിയുടെ ഗ്രന്ഥികളിൽ എത്തി വീണ്ടും നൂലുൽപ്പാദിപ്പിക്കുന്നു.

ചിലന്തികളുടെ കണ്ണുകൾക്ക് അധികം കാഴ്ചശക്തിയില്ലെങ്കിലും അതിന്റെ കാലുകൾക്ക് ചെറിയ അനക്കം പോലും അനുഭവിച്ചറിയാനും ഇര എത്തരത്തിലുള്ളതാണെന്നും അതിന്റെ വലിപ്പമെന്താണെന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

Chairman Management & Editorial Board : C. Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut